പുസ്തകം ൪.                                        ലക്കം ൭, ൯.

# സഹൃദയ

## പ്രതിമാ സമക്ഷം

---

കാപ്പിൽ, കെ. പി. കേശവൻ,

മിന്നുമന്തിമരീചിവീചികൾ
പൊന്നുപൂശി നിന്നപ്പുറം.
ദേശതാരകനായകം "മദി-
രാശി" രാജിതനാമകം.
ലാലസിക്കുകയാണതിൻ നവ-
നീലരത്നപ്പതക്കമായ്,
രോമഹർഷം കതിരിടുന്നൊരു
കോമളാരമാഹീരകം.
ബാലമാരുതചാലിത തരു-
ജാലമർമ്മരരഞ്ജിതം.
പീതസൗരഭസാരസുന്ദര-
സൂനരാജിവിരാജിതം.
ചാരുചാമരലോല നിസ്രവ
നീരശീകരശീതളം.
സ്വച്ഛമപ്പുതു പൂവനമൊരു
കൊച്ചുനന്ദനമാണു താൻ.
അച്ഛമാം തൃണരാശി നീളവെ
പച്ചയിട്ടൊരാ ഭൂവിൽ ഞാൻ
മങ്ങി മങ്ങി മറയുമന്തി തൻ
ഭംഗി പാർത്തുകൊണ്ടെത്തവേ,
മിന്നിമിന്നിത്തിളങ്ങിമേൽക്കുമേൽ
മുന്നിലാ ശിലാവേദിയിൽ
അപ്രമേയ മഹാശയാവഹ-
സുപ്രതിമ മനോജ്ഞമായ്
നിശ്ചലം നിലകൊൾകയാണൊരു
സ്വച്ഛസത്യപ്രതിജ്ഞപോൽ............
എത്ര രമ്യമിതോർക്കിൽ നീതിതൻ
നിത്യസുസ്മൃതി കുഡ്മമോ?
വിശ്വവന്ദ്യധരാധി നായക
വിശ്രുതിദ്യുതി സദ്മമോ?
വഞ്ചിവൈഭവ വൈജയന്തി ത-
ന്നഞ്ചിതധ്വജ കാണ്ഡമോ?
"രാമരാജയുഗ" മുഖത്തിലെ
ഹേമദീപികാദണ്ഡമോ?
കർമ്മമേദിനി മാറിലേററിയ
ധർമ്മനിശ്ചയ ദാർഢ്യമോ?
സൽക്കലാബ്ധി കടഞ്ഞു പൊങ്ങിയ
പൊൽക്കലേശ്വര ബിംബമോ?
ചിന്തകൊണ്ടു ചെറുത്തു ചാഞ്ഞൊരു
ബന്ധുരേക്ഷണപാതവും,

വീരകർമ്മസമുൽകമാകിയ
ധീരഗംഭീരഭാവവും,
ഓതിടുന്ന യുഗം രചിച്ചൊരു
ഭൂതസംഭവഭൂതികൾ.
ശാക്യജൈനജനി പുതുക്കിയ
ദീർഘദർശനദക്ഷതേ,
വിട്ടിടാത്തൊരു ചഞ്ചലതയിൽ
കെട്ടിനിർത്തിയതെങ്കിലും,
മർത്ത്യലക്ഷത്തലമുറകളി-
ലെത്തി നോക്കുകയാണു നീ.
ശപ്തകോടികൾ തൻെറ കണ്ണിനു
ലബ്ധ നിർവ്വാണബിംബമേ,
പഞ്ചമിച്ചെറു പെൺകിടാങ്ങൾതൻ
കുഞ്ചിതാളകചാമരം
താണു വീണു തലോടി നിൻപദ-
രേണു നിത്യം തുടയ്ക്കണം.
മന്ദ്രഭാഷണ വൻകടലൊന്നു
നിന്നിരമ്പുന്ന മൂകതേ,
തിട്ടമത്തിരുമുൻപിൽ വാക്കുകൾ
മുട്ടിനില്പു മഹാശയർ.
ബുദ്ധശോഭമനിത്യതയിലെ
നിത്യത തൻ നിദർശമേ,
നില്ക്ക, നില്ക്ക, നവശുഭോദയ
പുഷ്കലോജ്ജ്വല ദൃശ്യമേ!!

ii

ദൂരെയഗ്ഗിരി കാനനങ്ങൾക്കു
ചോരച്ചെങ്കരരാജിയാൽ
പുത്തനാം തളിരിട്ടു മിന്നിച്ചു
ചിത്രഭാനു മറയവെ,
ശുഭ്രസുന്ദര ദീപഗോളക-
സുപ്രഭാഞ്ചിതമസ്ഥലം
എൻമിഴികൾ തിരിഞ്ഞിടത്തൊക്കെ
വെൺമതിയുദിപ്പിക്കയായ്,
അപ്രഭാസരിത്തിങ്കലാറാടി-
യത്ഭുതാഭനിതാരൊരാൾ
ചന്ദ്രകാന്തി ശകലമെന്നപോൽ
വന്നണയുന്നു മന്ദമായ്.
വേണി തൻെറ വിധാനവും നിജ-
വേഷഭേദവിശേഷവും
പേശിടുന്നു പുകഴ്ന്നൊരുത്തര-
ദേശഭൂസുരനെന്നിവൻ.

നീണ്ടു നീണ്ട മരുക്കൾ കാടുകൾ,
താണ്ടിയിദ്ദൂരഭൂവിൽ നീ.
എന്തു തേടി വന്നെത്തി വിപ്ലവ-
ചിന്ത താരിട്ടൊരാര്യതേ!
ശങ്ക വേണ്ട; ഹത നിശാചര-
സംഘനാം രഘുരാമനും
പാദദാസ പദമരുളിയ
ഘോരരക്ഷസ്സിനെജ്ജവം,
ലോലമെങ്കിലുമുഗ്രമാമൊരു
തൂലികാചലനത്തിനാൽ
കാൽക്കൽ വീഴ്ത്തിയ കൈക്കരുത്തൊരു
നോക്കു കാണുവാനെത്തിനീ.
ലോകശാന്തി വിഴുങ്ങിവീർക്കുന്ന
ഭീകരാന്ധ തമസ്സുകൾ
കത്തിനിന്നുകരണ്ടിട്ടും പ്രഭാ-
സത്ത കാണുവാനെത്തി നീ.
ധർമ്മസംസ്ഥിതിഹേതുവേച്ഛകൾ
ശർമ്മദായക മാക്കുമേ!!....
ഉള്ളുലച്ചു വികാരവീചിതൻ
തള്ളലിൻെറ തടങ്ങളിൽ
മുട്ടിമുട്ടിക്കുഴങ്ങുമാരണ-
നൊട്ടുദൂരമടക്കവേ.
വീർപ്പടഞ്ഞു തടഞ്ഞു നിന്നുപോയ്
കൂപ്പുകൈപ്പൂവുമായുടൻ-
നിർവൃതിക്കുളിർ തന്നിൽ മുങ്ങിയാ
നിർവ്വികാരത മുൻപവൻ
വീണുപിന്നെ നമസ്കരിക്കുക-
യാണു ഭക്തി പരായണൻ.

സ്വാൎത്ഥതതൻ ഫണം മെതിച്ചെഴ-
മാത്തിരുപദസീമയിൽ.
വൎണ്ണബന്ധ മുലഞ്ഞുലഞ്ഞാശ്രു
വന്നു വീഴുകയാണു താൻ.
ഘോരമാമുൽത്തുറുങ്കു ഭേദിച്ചു
പോരുവിൻമതാചാൎയ്യരേ.
ഭാരതോൎവ്വിയുണൎന്നു പോയ്, ധൎമ്മ-
ധീരഹസ്താവലംബയായ്,
ധൎമ്മവേഴ്ച പടയൊരുക്കുന്ന
കൎമ്മഭൂമിയിലിന്നിമേൽ
വേദസൂത്രമറയിലാക്കുമേ
ഭീതിരക്ഷയില്ലോൎക്കുവിൻ!!

ഉൾപ്രമോദമുലച്ചുലച്ചവ-
നപ്രതിമതന്നന്തികം
ഏറുചെന്നു സുധീശഫാലങ്ങ-
ളേറുമിന്നും പദങ്ങളിൽ,
താണുനിന്നു ജലം പകരുക-
യാണിതാരണസത്തമൻ.
ദേശകാലജനീതിവൈകൃത-
പാശബദ്ധമാമാഢ്യതേ,
ഇന്നിതോൎക്കിൽ നീയോൎത്തിടാത്തൊരു
ധന്യതൎപ്പണമാണുതാൻ.
ഈജ്ജലത്തിലപ്പൂൎവ്വപൈതൃക-
കജ്ജളം കഴുകുന്നു നീ.

പിന്നെയപ്പദപാംസുപാവന-
പുണ്യതീൎത്ഥമശേഷവു

9839

ശുദ്ധഹേമകമണ്ഡലുവതിൽ
ബദ്ധമാക്കി മഹാശയൻ,
സൎവ്വസൗഖ്യസമാനഭൂതികൾ
നിൎവ്വഹിച്ചു തെളിഞ്ഞപോൽ
ബദ്ധപാണിയായ് നിൽക്കയാണവ-
നൎദ്ധമീലിതലോചനൻ,
അപ്പദങ്ങളിലാത്മഭാവന-
യൎപ്പണം ചെയ്തു പോകുവാൻ
ഉണ്ടവനു മിഴിക്കടകളിൽ
ഉണ്ടു വെൺമണി മുത്തുകൾ.
വേദപാഠകത്താളിലൂറിയ
ഭേദചിന്താമഷികളും
അത്തിരുമുൻപിലാണ്ടു പോകയാ-
ലുദ്ധൃതാത്മപ്രകാശനായ്,
ശാന്തമദ്ദിവ്യതീൎത്ഥവാരിയു-
മേന്തി ഹാ! മടങ്ങുന്നവൻ!!

* * *

ചെല്ല, ചെല്ല, മഹാത്മ നിന്നിയു
മല്ലുമൂടിക്കിടപ്പതേ,
പങ്കമിപ്പുലരിക്കു പൂശുന്ന
ശങ്കരാചാൎയ്യഭൂമികൾ,
ചെന്നു കത്തിയൊലിച്ചിടട്ടെയാ-
മണ്ണിലിത്തീൎത്ഥധാരകൾ
മാറിടാത്ത കൊടും "സനാതന"
ച്ചേറടിച്ചു കഴുകുവാൻ!!

# എഴുത്തച്ഛൻെറ കിളി

സാഹിത്യശിരോമണി, പി. കെ. ഗോവിന്ദപ്പിള്ള ശാസ്ത്രി.

എഴുത്തച്ഛൻെറ കിളിയെപ്പററി പല ഊഹാപോഹങ്ങളും നടന്നു കഴിഞ്ഞിരിക്കുന്നു. ശുകമഹർഷിയെ ഓർത്താണെന്നും, വാല്മീകിയെ ശോകാകുലനാക്കിയ ബാണവിദ്ധമായ ക്രൗഞ്ചത്തെ സങ്കല്പിച്ചാണെന്നും, സരസ്വതിയുടെ കൈയ്യിലെ തത്തമ്മയെ നിനച്ചാണെന്നും, ഈശ്വരൻ ശുകസ്വരൂപത്തിൽ ആവിർഭവിച്ച് എഴുത്തച്ഛനു ജ്ഞാനോപദേശം ചെയ്തിരിക്കാമെന്നുള്ളതിനാൽ ആ സംഭവത്തെ ഉദ്ദേശിച്ചായിരിക്കണമെന്നും, അററം പററാതിരിക്കാൻ എടുത്ത കൗശലമാണെന്നും, അതൊന്നുമല്ല താൻ അർത്ഥമില്ലാതെ പുലമ്പുകയാണെന്നു കാണിക്കാനാണെന്നും മററും മററും പലവിധത്തിൽ ആ കിളിയെപ്പററി ഓരോരോ പണ്ഡിതന്മാർ അവരവരുടെ പ്രതിഭാവിലാസമനുസരിച്ച് പ്രതിപാദിച്ചുകാണുന്നുണ്ട്. അതുകൊണ്ട്, ആദ്യമായി പുരാണങ്ങളിൽ എങ്ങനെയെല്ലാം കവി കിളിയെ ദർശിക്കുന്നു എന്നു പരിശോധിക്കാം.

"ശ്രീ രാമനാമം പാടിവന്ന പൈങ്കിളി-
പ്പെണ്ണേ!
ശ്രീരാമചരിതം നീ ചൊല്ലീടു മടിയാതെ"
(അദ്ധ്യാത്മ-രാമായണം ബാലകാണ്ഡം.)

ഇവിടെ ശ്രീരാമനാമം പാടിസഞ്ചരിക്കുന്ന കിളിയെയാണ് കവി ആദ്യം കാണുന്നത്. ആ കിളി വന്ദ്യന്മാരെയെല്ലാം വന്ദിച്ചിട്ട് ശ്രീരാമസ്മൃതിയോടുകൂടി കഥ ആരംഭിക്കുന്നു. ഇവിടെ ശുകസ്വരൂപത്തിൽ ഭഗവാൻ ആവിർഭവിച്ചെന്നുള്ളതിനു പ്രസക്തിയില്ല ഇനിയും

"താർമകൾക്കൻപുള്ള തത്തേ വരി-
കെടോ
താമസശീലമകററണമാശു നീ"
(അയോദ്ധ്യാകാണ്ഡം)

ഈ രണ്ടുവരികളേപ്പററി ഒരു ചെറിയ വാദം ഒരിക്കൽ മലയാളരാജ്യത്തിൽ നടന്നതാണ്. താർമകൾ എന്ന പദം സരസ്വതിയെ ഉദ്ദേശിച്ചാണെന്നും, ലക്ഷ്മിയെ മാത്രം ഉദ്ദേശിച്ചാണെന്നും, അതല്ല രണ്ടുപേരെയുംകൂടി ഉദ്ദേശിച്ചാണെന്നും അന്നു വാദിച്ചിരുന്നു. എന്തായാലും എഴുത്തച്ഛൻെറ ഭാവനാലോകത്തിൽ സരസ്വതിയുടെ കിളിയും സഞ്ചരിക്കാറുണ്ടെന്ന്, അവിടത്തെ പ്രയോഗത്തിൽനിന്നും അനുമാനിക്കാം.

ആരണ്യകാണ്ഡത്തിൽ—

"ബാലികേ! ശുകകുലമൌലിമാലികേ!
ഗുണ-
ശാലിനി! ചാരുശീലേ! ചൊല്ലീടു
മടിയാതെ"

എന്നു കാണുന്നു. കിഷ്കിന്ധയിൽ—

*"ശാരികപ്പൈതലേ! ചാരുശീലേ—"

എന്നു മാത്രമേയുള്ളൂ. ഇവയിൽ നിന്നും ആ കിളി "ചാരുശീല" യാണെന്നു സിദ്ധമാകുന്നതേയുള്ളൂ. എന്നാൽ സുന്ദരകാണ്ഡം തുടങ്ങുന്നതു്—

"സകലശുകകുലവിമലതിലകിതക
ളേബരേ!
സാരസ്യപീയൂഷ സാരസർവ്വസ്വമേ!"

* പരമാർത്ഥത്തിൽ ശുകവും ശാരികയും ഒരു കിളിയല്ല. 'ശുകം' തത്തയും 'ശാരിക' മൈനയുമാണ്. "ആത്മനോ മുഖദോഷേണ ബദ്ധ്യന്തേ ശുകശാരികാഃ" എന്ന സുഭാഷിതപ്രയോഗം കാൺക. (Ed.)

എന്നാണ്. ഇവിടത്തെ കിളി "സാരസ്യപീയൂഷ സാരസർവ്വസ്വ" മത്രേ. അർത്ഥമില്ലാതെ പുലമ്പുകയാണെന്നു സമർത്ഥിക്കാനാണ് എഴുത്തച്ഛൻ കിളിയേ പ്രവേശിപ്പിച്ചതെന്നു പറയുന്നവരുടെ വാദം, പ്രസ്തുത വിശേഷണം കൊണ്ട് നിരവലംബമായിത്തീരുന്നു.

"കിളിമകളുമതിസരസമിങ്ങനെ ചൊന്നതു" എന്നാണ് സുന്ദരകാണ്ഡം അവസാനിക്കുന്നതും. സരസമായിട്ടു പറയുന്നതു് അർത്ഥമില്ലാതെയായിരിക്കയില്ലല്ലോ. യുദ്ധകാണ്ഡത്തിൽ പ്രത്യേകിച്ചൊന്നുമില്ല.

മഹാഭാരതം തുടങ്ങുന്നതു് "ശ്രീമയമായ രൂപം തേടുന്ന' പൈങ്കിളിപ്പെണ്ണാണ്. അതുവരുന്നതു്—

"മാമുനി ശ്രേഷ്ഠന്മാരാം ശൌനകാദികൾ മേവും
നൈമിശാരണ്യം തന്നിൽ—" നിന്നാണ്. സംഭവപർവത്തിൽ

"പാരാതെ പറയണമായതു കിളി-
പ്പെണ്ണേ!
ഭാരമില്ലേതും നിനക്കെപ്പേരുംപാഠ-
മല്ലോ'

സകല കഥകളും മനഃപാഠമാക്കിയ ശാരികയാണ്. ഒരു മഹാഭക്തയാണ് ഭീഷ്മപർവത്തിലെ ശാരിക. ദ്രോണപർവം തുടങ്ങുന്നതു്—

"പഞ്ചവർണ്ണക്കിളിപ്പെൺകിടാവേ! തെളി-
ഞ്ഞെൻചെവി രണ്ടും കുളുർക്കപ്പറക-
നീ'

എന്നാണ്. ഇവിടെ പ്രധാനമായി സൂചിപ്പിച്ചിരിക്കുന്നതു ശബ്ദമാധുര്യത്തെത്തന്നെ. സാധാരണ കിളികളേപ്പറ്റി വിചാരിക്കുമ്പോളെല്ലാം ശബ്ദമാധുര്യമാണ് നമ്മുടെ സ്മൃതിയിൽ മുന്നിട്ടു നില്ക്കുന്നതു്. 'പൈങ്കിളി സ്വനം, കിളിമൊഴി' മുതലായ ഏതു പ്രയോഗവും അതിനെത്തന്നെ സൂചിപ്പിക്കയും ചെയ്യുന്നു. കർണ്ണപർവത്തിലും ശബ്ദമാധുര്യത്തെ അനുസ്മരിച്ച്

"ശുകതരുണി! നിൻ വചന പീയൂഷ-
സുഖപാനമോദലഹരി കൊണ്ടു—
ഞാൻ"

എന്നാണു പറയുന്നതു്. സൗപ്തികത്തിൽ

"നാനാരസമയവാണീഗുണഗണ-
പാനാധിക സുഖജന ഹൃദയേ"

ആയിട്ടാണു കഥ ആരംഭിക്കുന്നതു്. രസവതിയും മാധുര്യവതിയും ആണ് തത്തയുടെ വാക്ക്. സ്ത്രീപർവ്വത്തിലെ തത്ത "നൽത്തേൻ മൊഴി"യാണ്. ആശ്രമവാസപർവ്വത്തിൽ' "സരസവചനേ്ന" പറയുകയാണു ചെയ്യുന്നതു്. മൗസലത്തിലും "മധുരമാംവണ്ണം" പറയാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെ മഹാഭാരതം 'ശില്പമായുരചെയ്തു' അവസാനിക്കുന്നു.

ഇനിയും ഭാഗവതത്തിലെ കിളിക്കു വല്ല വ്യത്യാസവുമുണ്ടോ എന്നു നോക്കാം. തുടങ്ങുന്നതു്.

"ആദിമൂലശ്രീ പരമാനന്ദസ്വരൂപതയിൽ
നി-
ന്നാദരാലുണർന്നിഴിഞ്ഞീടിനോരമൃതവും
പാനംചെയ്തനുദിനമാനന്ദിച്ചല-
സാതെ
മാനസപത്മത്തിങ്കൽ വാഴും പൈങ്കി-
ളിപ്പെണ്ണേ!"

എന്നാണ്. ഇവിടെ ഇതേവരെ വർണ്ണിക്കപ്പെട്ട കിളിയിൽനിന്നു വ്യത്യസ്തമാണ്. കിളി ബാഹ്യലോകത്തുള്ളതല്ല. മാനസപത്മത്തിൽ സ്ഥിതിചെയ്യുന്നവളാണ്.

ആ കിളി ജ്ഞാനസ്വരൂപിണിയും യോഗിനിയുമായിരിക്കുന്നു. ഒരു പക്ഷേ ഇതു്, മഹാഭാഗവതം കേവലം ചരിത്രമല്ലെന്നും ആദ്ധ്യാത്മികലോകത്തുണ്ടാകുന്ന സംഭവങ്ങളാണെന്നും സൂചിപ്പിക്കുമായിരിക്കാം. ചതുർത്ഥസ്കന്ധത്തിൽ

"ഭാഗവതാർത്ഥമറിഞ്ഞുകണ്ടീടുവാ-
നാഗമജ്ഞന്മാർക്കുമാവതല്ലെങ്കിലും"

അറിഞ്ഞപോലെ ചുരുക്കിപ്പറയാമെന്നാണു് ശാരിക പറയുന്നതു്. ഇവിടെ ശാരിക വിനയസുഭഗയാണെങ്കിലും ജ്ഞാനത്തിൽ വേദജ്ഞന്മാർക്കു തുല്യതന്നെയാണു്. പഞ്ചമസ്കന്ധത്തിലും 'അദ്ധ്യാത്മസാരം' ചൊല്ലുവാനാണു് കിളിയോടാവശ്യപ്പെടുന്നതു്. നവമസ്കന്ധത്തിൽ —

"ചിത്സ്വരൂപപ്രമാണം ഗുരുപ്രേരിതം
തത്ത്വമെൻചിത്തേ ദൃഢീകരിച്ചിന്നു ഞാൻ"

സ്വസ്ഥമായിട്ടാണു് തത്ത കഥ തുടങ്ങുന്നതു്. ദശമസ്കന്ധത്തിൽ

"കാരണധാമത്തിങ്കൽനിന്നഴിഞ്ഞിഴിഞ്ഞീടു-
മാരണാമൃതപാനം ചെയ്തുചെയ്തലസാതെ
പാരിതിൽ പരോപകാരായ സഞ്ചരിക്കുമ-
ത്യാരോമൽ കിളിപ്പെണ്ണാ"ണു്.

ഇതു് പ്രഥമസ്കന്ധത്തിലെ തത്തയുടെ ഒരു പ്രതിബിംബമായിരിക്കുന്നു. കൃഷ്ണകഥകളെ ആദ്ധ്യാത്മികമായിട്ടുകൂടി വ്യാഖ്യാനിക്കാമെന്നു് അതുകൊണ്ടു സൂചിപ്പിച്ചിരിക്കുന്നു. ഏകാദശസ്കന്ധത്തിലും ഏകദേശം ഈ രീതിതന്നെ—

"പരമജ്ഞാനാമൃതം പാനംചെയ്തലസാതെ
പരമാനന്ദമോടെ വസിക്കുംകിളിപ്പെ-ണ്ണേ"

ദ്വാദശസ്കന്ധത്തിങ്കൽ "ബാലേ! കിളിയെ! സുശീലേ! മഹാപുണ്യശാലിനി!" എന്നു സംബോധനചെയ്യുന്നു. അവിടത്തെ 'മഹാപുണ്യശാലിനി" എന്നുള്ളതു് അർത്ഥവത്താണു്. രാമായണം, മഹാഭാരതം, മഹാഭാഗവതം, എന്നു മൂന്നുപുരാണങ്ങളും പറഞ്ഞുകഴിഞ്ഞു. ശാരിക "മഹാപുണ്യശാലിനി" തന്നെയായിത്തീർന്നിരിക്കുന്നു. ഒടുവിൽ "കൈവല്യാനന്ദ"ത്തോടെ കിളിമകൾ വസിക്കുകയും ചെയ്യുന്നു.

ഇങ്ങനെ എഴുത്തച്ഛന്റെ കിളി ഭക്തിമതിയാണു്, ചേതോഹാരിണിയാണു്; സാരസ്യപീയൂഷ സാരസർവ്വസ്വമാണു്, അവളുടെ ശബ്ദമാധുര്യം അസാധാരണം. അവൾ ജ്ഞാനസ്വരൂപിണിയും യോഗിനിയും പരോപകാരിണിയും നിത്യസഞ്ചാരിണിയും അത്രേ. എഴുത്തച്ഛന്റെ ഭാവനയിൽ ഈ വിധമെല്ലാമായിത്തീരുന്നു.

ii

പുരാണങ്ങളിൽ കാണപ്പെടുന്ന കിളിയേപ്പറ്റിയാണു് മേലിൽ പ്രതിപാദിച്ചതു്. എന്നാൽ യാഥാർത്ഥത്തിൽ എഴുത്തച്ഛന്റെ കിളി ഏതാണു്?

കവിയുടെ ഭാവനയേ ഉദ്ദീപിപ്പിച്ച സംഭവം നമുക്കു പലപ്പോഴും അജ്ഞാതമായിരിക്കുന്നു. നിസ്സാരങ്ങളായ ചില വസ്തുക്കളിൽ നിന്നോ സംഭവങ്ങളിൽ നിന്നോ ആയിരിക്കും കവി ഉൽകൃഷ്ടങ്ങളായ തത്വങ്ങളെ ഉന്നയിക്കുന്നതു്. വംഗകവിയായിരുന്ന ചണ്ഡീദാസൻ താനും ഒരു രജകബാലികയും തമ്മിലുള്ള പ്രേമത്തിനു് ദിവ്യമായ ഒരു ഛായ കൊ

ട്ടത്തു്, അതിനേ വിശേഷാത്തരമായ രാധാകൃഷ്ണപ്രണയമായിച്ചമച്ചു. അതു് എത്രയും ഉൽകൃഷ്ടമായ ഒരു കാവ്യമായി വിദ്വജ്ജനങ്ങളാൽ ഇന്നും സമാദരിക്കപ്പെടുന്നു. ആംഗലമഹാകവിയായ വേഡ്സ് വർത്ത് (Wordsworth) എഴുതിയ ലീച്ച് ഗാദറർ (Leechgatherer) നോക്കുക. അട്ടകളേ (വ്രണങ്ങളിൽ കടിപ്പിക്കാൻ) പിടിച്ചു വിററുകാലം കഴിക്കുന്ന ഒരു മഹാവൃദ്ധനാണു നായകൻ. ഒന്നു രണ്ടു ക്രസ് ഉണ്ടെന്നുള്ളതു മാത്രമാണു് അയാളുടെ വൈശിഷ്ട്യം. എന്നാൽ, കവി എങ്ങനെയെല്ലാമാണു് ആ അട്ട പിടിത്തക്കാരൻ കിഴവനെ കാണുന്നതു്? തനിക്കു് ഉത്സാഹവും പ്രത്യാശയും നൽകാൻ ഈശ്വരൻ അയച്ച ഒരു ദൈവദൂതനായി — അദ്ദേഹത്തിൻെറ ഭാവനാനേത്രത്തിനു് ഗോചരനാകുന്നു. ഈ അവസരത്തിൽ മഹാകവി കുമാരനാശാൻെറ വീണപൂവിനേപ്പററി കേൾവിയുള്ള ഒരു കഥ സ്മർത്തവ്യമാണു്. ഒരിക്കൽ പ്രഭാതസമയത്തു് വള്ളത്തിൽ അദ്ദേഹം സഞ്ചരിക്കുകയായിരുന്നു. അപ്പോൾ നദീതീരത്തിലുള്ള ഒരു ഉന്നത വൃക്ഷത്തിൽ നിന്നു് ഒരു പുഷ്പം അടന്നു താഴെ വീണു. ആ നിസ്സാരസംഭവം മഹാകവിയേ വികാരതരളിതനാക്കി ഭാവനയെ ഇളക്കി. ഇതത്രേ 'വീണ പൂവി'ൻെറ ബീജം. എന്നാൽ ആശാൻെറ പ്രേമപാത്രവും, അകാലമൃത്യുവിനു് വശംവദയായവളും ആയ ഏതോ ഒരു യുവസുന്ദരിയേ സങ്കല്പിച്ചാണു് ഇതു രചിതമായതു് എന്നു വിശ്വസിക്കുന്ന പല സഹൃദയന്മാരും ഇന്നുണ്ടു്. കവി, തൻെറ ഭാവനാശക്തികൊണ്ടു് രമണീയമായ മറെറാരത്ഥംകൂടി വരുത്തുക മാത്രമാണു ചെയ്തിട്ടുള്ളതു്. ഏതു നിസ്സാരമായ വസ്തുവും സംഭവവും, കവികളുടെ അപ്പോഴത്തേ മനോഭാവവും ഭാവനാശക്തിയും അനുസരിച്ചു് വിശേഷാത്തരമായ കവിതയ്ക്കു ബീജമായിത്തീരുന്നതാണു് എന്നു് ഇത്രയും പറഞ്ഞതിൽനിന്നും സിദ്ധമാകുന്നു.

ഈ വെളിച്ചത്തിൽക്കൂടി നമുക്കു എഴുത്തച്ഛൻെറ കിളിയെ ഒന്നു സമീക്ഷിക്കാം. ശ്രീരാമായണം എഴുതുവാനുള്ള സങ്കല്പത്തോടു കൂടിയാണു് അദ്ദേഹം രാത്രിയിൽ കിടന്നതു്. അടുത്ത പ്രഭാതം എത്രയും ചേതോഹരമായിരുന്നു. സൂര്യദേവൻ പരമാത്മജ്ഞാനമഹസ്സാണെന്നു് അദ്ദേഹത്തിനു തോന്നുന്നു. അന്നത്തേ പൈങ്കിളികളുടെ കളനിസ്വനം വിശേഷാത്തരമാഹാത്മ്യമുള്ളതായി എഴുത്തച്ഛനു തോന്നുന്നു. ആ പക്ഷികളുടെ കൂട്ടത്തിൽ ശബ്ദമാധുര്യംവഴിഞ്ഞൊഴുകുന്ന ഒരു മനോഹരശാരികയേ കവി കണ്ടിരിക്കാം. *കാണാപാഠം പറയുന്നതിൽ വിദഗ്ദ്ധയാണല്ലോ ശാരികപ്പൈതൽ.

കേവലം ശുഷ്കഭാവനന്മാരായ സാധാരണക്കാരേയും വിഹഗഗീതം പലപ്പോഴും ആനന്ദിപ്പിക്കുന്ന സ്ഥിതിക്കു്, ഭാവനാചക്രവത്തിയും കവികുലകൂടസ്ഥനമായ എഴുത്തച്ഛനേ ആകർഷിച്ചതിൽ എന്താണത്ഭുതം! അദ്ദേഹം ചമൽകൃതനായി ഭാവനാസ്വർഗ്ഗത്തിലേയ്ക്കുയരുന്നു. താൻ മുമ്പിൽ കണ്ട സാധാരണ കിളി ബ്രഹ്മസദസ്സിൽ നിന്നും അഥവാ കൈലാസത്തിൽ നിന്നും അവിടെ നടക്കുന്ന ശ്രീരാമായണകഥാഗാനം മനഃപാഠമാക്കിക്കൊണ്ടു് വരികയാണെന്നു് അദ്ദേഹത്തിനു തോന്നുന്നു.

* ലേഖകൻെറ ഭാവന മാത്രമാണു് ഇവിടത്തെ പ്രമാണം. Ed.

"ശ്രീരാമനാമം പാടി വന്ന പൈങ്കിളിപ്പെണ്ണേ" എന്നു പറയുന്നതിന്റെ രഹസ്യമതായിരിക്കണം. പിന്നീടു ഒരിടത്തും അങ്ങനെ പറയുന്നില്ല. കഥ തുടരുന്നു. ആ പൈങ്കിളി ബാഹ്യലോകത്തുനിന്നും ക്രമേണ മറഞ്ഞിട്ട് അദ്ദേഹത്തിന്റെ ഭാവനാലോകത്തിൽ പ്രവേശിച്ച് അവിടെമാത്രം സംഗീതപീയൂഷം സദാ ചൊരിഞ്ഞു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ഭാവനാവിശേഷമനുസരിച്ച് ആ ശാരിക ചേതോഹാരിണിയും പീയൂഷവാണിയും ആയിത്തീരുന്നു. അതിമനോഹരമായ സുന്ദരകാണ്ഡം പറയുമ്പോൾ 'സാരസ്യപീയൂഷസാരസർവ്വസ്വ'മാകുന്നു.

മഹാഭാരതത്തിലെത്തുമ്പോൾ ആ കിളി നൈമിശാരണ്യത്തിൽനിന്നു സൂതൻ പറയുന്ന പുരാണ കഥകളേ മനപാഠമാക്കിക്കൊണ്ടാണു വരുന്നതു്.

ഭാഗവതം കഥ ആരംഭിയ്ക്കുമ്പോഴേയ്ക്കും എഴുത്തച്ഛൻ വൃദ്ധനാകുന്നു. ജ്ഞാനനിഷ്ഠയിലുംയോഗനിഷ്ഠയിലും അദ്ദേഹംകൂടുതൽ തൽപരനാകുന്നു. യോഗാഭ്യാസംമൂലം കുണ്ഡലിനീശക്തി ഉണരുകയും 'ഷഡാധാരപങ്കേരുഹ'ങ്ങൾ വികസിക്കയും സഹസ്രാരത്തിൽ നിന്നും അമൃതം ഒഴുകുകയും യോഗേശ്വരനായ മഹാകവി അതു് ആസ്വദിക്കയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിന്റെ കിളി—

"ആദിമൂലശ്രീ പരമാനന്ദസ്വാതയിൽ നിന്നാദരാലുണന്നിഴിഞ്ഞീടിനോ"രമൃതവും,
പാനംചെയ്തനുദിന മാനന്ദിച്ചു
മാനസാംബുജത്തിങ്കൽ വാഴും പൈങ്കിളിപ്പെണ്ണാണു്

ഭാഗവതത്തിൽ ആദ്യഭാഗത്തുള്ള—
"വേദമായീടുന്നോരു കല്പകവൃക്ഷത്തിന്റെ
മോദമാന്നേഴും ഫലമാദരപൂർവ്വം ഭക്ഷ്യാ
വീണിതു ശുകമുഖത്തിങ്കൽനിന്നുടൻഭൂവിലാനന്ദംവരുമാറു പീയൂഷദ്രവത്തോടും"

എന്ന പദ്യവും അദ്ദേഹത്തിന്റെ ഹൃദയത്തെ ചമത്കൃതമാക്കിയിരിക്കണം.

ഇങ്ങനെ നോക്കുമ്പോൾ, നാം സാധാരണ നിത്യവും കാണുന്ന പക്ഷിതന്നെയാണു് എഴുത്തച്ഛന്റെയും കിളി. * നവനവോന്മേഷശാലിനിയായ പ്രതിഭയുടെ ശക്തിവിശേഷംമൂലം അതു ദിവ്യവും ലോകൈക വിമോഹിനിയും ആയിത്തീർന്നു. അതുകൊണ്ടു് "അതായിരിക്കാം, ഇതായിരിക്കാം" എന്നിങ്ങനെ ഊഹപരമ്പരകളിൽ ഊഞ്ഞാലാട്ടുന്നതിനേക്കാൾ,* ഇതുപോലെ സഹജരീതിയിൽ ചിന്തിക്കുന്നതാണുത്തമമെന്നു് എനിക്കു തോന്നുന്നു. അങ്ങനെയായാൽ എഴുത്തച്ഛനിൽ ആരോപിതമായിരിക്കുന്ന ദിവ്യത്വത്തിനു് ഹാനി തട്ടുമെന്നു് പരിഭ്രമിക്കേണ്ട യാതൊരാവശ്യവുമില്ല. കേവലം നിസ്സാരവസ്തുവിൽനിന്നു് ദിവ്യതയിലേക്കുയരുന്ന ആ കവിസാർവ്വഭൗമന്റെ ഭാവനാവൈഭവം എത്രമാത്രം ദിവ്യമാണെന്നു് ഇതിനാൽ സുവ്യക്തമാകുന്നുണ്ടു്. അദ്ദേഹത്തിന്റെ കവിതയുടെ ദിവ്യഭാവത്തേപ്പററി വിസ്മരിക്കേണ്ട ആവശ്യമില്ല. എഴുത്തച്ഛനേക്കുറിച്ചുള്ള ഐതിഹ്യങ്ങളിലെങ്ങും, ഈശ്വരൻ ശുകരൂപത്തിൽ പ്രത്യക്ഷമായതായി കാണുന്നില്ല. ഈശ്വരൻ ശുകരൂപത്തിൽ പ്രത്യക്ഷമായാൽ മാത്രമേ അദ്ദേഹം ദിവ്യനാകുകയുള്ളെങ്കിൽ അദ്ദേഹം ദിവ്യനാകാതെ തന്നെയിരിക്കട്ടെ!!

ഒന്നുകൂടി സൂക്ഷിച്ചുനോക്കിയാൽ എഴുത്തച്ഛനും കിളിയും ഒന്നാകുന്നതായി മിക്കസ്ഥലത്തും കാണാം. യഥാർത്ഥത്തിൽ ആ കിളി എഴുത്തച്ഛൻ തന്നെയാണു്; മററാരുമല്ല.

* ഇങ്ങനെയുള്ള ഊഹദോളകളിൽ ഒന്നിലാണു് ലേഖകനും ആടുന്നതു്. Ed.

# ആ പൂമ്പാററ

(തിക്കുറിശ്ശി സുകുമാരൻ നായർ)

ആ ചിത്രശലഭത്തെക്കാണുമ്പൊളെല്ലാമനിർ-
വാച്യമാമാനന്ദനിർവൃതിക്കൊള്ളുന്നെന്മനം.
  എത്രയോ പച്ചച്ചെടിപ്പടർപ്പിൻ പടലങ്ങ-
ളെത്രയും മെച്ചപ്പെട്ട പിച്ചകപ്പൂവനങ്ങൾ
തൈമണിക്കാററിൽ തത്തിക്കളിക്കുമിളം തളി-
രോമനിച്ചീടുന്നൊരു മഞ്ജുളനികുഞ്ജങ്ങൾ
എന്നല്ല, മുരടിച്ച മുൾച്ചെടിപ്പടർപ്പുക-
ളൊന്നിനുമുതകാത്ത പാഴ്മണൽപ്പരപ്പുകൾ
എത്തിനോക്കുവാൻപോലുമൊക്കാത്ത ഭയങ്കര-
ഗർത്തങ്ങൾ—മരണത്തിൻ നർത്തനസങ്കേതങ്ങൾ
ഒക്കെയുമൊരുപോലെ, കടന്നു കടന്നു ഞാ-
നക്കൊച്ചുപൂമ്പാററതൻ പിമ്പിലായ് വെമ്പിച്ചെന്നേൻ.
  തൂവെള്ളവിഹായസ്സിൽ വിഹരിപ്പൊരു ചാരു-
വാർവെള്ളി നക്ഷത്രത്തിൻ കാന്തിയാണതിൻ രൂപം.
കൊച്ചലക്കൈകൾകൊണ്ടു താളമിട്ടൊഴുകുന്ന
സ്വച്ഛനിർഝരി പാടും സ്വച്ഛന്ദഗീതത്തെക്കാൾ
മധുരം, മധുരമമ്മഴവില്ലൊളി ചിന്നും
മഞ്ജുളാകാരത്തിൻെറ മധുനിഷ്യന്ദാലാപം
ആ മേനിപ്രഭ കാണ്മാൻ, ആ മൃദുസ്വരം കേൾപ്പാ-
നാണതിൻ പിന്നിൽക്കൂടിയോടി ഞാനന്നുദിനം
എന്നഭീഷ്ടത്തിൻ ഫലസിദ്ധിയുണ്ടായെന്നാലു-
മിന്നുമാ നൈരാശ്യത്തിൻ നേരിയ നിഴലാട്ടം
എന്മുഖത്തല്പാല്പമായ് കണ്ടിടാമതെൻ ഭാവി-
നന്മയിൽക്കരിവാരിപ്പൂരട്ടിക്കഴിഞ്ഞുപോയ്.
  സങ്കടം തങ്ങാതുള്ളൊരത്തങ്കക്കിനാവിനെ-
യെങ്കരക്കുമ്പിൾക്കുള്ളിലൊതുക്കാൻ കൊതിച്ചു ഞാൻ
അഞ്ചിതപ്രഭാപൂരരഞ്ജിതമാകുന്ന നിൻ
പൂഞ്ചിറകുകൾ മെല്ലെത്തൊട്ടിടാൻ തുനിയുമ്പോൾ

ജീവചരിത്രപംക്തി

# ബർണാർഡ്ഷാ

(സി. കെ. മാധവൻപിള്ള)

I

അഖിലലോകപ്രശസ്തി നേടി ഇന്നും ജീവിച്ചിരിപ്പുള്ള ഏതാനും സാഹിത്യസമ്പന്നന്മാരിൽ കുബേരനത്രേ ജാർജ്ജ് ബർണാർഡ്ഷാ. ഫലിതത്തിനും പാണ്ഡിത്യത്തിനും ഒരു ഭണ്ഡാഗാരമായി, കക്കശതക്കപ്രഗല്ഭനായ ഒരു പ്രസംഗകനായി, സംഭാഷണ ചതുരനായി, തത്തുല്യനായ മറെറാരു മഹാനെ കണ്ടു കിട്ടുമെന്നു തോന്നുന്നില്ല. സാഹിത്യം, സമുദായം, കല എന്നിവയിൽ ഷാ സമാജ്ജിച്ചിട്ടുള്ള വിജ്ഞാനം വിശ്രുതമാണ്.

'അടിക്കു് ഇടി' എന്ന കണക്കിനുള്ള ചില 'മുറട്ടു' ചോദ്യങ്ങൾക്കുള്ള അദ്ദേഹത്തിൻെറ പ്രത്യുത്തരങ്ങൾ വളരെപ്പേക്കും അറിവുള്ളവയാണ്. ഈ 'അതിമാനുഷസാഹിത്യകാര'ൻെറ കൃതികൾ ലോകത്തിലുള്ള എല്ലാ വായനശാലകളിലും മിക്ക ഭവനങ്ങളിലും കാണാതിരിക്കയില്ല. മഹാകവി ഷേക്സ്പീയരുടെ ചിത്രം കാണുന്നതു് അദ്ദേഹത്തിൻെറ കവിതകളാസ്വദിക്കുന്നതിനു നമ്മുടെ അഭിരുചി വദ്ധിപ്പിക്കുമെങ്കിൽ, ബർണാർഡ്ഷായുടെ രൂപം അദ്ദേഹത്തിൻെറ കൃതികൾക്കുള്ള രസികതയെ ദ്വിഗുണീഭവിപ്പിക്കും.

ഷായുടെ ജീവിത സംഭവങ്ങളെ വളരെ വേഗം പറഞ്ഞുതീക്കാം.

1856 ജൂലൈ 26-ാനു- ഡബ്ളിനിൽ അദ്ദേഹം ജനിച്ചു. കിച്ച്നർ പ്രഭു

---

എന്തിനെന്നറിഞ്ഞില്ല, തറെറന്നു തെറിച്ചതെ-
ന്നന്തികത്തിൽ നിന്നേറെ ദൂരത്തായ് പറന്നുപോം.
ദുസ്സഹനീയമായുള്ള ത്തലിന്നടിത്തട്ടിൽ
നിസ്സഹായനായ് മുട്ടിയപ്പൊഴേ മൂർച്ഛിക്കും ഞാൻ.
എത്രയോ നാളായി ഞാൻ കണ്ടിട്ടത്തേജോമയ-
ഗാത്രത്തെയെന്നോമന പ്രണയസർവ്വസ്വത്തേ.
എങ്കിലുമെനിക്കില്ല തെല്ലമൊരഭിലാഷ-
മെൻകണ്ണുകളിൽ നിന്നൊരശ്രുനീർ പൊഴിക്കുവാൻ.
ഏതൊരു മലക്കാവിലേതൊരു മരുഭൂവി-
ലേതൊരു മലയ്ക്കുള്ളിലാണതു ഗമിച്ചുവോ?
അഥവാ,യതിൻ പൂവൽമേനിയിലാശാവശം-
വദരായാരാനും കണ്ടതിനെപ്പിടിച്ചുവോ,
പോകട്ടെ, പോകട്ടതിൻ സ്വൈരസഞ്ചാരത്തിനു
ഞാനൊരു വിഘാതമായ്ത്തീരാതെയിരിക്കട്ടെ!.........

ജോർജ്റസ്സൽ എഡ്വേർഡ് കാർസൺ, മുതലായ സ്മര്യപുരുഷന്മാർ അദ്ദേഹത്തിൻെറ സമകാലികരാണ്. 1689ൽ ഹാംപ്ഷയറിൽനിന്നു സ്കോട്ട്ലണ്ടിലേക്കു താമസം മാററിപ്പോന്ന കാപ്ററൻവില്യം ഷാ എന്ന ഒരാളിൻെറ അനന്തരഗാമിയായി പ്രോട്ടസ്റ്റൻറ് കുടുംബത്തിലാണ് ഷാ ജാതനായത്. അദ്ദേഹത്തിൻെറ ബഹുമാന്യ പിതാവ് ഒരു സിവിൽ ഉദ്യോഗസ്ഥനായിരുന്ന ജോർജ് കാർഷാ ആയിരുന്നു. കാർഷാ അസ്ഥിരസ്വഭാവിയും ഫലിതക്കാരനും ആയിരുന്നതായറിയുന്നു. ജീവിതത്തിൻെറ അന്ത്യഘട്ടംവരെ അദ്ദേഹം മദ്യം സേവിച്ചിരുന്നു. എന്നാൽ അവസാനം ആ ലഹരി സാധനം തീരെ വജ്ജിക്കയാണുണ്ടായത്. സംഗീതത്തിൽ വളരെ ആസക്തിയുണ്ടായിരുന്നതിനാലായിരിക്കാം അദ്ദേഹം ട്രാംബോൺ വായിക്കാൻ സമത്ഥനായത്. പിതാവിൻെറ ഈ സംഗീതവാസന ഏറെക്കുറെ പുത്രനിൽ നിഴലിച്ചിട്ടുണ്ട്.

ഗവൺമെൻറ് സർവ്വീസിൽനിന്നു അനുവത്സരം അറുപതു പവൻ ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ കാർഷാ വിൽക്കുകയും ആ തുക കൊണ്ടു് മാവുപൊടി വ്യാപാരം തുടങ്ങുകയും ചെയ്തു. 60-ാമത്തെ വയസ്സിലാണ് കാർഷാ 'ലൂസിൻഡാ' എലിസബത്തിനെ വിവാഹം കഴിച്ചതു്. അനസൂയയും അനഹങ്കാരിയും ആയിരുന്നു ആ സാധ്വസ്ത്രീ. ലൂസിൻഡാ മൂന്നു പ്രസവിച്ചു—രണ്ടു പെൺകുട്ടികളും ആൺകുട്ടിയായ ബർണാർഡും. ബർണാർഡാണ് ഇളയവൻ. ഭത്താവിൻെറ മദ്യപാനാസക്തി ലൂസിൻഡായെ വളരെ വിഷമിപ്പിച്ചുവെങ്കിലും അവർ സ്വയം ഒരു പ്രത്യേക ജീവിതരീതി അവലംബിച്ചു കഴിഞ്ഞുകൂടി. തൻെറ ജനനിയെപ്പററി ഷാ പറയുന്നതു നോക്കുക.

"ആ മാന്യയെ ഒരു ദുഷ്ടമാതാവെന്നോ, കെല്പില്ലാത്ത ഭായ്യയെന്നോ പറയുന്നത് അപരാധമായിരിക്കും. എന്തെന്നാൽ അവർ ഗുണവതിയായ അമ്മയും ആരോടും കൃപകേടു കാണിക്കാത്തവരും ആയിരുന്നു. അതേ, അവരെ എങ്ങനെയൊക്കെ ഉപദ്രവിച്ചാലും നിരാശപ്പെടുത്തിയാലും യാതൊരു ജീവിയോടും പ്രതികൂലമായി പെരുമാറിയിട്ടില്ല. ആ മഹതി വെറും നാമമാത്ര ഭായ്യയോ അമ്മയോ അല്ല. കുഞ്ഞുങ്ങളായ ഞങ്ങൾക്കു വീട്ടിൽ അളവററ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു."

ഷായുടെ മാതാവിൻെറ ശബ്ദമാധുരി അവരെ 'ലീ'യെന്ന ഭാഗവതരുമായുള്ള പരിചയത്തിന്നിടയാക്കിത്തീർത്തു. അദ്ദേഹം അവരുടെ വീട്ടിൽ ഒരു ചെറിയ സംഗീതസദസ്സ് സ്ഥാപിക്കയും തൻമൂലം പണസംബന്ധമായ അല്പം ചില കുഴപ്പങ്ങൾക്കു നിവാരണം വരുത്തുകയും ചെയ്തു. ചില നാടകങ്ങളും ഇവിടെവച്ചു് അഭിനയിച്ചിട്ടുണ്ടു്. ബർണാർഡിനു അപ്പോൾ പതിനഞ്ചു വയസ്സായിരുന്നു. സുപ്രസിദ്ധഗായകന്മാരായ Handel, Beethoven മുതലായവരുടെ ഗാനങ്ങൾ ഇതിനിടയിൽ അദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. പ്രോട്ടസ്റ്റൻറ് മതാവലംബിയായിരുന്ന ബർണാർഡ്. തൻെറ സമുദായത്തിൽ അന്നു സാധാരണമായിരുന്ന താന്തോന്നിത്തം, ആത്മാത്ഥതാരാഹിത്യം സ്വകാര്യതൽപരത മുതലായ കുറവുകൾ അദ്ദേഹത്തെ ഒരു സമുദായവൈരി

യാക്കാൻ പര്യാപ്തങ്ങളായി. അദ്ദേഹത്തിന്ന മതത്തോടും വൈരസ്യമുണ്ടായിരുന്നു. ഈ മനോഭാവം അദ്ദേഹം തുറന്നു സമ്മതിക്കുന്ന "മതം ജനസാമാന്യത്തെ സംഘടിപ്പിക്കുന്നു. മതമില്ലെങ്കിൽ അവർ വിയോജിക്കുന്നു. പ്രത്യുത നിർമ്മതത്വം പള്ളിയിലും ഭോജനശാലയിലും കാണപ്പെടുന്നു." ഒരിക്കൽ ഷാ പറഞ്ഞു. "യഥാർത്ഥ ദാരിദ്ര്യം കുട്ടികളനുഭവിക്കുന്ന ദാരിദ്ര്യമാണ്." ഷായുടെ കുടുംബദാരിദ്ര്യം അദ്ദേഹത്തെ സമത്വവാദിയാക്കി.

1872 ൽ ഷായുടെ മാതാവ് ഭാഗവതരായ 'ലീ'യോടു കൂടി ലണ്ടനിൽ താമസമുറപ്പിച്ചു. പുത്രിമാർ രണ്ടുപേരും അമ്മയൊന്നിച്ചുണ്ടായിരുന്നു. സംഗീതം തൊഴിലായി സ്വീകരിച്ച് ധനം സമ്പാദിക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം.

പിതാവും പുത്രനും മാത്രം ഡബ്ളിനിൽത്തന്നെ കഴിഞ്ഞുകൂടി. ബർണാർഡിൻെറ സംഗീതവാസന അദ്ദേഹത്തെ പിയാനോ അഭ്യസിക്കാൻ പ്രേരിപ്പിച്ചു. അങ്ങനെ അദ്ദേഹം ഒരു നല്ല പിയാനോ വായനക്കാരനും ആയി.

ബർണാർഡ് ഷായ്ക്കു ഉയന്ന വിദ്യാഭ്യാസമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ, സകല കലകളേയും സംഗീതത്തെയും പററി അഗാധപാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. 15-ാമത്തെ വയസ്സിൽത്തന്നെ അദ്ദേഹത്തിന് ഒരു ക്ലാക്കുദ്യോഗം കിട്ടി. അഞ്ചുകൊല്ലം അങ്ങനെ തള്ളിക്കഴിച്ചശേഷം ഇരുപതാം വയസ്സിൽ ലണ്ടനിലെത്തി മാതൃസവിധത്തിൽ താമസവുമായി. ഈയവസരം മുതൽക്കാണ് ഗ്രന്ഥരചനയാരംഭിക്കുന്നതു്.

പ്രഥമഘട്ടം ക്ലേശഭൂയിഷ്ഠമായിരുന്നു. കാർഷാ, ആഴ്ചയൊന്നുക്ക് ഓരോ പവൻ വീതം പുത്രനു ചിലവിനായയച്ചു കൊടുത്തു. ഷാ അദ്ദേഹത്തിൻെറ കുടുംബത്തിന് ഒരു ഭാരമായിത്തീന്നു. അദ്ദേഹം പറയുന്നു-"ജീവിതം നയിക്കാനായി ഞാൻ ക്ലേശിച്ചിട്ടേയില്ല. ഞാൻ രക്ഷാകത്താക്കളെ ശ്വാസം മുട്ടിച്ചു. അച്ഛനു ഞാൻ ഒരു പിൻതുണക്കാരനായിത്തീന്നില്ല. നിത്യവും ഞാൻ അഞ്ചു പുറം എഴുതിത്തീർത്തു് സ്വയം കൃതാത്ഥത നേടി."

1553 ആയപ്പോഴേക്കും, അദ്ദേഹം, Immaturity, The Irrational Knot, Love among the Artists, Cashel Byron's professions, An unsocial socialist, എന്നിങ്ങനെ അഞ്ചുനോവലുകൾ രചിച്ചു. പ്രകാശകന്മാരെല്ലാവരും, ഇവയെ പ്രസിദ്ധംചെയ്യാൻ കൊള്ളുകയില്ലെന്നു പറഞ്ഞു് നിഷ്കരുണം നിരസിച്ചു. ഷാ യഥാത്ഥത്തിൽ വിജയിയായതു് നിരൂപണസാഹിത്യത്തിലാണ്.- William Archer മുഖേന Pall Mall ഗസററിൽ ആയിരംവാക്കിനു 2 ഷില്ലിംഗ് ശമ്പളത്തിൽ, നിരൂപകനായിത്തീന്നു. അനന്തരം The Wor ld-ൽ ചിത്രവിമശകനായും, Saturday Review-ൽ സംഗീതവിമശകനായും അദ്ദേഹത്തെ നാം കാണുന്നു. വ്യാജനാമധാരിയായി അദ്ദേഹം Star എന്ന പത്രത്തിൽ ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു.

1879ാം വർഷാരംഭത്തിൽ, ഷാ, James Lecky എന്ന സഖാവോടുകൂടി Zetetical എന്നപേരിൽ ഒരു സാഹിത്യസമാജം സ്ഥാപിച്ചു. Dialectical സൊസയിററിയിൽ പലതവണയും അദ്ദേഹത്തെ

PRESENTED BY:
SRI M. K. VASUDEVAN NAIR

പ്രസംഗകനായി ക്ഷണിച്ചിട്ടുണ്ട്.

ഫ്ാബിയൻ സൊസയിററിയിൽ ഷാ പങ്കാളിയാകയും ഫ്ാബിയൻ സിദ്ധാന്തങ്ങളെ പിൻതാങ്ങുകയും ചെയ്തു. ഫാബിയൻ സൊസൈററിയെ പരാമർശിച്ച് ഷാ അനവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. ഈദൃശസേവനങ്ങൾ 1900ൽ ഷായെ St Pancras Borough കൗൺസിലിലെ മെംബറായി ഉയർത്തി.

ബർണാർഡ്ഷായുടെ സമത്വവാദവിശദീകരണങ്ങൾ അദ്ദേഹത്തിൻെറ പ്രധാനകൃതിയായ "The Intelligent Wmaon's Guide to Socialism and Capitalism-ൽ കാണുന്നുണ്ട്. 1928ൽ ഈ ഗ്രന്ഥം വിരചിതമായി.

1890-ാമാണ്ടോടുകൂടി ബർണാർഡ് ഷായുടെ ശ്രദ്ധ നാടകരചനയിലേക്കു തിരിഞ്ഞു. ആദ്യത്തെ അദ്ദേഹത്തിൻെറ നാടകമായ Widower's Houses, അത്ര ശ്ലാഘനീയമായിരുന്നില്ല. Mrs, Warren's Profession എന്ന മറെറാരു നാടകം പ്രദർശനയോഗ്യമല്ലെന്നു ഇംഗ്ലണ്ടിൽ പ്രഖ്യാപിതമായി. ന്യൂയാക്കിൽ, ഈനാടകം അഭിനയിച്ച നടന്മാരെ തടങ്കലിലാക്കി. 1894-ൽ അദ്ദേഹം Candida എന്ന വിശ്വവിഖ്യാതമായ നാടകം നിമ്മിച്ചു. ജമ്മനിയിൽ ഈ നാടകത്തിനു പരിപൂണ്ണ വിജയമാണു ലഭിച്ചതു്.

"Man and Superman" എന്ന കേളികേട്ടവിശിഷ്ടനാടകം,ബർണാർഡ്ഷായെ കാളിദാസനെപ്പോലെയൊ, ഷേക്സ്പീയരെപ്പോലെയോ ഉള്ള നാടക കത്താവാക്കി ലോകദൃഷ്ടിയിൽ അവതരിപ്പിച്ചു. ഇതെത്തുടന്ന് Doctor's Dilemma, Saint Joan of Arc, Village Wedding മുതലായി ഉദ്ദേശം 25 നാടകങ്ങൾ അദ്ദേഹംഎഴുതിത്തീർത്തു. മേൽപ്പറഞ്ഞ നാടകങ്ങളിലെ ദീർഘങ്ങളായ മുഖവുരകളുടെ ഏകീകൃതരൂപത്തിൽ 1934 ൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

പ്രസിദ്ധിയേറിയ എല്ലാ നാടകങ്ങളും അദ്ദേഹത്തിൻെറ 40-ാം വയസ്സിനു പിൻപ് എഴുതിയിട്ടുള്ളവയാണ്. St. Joan of Arc, Heart Break House ഇവ ഷായുടെ 60ാമത്തെ വയസ്സിനുശേഷമുള്ള ഏററവും നല്ല നാടകങ്ങളാണ്. 80ാമത്തെ വയസ്സിലും ഷായുടെ കൈ വിറയ്ക്കുന്നില്ല! അദ്ദേഹം ഈയിടെ (1938)ൽ എഴുതിയതാണ് Geneva. സവ്വലോകസഭ (League of Nations) നെ പരിഹസിച്ചുകൊണ്ടു്, ഹിററ്ലറെയും മുസ്സോളിനിയേയും 'ബാററ്ലർ' എന്നും ബോംബാർഡോൺഎന്നും പേരുകൊടുത്തു് അധിക്ഷേപിച്ചെഴുതിയിട്ടുള്ളതാണ് പ്രസ്തുതനാടകം.

82ാമത്തെ വയസ്സായ ഈയവസരത്തിലും, ചാറത്സ് രണ്ടാമൻെറ ഭരണത്തെ പരാമർശിക്കുന്ന ഒരു നാടകം അദ്ദേഹം നിമ്മിച്ചുകൊണ്ടിരിക്കയാണ്.

യുവാവായ ബർണാർഡ് ലണ്ടനിലായിരുന്നപ്പോൾ വില്യം മോറിസ് എന്നൊരാളിൻെറ പുത്രിയായ 'മേ'യെ രഹസ്യമായി സ്നേഹിച്ചു. പക്ഷേ, അവരെ ഷായുടെകൂട്ടുകാരിലൊരുത്തൻ പരിണയിക്കയാണുണ്ടായതു്. 40-ാമത്തെ വയസ്സിൽ, ഒരു ഭയങ്കര രോഗാക്രമണത്തിനുശേഷം അദ്ദേഹം 'ഷാർലോഫ്രാൻസസി'നെ വിവാഹം കഴിച്ചു. സാഹിത്യപരമായ ലേഖനങ്ങൾ മുഖാ

# അന്നത്തെ മാല

(ജി. ഗോപാലപിള്ള, ബി. എ. എൽ. ററി.)

ചേട്ടാ, എഴുന്നേറേറ. ഈ അഞ്ചരമണിക്കും ഇരുന്നു് എഴുത്താണു്. ഹോ! ഒരു വലിയ പഠിത്തക്കാരൻ.

മാലയുടെ സംസാരം മാധവൻ കേട്ടെങ്കിലും അവൻ അനങ്ങിയില്ല. ഏകദേശം പതിനൊന്നു വയസ്സു പ്രായമുള്ള ആ ബാലിക മാധവൻ ഇരിക്കുന്ന മുറിയിൽ പ്രവേശിച്ചു. മാധവൻ എഴുത്തു വീണ്ടും തുടരുന്നതുകണ്ടു് അവൾ വീണ്ടും പറഞ്ഞുതുടങ്ങി. 'നേരം സന്ധ്യയായി. വേലകളി ഇപ്പോൾ കഴിഞ്ഞുകാണും. എൻെറ ദൈവമെ! ഒരു ചേട്ടൻ! ഒന്നുവേഗം എഴുന്നേല്ക്കാൻ' മാധവൻ ശ്രദ്ധിക്കാതെ വീണ്ടും എഴുത്തുതുടൎന്നു. 'ഇനിയും പത്തെണ്ണുന്നതിനകം ചേട്ടനെഴുതിത്തീൎന്നില്ലെങ്കിൽ—ഒന്നു്—മുറയ്ക്കു് അവൾ എണ്ണാൻ തുടങ്ങി ഒൻപതു പറഞ്ഞു. മാധവൻ നിൎത്തുന്നതിനുള്ള ഭാവമില്ല. മാലയ്ക്കു ക്ഷമയററു. അവൾ ഓടിച്ചെന്നു പുസ്തകം അടച്ചു കൈയ്യിലെടുത്തു 'ഇനിയും ഇരുന്നെഴുതുന്നതൊന്നു കാണണം. പള്ളിവേട്ടയാണു്. എനിക്കുത്സവം കാ

---

ന്തരം എല്ലൻടെറിയെന്ന വനിതയുമായി ഷാ പ്രണയോപജാപത്തിലേപ്പെട്ടിരുന്നതായി അറിവുണ്ടു്. ഇവരിരുവരും തമ്മിലുള്ള കത്തിടപാടുകൾ 1931ൽ പ്രസിദ്ധീകരിച്ചപ്പോൾ ചില ചില്ലറ ബഹളങ്ങൾ ഉണ്ടാകാതിരുന്നില്ല.

ശതവയസ്സ് വന്നുചേരാൻ ഷായ്ക്കു ഇനി വെറും പതിനെട്ടു സംവത്സരങ്ങൾ കഴിഞ്ഞാൽമതി. അദ്ദേഹത്തിൻെറ മുടി ഹിമപടലം പോലെ ശുഭ്രമാണു്. അദ്ദേഹം പിത്തരോഗത്തിൽനിന്നും രക്ഷപ്രാപിച്ചു് നന്നേ ക്ഷീണാവസ്ഥയിലാണു് കഴിയുന്നതു്. എന്നാലും ആറടി ഉയരമുള്ള പ്രസന്നവദനനായ ആ കുശാഗ്രബുദ്ധി ഇപ്പോഴും യുവസഹജമായ പ്രസരിപ്പുള്ളവനായിരിക്കുന്നു. ഷാ ഒരു സസ്യഭുക്കും, മദ്യദ്വേഷിയുമാണു്. അദ്ദേഹം ദയാപരനാണു്, ത്യാഗിയാണു് വികടനാണു്. അദ്ദേഹം ഏതെങ്കിലും ഒരു പ്രസ്ഥാനത്തോടെതിരിടുന്നതു് തൻെറ വാക്ചാതുരിയാൽ ജനസഞ്ചയത്തെ വശീകരിച്ച് സ്വവശത്താക്കിയതിനുശേഷമാണു്. എത്ര ഗൌരവമായ വിഷയത്തെയും അധിക്ഷേപിച്ചു് എതിർക്കുകയാണു് പതിവു്.

വെറുതെയല്ല അദ്ദേഹത്തെ ലോകം "Pope of Wit and Wisdom" എന്നു വിളിക്കുന്നതു്.

ബർണാർഡ്ഷായുടെ ജീവചരിത്രം, "ഷാ—അദ്ദേഹത്തിൻെറ ജീവിതവും ശ്രമങ്ങളും" എന്നപേരിൽ ആർച്ചിബാൾഡ് ഹെൻഡേഴ്സൺ രചിച്ചിട്ടുണ്ടു്. Frank Harris എന്നമഹാനും ഏററവും വിശദമായ രൂപത്തിൽ ഷായുടെ ജീവചരിത്രസംക്ഷേപം എഴുതിയിട്ടുള്ളതു് അദ്ദേഹത്തിനു് അഭൌമമായ നിത്യകീൎത്തി സമ്പാദിച്ചുകൊടുക്കാൻ പര്യാപ്തമത്രേ.

ണണ്ടെ; ചേട്ടനൊന്നു എഴുന്നേററേ. ഞാൻ അല്ലാതെങ്ങനെ ഉത്സവം കാണുന്നതിനുപോകുന്നതു്?'

മാധവനു് അസുഖം ഉണ്ടായതായി അവൻെറ മുഖം വെളിപ്പെടുത്തി. അവൻ തല ഉയർത്തി മാലയെ നോക്കി. അവൻെറ കോപം അകററുന്നതിനുള്ള വഴി അവൾക്കറിയാം; മാല 'കുടുകുടാ' പൊട്ടിച്ചിരിച്ചു. 'അങ്ങനെ ഒന്നനങ്ങിയേ. ഉടുപ്പുകൂടെടുത്തിട്ടേ. പോകാം!

'ഇന്നു ഞാൻ വരുന്നില്ല!

'ആങ്ഹാ അതു ഞാനല്ലേ നിശ്ചയിക്കേണ്ടതു്?' മാല അധികാര സ്വരത്തിൽ പറഞ്ഞു.

'എനിക്കു ഉത്സവം കാണണ്ട. എനിക്കു കുറച്ചധികം പഠിക്കാനുണ്ട്. ഞാൻ വരുന്നില്ല. വേറെ ആരുടെയെങ്കിലും കൂടെ മാല പൊയ്ക്കൊള്ളൂ.!

'അതിനു ചേട്ടൻെറ ഉത്തരവൊന്നും വേണ്ടല്ലോ. മററുള്ളവർക്ക് ഒന്നും പഠിക്കുകയുമൊന്നും വേണ്ട എന്നാ വിചാരം. ഇന്നു പള്ളിവേട്ടയാണ്. എന്നിട്ടും ആ സാറ് നാളെ ചെയ്തുകൊണ്ടുവരാൻ നാലു കണക്കിട്ടിട്ടുണ്ട്. ചേട്ടനുറങ്ങുന്നതിനു മുമ്പ് ഇന്നലത്തേപ്പോലെ ആ ബുക്കിൽ ഒന്നു ചെയ്തിട്ടേക്കണം കേട്ടോ നമുക്കിന്നു വേഗം ഇങ്ങോട്ടു പോരാം. പോകാം വേഗമാട്ടെ എഴുന്നേററേ.'

'മാലയ്ക്കു കൂട്ടില്ലാതെ പോകാൻ വയ്യെങ്കിൽ ഗോപിയേ കൂടി കൊണ്ടുപോകു. എനിക്കു വരാൻ ഒക്കുകില്ല'.

മാല കോപിച്ചു. 'ഞാനിന്നു പോകാൻ നിശ്ചയിച്ചിട്ടില്ല' അവൾപറഞ്ഞു. കയ്യിൽ വച്ചിരുന്ന പുസ്തകം എടുത്തു മേശപ്പുറത്തേക്കെറിഞ്ഞു. നെററിയിലെ സിന്ദൂരപ്പൊട്ട് അമർത്തിത്തുടച്ചുകളഞ്ഞു, മാധവൻ തന്നത്താനറിയാതെ ചിരിച്ചുപോയി. ആ ബാലികയുടെ നിഷ്കളങ്കഹൃദയത്താൽ മാററു കൂട്ടപ്പെട്ട അവളുടെ സൗന്ദര്യത്തിൽ അവൻ ഇളകിപ്പോയി. നിഷ്കളങ്കതയിൽ മാത്രമാണ് യഥാർത്ഥസൗന്ദര്യം സ്ഥിതിചെയ്യുന്നതു് എന്നു് അവനു തോന്നി. അവളുടെ ഗൗരവവും കളിയും അവനെ ഒരു പോലെ ആകർഷിച്ചു. അവൻ അതിൽ രസിച്ചു. അവൻ നിർന്നിമേഷനായി അവളുടെ മനോഹരവദനത്തിൽ നോക്കിക്കൊണ്ടു നിന്നു. ലോകത്തിൻെറ കാപട്യം എന്തെന്നു ഗ്രഹിച്ചിട്ടില്ലാത്ത ആ പരിശുദ്ധമായ മുഖം അവനെ ദീർഘചിന്തയിലേക്കു ആനയിക്കുമായിരുന്നു.

'എന്നെ ഇങ്ങനെ തുറിച്ചു നോക്കാനൊക്കുകില്ല. ഞാനൊരു പ്രാവശ്യം കൂടിപ്പറയും. പിന്നെ പറയുകില്ല. നേരത്തെ പറഞ്ഞേക്കാം. പിന്നെന്തു ചെയ്താലും ഞാൻ മിണ്ടുകില്ല. അമ്പലത്തിൽ പോകണം. ചേട്ടൻ എന്നെ കൊണ്ടു പോകുമോ ഇല്ല്യോ?' മാല അല്പഗൗരവത്തിൽ യാചിച്ചു. മാധവനു വീണ്ടും മറുത്തു പറയുന്നതിനു ധൈര്യമുണ്ടായില്ല. ഷർട്ടും രണ്ടാംമുണ്ടും എടുത്തു യാത്രയ്ക്കു അവൻ സന്നദ്ധനായി.

'ചേട്ടാ ആ രണ്ടാംമുണ്ടങ്ങു കളഞ്ഞേ. ചേട്ടനതു വെറും വൃത്തികേടാണ്. വേണമെങ്കിൽ ആ തടിയൻ പുസ്തകം കൂടി എടുത്തുകൊള്ളണം.

മാധവൻ അനുസരിച്ചു. മാല മാറി നിന്നു മാധവനെ ഒന്നു നോക്കി. 'ചേട്ട

ന് ഒരു പൊട്ടുകൂടി വേണം. സിന്ദൂരം ഞാൻകൊണ്ടു വരാം.' അവൾ ഓടിപ്പോയി. മാധവൻ അവൾ കൊണ്ടുവന്ന സിന്ദൂരം വാങ്ങി നെററിയിൽ ഒരു വര വരച്ചു.

'ചേട്ടന് ഒരു പൊട്ടു തൊടാൻ പോലും അറിഞ്ഞുകൂടാ. എന്തിനാ വല്യ B. A. ക്കു മൊക്കെ പഠിക്കുന്നത്'. ഞാൻ കാണിക്കാം! മാല കണ്ണാടി എടുത്തു നീക്കിവച്ച് 'ദാ, നോക്കി പഠിച്ചു കൊള്ളണം' എന്നു പറഞ്ഞു തന്നത്താൻ ഒരു പൊട്ടുതൊട്ടു. മാറിനിന്നു മാധവനെ ഒന്നു നോക്കി "എന്താ എങ്ങനെ ഇരിക്കുന്നു?" മാല ചോദിച്ചു.

'ഭേഷ്! കേമം' എന്ന് മാധവൻ മറുപടി പറഞ്ഞു. ആ നിഷ്കളങ്ക സൗന്ദര്യധോരണി അവൻെറ ഹൃദയത്തിൽ ആനന്ദക്കോളിളക്കത്തിന് കാരണമാക്കി.

'ഞാൻ തൊട്ടതുപോലെ തന്നെ ഒന്നു തൊട്ടേ. ഞാൻ എൻെറ സാരി ഇങ്ങെടുത്തോണ്ടുവരട്ടെ' എന്നുപറഞ്ഞു മാല അപ്രത്യക്ഷയായി. മാധവൻെറ ചിന്താഗതി വികൃതമായി. 'സൗന്ദര്യം—സൗന്ദര്യം—അതെവിടെ സ്ഥിതി ചെയ്യുന്നു? പ്രകൃതിയിൽ—ഉള്ളിൽ ഒന്ന് ഒളിച്ച് വച്ച് പുറത്തു മറെറാന്നിനെ പ്രത്യക്ഷപ്പെടുത്താത്ത പ്രകൃതിയിൽ— നിഷ്കന്മഷഹൃദയരായ സജീവപ്രവൎത്തന നിരതരായ ശിശുക്കളിൽ—മറെറവിടെയുണ്ട് സൗന്ദര്യാസ്വാദനത്തിനു സൗകര്യം. മാല—ഇന്ന് ഇപ്പോൾ സൗകമാര്യത്തിൻെറ അത്യുച്ചത്തിൽ സ്ഥിതി ചെയ്യുന്നു. ആ നിഷ്കളങ്കിതയിൽ ഞാൻ നിർവൃതി നേടുന്നു. ലോകം ഇനി വ്യത്യാസപ്പെടാതിരുന്നെങ്കിൽ! ഈ മാലതീകുസുമം ഈ നിലയിൽ എത്ര നാൾ നിലനിൽക്കും. അപ്രതിഹതമായി പ്രവഹിക്കുന്ന കാലനിമ്നഗയിൽ ഈ പിഞ്ചു ഹൃദയം എങ്ങനെ രൂപാന്തരപ്പെട്ടുമെന്നാർക്കറിയാം' മാധവൻ കരഞ്ഞുപോയി.

'ചേട്ടാ എന്താ ഇതു്. ഇങ്ങോട്ടൊന്നു നോക്കിയേ' മാല പ്രായമായ സ്ത്രീയെപ്പോലെ ഭാവിച്ചു. മാധവൻെറ ഭയം പ്രത്യക്ഷരൂപത്തിൽ അവൻ മുമ്പിൽ കണ്ടു.

'മാലെ ആ വൃത്തികെട്ട നേര്യതെടുത്തു ദൂരത്തെറിയൂ'. അതു് ഹൃദയത്തിനെ ബാധിക്കുന്ന പിശാചിയാണെന്നു് മാധവനു് തോന്നി. താമസം ഉണ്ടായില്ല. ആ നേര്യതു് മാതാവിൻെറ പെട്ടിപ്പുറത്തു സ്ഥലം പിടിച്ചു.

മാലയ്ക്കു് അവളുടെ നിർമ്മലമായ സ്നേഹം തങ്കത്തിനു സുഗന്ധമാണു്. മാധവൻ വിചാരിച്ചു. അവൻ വീണ്ടും ചിന്താധീനനാകുന്നു. 'പോകാം ചേട്ടാ നേരം ഇരുട്ടും.

"ആ കിറുക്കിപ്പെണ്ണെവിടെ. എന്തു വികൃതിത്തരമാണെന്നു നോക്കണേ. ഗ്ലാസും തട്ടിത്താഴത്തിട്ടും വച്ചു് എവിടെ അവൾ" മാതൃശബ്ദം കേട്ടു മാല ഞെട്ടി. ദയനീയമായി മാധവനെ അവൾ നോക്കി. അവിടെ നിന്നുകൊള്ളാൻ മാധവൻ ആംഗ്യം കാണിച്ചു. 'ഗ്ലാസു തട്ടിയിട്ടുംവച്ചു് ഇവിടെ വന്നൊളിച്ചിരിക്കയാ' മാതാവു് കോപിച്ചു "അമ്മായീ ധൃതിയിൽ ഈ ങ്ങോട്ടു പോന്നപ്പോൾ എൻെറ കാലു് അതിൽ കൊണ്ടുപോയി." മാല മിണ്ടിയില്ല. അവളുടെ നയനങ്ങൾ കൃതജ്ഞത പ്രകടിപ്പിച്ചു.

മുപ്പത്തഞ്ചു വയസ്സോളം പ്രായമുണ്ടായിരുന്ന ആ സ്ത്രീക്കു കാര്യം മനസ്സിലാ

യി. അതു ഭാവിക്കാതെ അവർ ഗൗരവത്തിൽ സ്ഥലം വിട്ടു.

"ചേട്ടാ ഇതു കൊള്ളാം! കല്ല വച്ചകള്ളമല്ലേ തട്ടിവിട്ടതു്" മാല ചിരിച്ചു.

"മാലയ്ക്കു തല്ലുകൊള്ളാതിരിക്കാൻ"

"ഞാൻ തല്ലുകൊള്ളാമായിരുന്നല്ലോ. ചേട്ടൻ കള്ളം പറഞ്ഞാൽ ദോഷമല്ലേ?"

മാധവൻ തലയ്ക്കു ലഹരി പിടിച്ചവനെപ്പോലെ ആ മുഖത്തു നോക്കി നെട്ടവീർപ്പിട്ടു.

ക്ഷേത്രം അതിമനോഹരമായി അലങ്കരിച്ചിരുന്നു. മാധവന്റെ സഹപാഠികൾ അവനെ നോക്കി 'ഇവനു നാണമില്ലല്ലോ' എന്നു പരിഹസിക്കുന്നതു് അവൻ കേട്ടു എന്നു തോന്നി. തല ഉയർത്താതെ അവൻ കുനിഞ്ഞു നടന്നുതുടങ്ങി. മാല അവന്റെ കയ്യു പിടിച്ചു വലിച്ചുകൊണ്ടു പ്രസ്ഥാനം ചെയ്തു.

ആ കതിനാവെടി! രണ്ടു പിഞ്ചു കരങ്ങൾ മാധവന്റെ കണ്ഠത്തെ ആവരണം ചെയ്തു. ഇടിമുഴക്കത്തിൽ മെത്തയ്ക്കടിയിൽ കയറി കണ്ണടയ്ക്കുന്ന പെൺകുട്ടിയാണു മാല. മാധവൻ സംഭ്രമിച്ചു ചുററും നോക്കി. ഹൃദയം തുടിച്ചു. അവൻ ഭയന്നു. അടുത്തദിവസം ക്ലാസ്സിൽ കഴിച്ചുകൂട്ടുന്നതെങ്ങനെയെന്നു് അവൻ ലജ്ജിച്ചു. ഊഹിച്ചു. അവന്റെ കൂട്ടുകാർ അവനെ കൊഞ്ഞനം കാണിക്കുന്നു എന്നു് അവനു തോന്നി.

മാലേ നമുക്കു വീട്ടിൽ പോകാം' 'പോകാം'

* * *

ദിവസങ്ങളും മാസങ്ങളും കാലമഹാസമുദ്രത്തിൽ ഓളം തല്ലിക്കടന്നുപോയി. മാധവൻ ഇന്നും പുസ്തകപ്പുഴുവാണു്. അവന്റെ ഏകാന്തജീവിതത്തിനിടയിൽ അപൂർവ്വമായിമാത്രമേ അവൻ അസ്വസ്ഥനാകാറുള്ളു. ഗീതയും, ബൈബിളും, വിവേകാനന്ദന്റെ പ്രസംഗങ്ങളും, രാമതീർത്ഥന്റെ പ്രായോഗികവേദാന്തവും, അവനു കർണ്ണാമൃതം തന്നെയായി. അഞ്ചുവർഷങ്ങൾക്കു മുൻപു അവൻ ആരാധിച്ചിരുന്ന കൃഷ്ണന്റെ മാല ചാർത്തിയിരുന്ന പടം ഇന്നും അവന്റെ മുറിയുടെ പടിഞ്ഞാറെ അററത്തു സ്ഥിതിചെയ്യുന്നുണ്ടു്. 'ഞാൻ സ്വതന്ത്രനാണു്. എനിക്കു എന്തുകൊണ്ടു് ഒരു വിവേകാനന്ദനോ രാമതീർത്ഥനോ ആയിക്കൂടാ' അവൻ തനിയെ ഇരുന്നു ചിലപ്പോൾ ആലോചിക്കും. അപ്പോഴെല്ലാം ഹൃദയാഹ്ലാദകാരിയായി രണ്ടു് ഓമനക്കൈകളും ഹൃദയം തുളച്ചുകയറുന്ന വിധത്തിൽ നോക്കുന്നതായി രണ്ടു പരിശുദ്ധനേത്രങ്ങളും അവന്റെ മുൻപിൽ പ്രത്യക്ഷമാകാറുണ്ടു്. "ഇന്നും അവ ഒട്ടും വ്യത്യാസപ്പെട്ടിട്ടില്ലല്ലോ" അവൻ സ്വയം ചോദിക്കും. അവൻ വിവർണ്ണനാകും.

ഒരു സ്നേഹിതനോടൊന്നിച്ചു മാധവൻ വായനശാലയിൽ എത്തി. രാജധാനിവാർത്തമുതൽ ഹോളണ്ടാക്രമണംവരെ വായിച്ചു. പഴയ സ്നേഹിതൻ വിസ്മൃതിയിലാണ്ടിരുന്ന ആ പരിഹാസച്ചിരിയുമായി ആ മാസിക അവന്റെ കൈയ്യിൽ നിവർത്തിപ്പിച്ചു. അതു മേശപ്പുറത്തുവച്ചു. പതിനെട്ടുവയസ്സു് പ്രായം തോന്നിക്കുന്ന ഒരു മഹിളയുടെ ബ്ളാക്കു് ആ പുറത്തുണ്ടു്. 'മാലതീകുഡ്മളം' എന്ന കവിതയാണു് അതിന്റെ മുകളിലും താഴെയുമായി കാണുന്നതു്.

# ഗഹന സൗന്ദര്യം

(തുടർച്ച)

പി. കെ. നാരായണ പിള്ള എം. ഏ.

ഗഹനസുന്ദരങ്ങളായ ചില പ്രകൃതി രംഗങ്ങൾ ചിലപ്പോൾ ഏററവും ഭീകരങ്ങളായിരിക്കും. ശബരിമല യാത്രചെയ്തിട്ടുള്ളവൎക്ക് തലപ്പാറത്താവളം സുപരിചിതമായിരിക്കുമല്ലോ. കുററിക്കാടുകൾ നിറഞ്ഞ ആസ്ഥലത്തു് വിയദ്വ്യാപികളായ അനേകം മഹാവൃക്ഷങ്ങൾ അകാലതമസ്സിനെ ഉത്പാദിപ്പിച്ചുകൊണ്ടു് ഭീകരങ്ങളായി നില്ക്കുന്നുണ്ടു്. ഇടിഞ്ഞുപൊളിഞ്ഞ ഒരു കരിങ്കൽത്തറയിൽ രൂക്ഷദൎശനമായ ഒരു കല്ലിൻമേൽ കടും ചുവപ്പുള്ള അരത്തം തളിച്ചു കാണാം. ഇങ്ങനെ ഭീതിജനകമായ ഒരു സ്ഥലം. അവിടെ വച്ചു് പണ്ടു് നരബലിനടത്തിവന്നിരുന്നു എന്നുകൂടി കേൾക്കുമ്പോൾ എത്രയോ മടങ്ങു കൂടുതലായി ഭയപ്രദമായി മാറുന്നു എന്നാലോചിക്കുക. ഈ ഭീതിപ്രചോദകമായ രംഗത്തിൽ സൗന്ദൎയ്യാവബോധമുള്ള സഹൃദയനു ഗഹനസൗന്ദൎയ്യം ദൃശ്യമാകും.

കറുത്തവാവു ദിവസത്തിലെ അന്ധകാരമയമായ അർദ്ധരാത്രിയിലെ പ്രകൃതിഭാവം ഒന്നു സങ്കല്പിച്ചുനോക്കുക. അതെത്രയോ ഭീകരമാണു്. സൗന്ദൎയ്യശബ്ദത്തിന്റെ വിപുലമായ അൎത്ഥത്തിൽ എത്രയോ സുന്ദരമാണു്. മഹാകവി ഉള്ളൂർ പാതിരാത്രിയെ വൎണ്ണിക്കുന്ന ഒരു ഭാഗം ഞാൻ ഉദ്ധരിക്കാം:—

പാതിയും രാവിൽ പോയി പാഴമാ-
വാസ്യപ്പാമ്പു
വാ തുറന്നയ്യോ പാരും വാനവും
വിഴുങ്ങുന്നു.
അക്കൊടുംമലമ്പാമ്പിൻ ക്രൂരിരുൾ
കാകോളത്തിൽ
ചിക്കെന്നിച്ചരാചരം സൎവ്വം മൂൎച്ഛി-
ക്കുന്നു.

അമാവാസ്യപ്പാമ്പു വിശപ്പത്തെ മുഴുവൻ വിഴുങ്ങുന്നു എന്നും ആ കൊടുമ്പാമ്പിന്റെ വിഷമാണു തമോരൂപത്തിൽ നാം കാണുന്നതെന്നും മററും, വായിക്കു

---

മാധവന്റെ നയനങ്ങൾ നാരായം പോലെ ആ ബ്ളോക്കിൽ തറച്ചു. അവൻ നിശബ്ദനായിട്ടുതന്നെ ഇരിക്കുന്നു. "അന്നത്തെ നിഷ്കളങ്ക സൗന്ദൎയ്യം അതിലിപ്പോഴുമുണ്ടോ?" അവൻ സംശയിച്ചു. "സൗന്ദൎയ്യം ആകൎഷകമാണു്. അതു് എന്തിനെയെങ്കിലും ഒളിക്കുന്നുണ്ടോ" അവൻ തന്നെത്താൻ ചോദിച്ചു. അഞ്ചു വൎഷംമുൻപു് അവൻ കണ്ട മാല—ഈ ബ്ളോക്. അവന്റെ ഹൃദയവേദിയിൽ ഒന്നു താരതമ്യപഠനം നടന്നു. "ഭാവിക്ഷണപ്രഭാചഞ്ചലം" അവൻ പിറുപിറുത്തു.

ഒരു ചുടുനീർക്കണം അടൎന്നു താഴെ വീണു. ഒരു ദീൎഘനിശ്വാസം അതിനെ അനുഗമിച്ചു.

17,949

മ്പോൾ ആ രംഗത്തിന്റെ നിതാന്ത ഭീകരത നമുക്കു പ്രത്യക്ഷമാകുന്നു. എന്നാൽ അതിലുള്ള ഗഹനസൗന്ദര്യം ഈ ഭാഗം വീണ്ടും വായിക്കുന്നതിനും ഇതിൽ ചിത്രണം ചെയ്തിരിക്കുന്ന രംഗത്തെ വീണ്ടും സങ്കല്പിക്കുന്നതിനും നമ്മെ പ്രേരിപ്പിക്കുന്നു.

കരുണയിൽ കുമാരനാശാൻ ചിത്രീകരിച്ചിരിക്കുന്ന ചുടുകാട്ട് ഭീകരവും അതേ സമയം ഗഹനസുന്ദരവുമായ ഒരു രംഗത്തിനു് ഉത്തമമായ ഉദാഹരണമാണു്. 'ശൂന്യതയ്ക്കു കളിക്കാനൊരുക്കിയിട്ടിരിക്കുന്ന' ആ സ്ഥലവും കരിംപനയും പാറയും ചുററും പാഴ്ച്ചെടികളും' നമ്മുടെ ഹൃദയത്തിൽ ഈ ഭാഗം വായിക്കുന്ന ക്ഷണത്തിൽതന്നെ ഒരു ഭയരേഖ ഉളവാക്കിക്കൊണ്ടു് പ്രതിബിംബിക്കുന്നു.

'നെടിയ ശാഖകൾ വിണ്ണിൽ നിവന്നു മുട്ടിയിലയും
വിടപങ്ങളും ചുരുങ്ങി വികൃതമായി'

ചുടല ബ്ഭൃതംപോലെ നിൽക്കുന്ന ആ തടിയൻ അരയാലുംകൂടി ശ്മശാനത്തോടും സംഘടിക്കപ്പെടുമ്പോൾ നമ്മുടെ ഹൃദയത്തിൽ ഭീതിരേഖകൾ വർദ്ധിച്ചുതുടങ്ങുന്നു. കെടുന്ന കനലിൽ നിന്നും പൊങ്ങുന്ന പുകവല്ലിയും,

'ഉടഞ്ഞ ശംഖുപോലെയു മുരിച്ചു മുറിച്ചു വാഴ—
ത്തടപോലെയും തിളങ്ങുമസ്ഥിഖണ്ഡങ്ങളും
കരിക്കൊള്ളിയും കരിഞ്ഞ കട്ടയു'മായി

കിടക്കുന്ന' 'ഭസ്മപ്പാത്തികളും' നമ്മെ ക്രമാധികം ഭയാധീനരാക്കിക്കൊണ്ടിരിക്കുമ്പോൾ "ഇടമിതിഹ ലോകത്തിൻ പരമാവധിയാണു്" എന്നു കവി പറഞ്ഞുതരുന്നതോടുകൂടി നമ്മുടെ ഹൃദയം ഭീതിയുടെ പരകോടിയിലെത്തുന്നു. ഇങ്ങനെ ഭീകരവും ഗഹനവുമായുള്ള രംഗങ്ങൾ ചിത്രീകരിക്കുവാൻ കുമാരനാശാനുള്ള പാടവം അന്യാദൃശമായിരുന്നു. ഹൃദയഗഹനതയിൽ അദ്ദേഹത്തോടു സമീപിക്കാൻ ആധുനികകവികളിൽ ആരും ശക്തരായിട്ടില്ല.

ഭവഭൂതിയുടെ ദണ്ഡകാരണ്യവർണ്ണനയിലെ ഒരു ഭാഗംകൂടി ഉദ്ധരിച്ചശേഷം 'ഭീകരത'യേക്കുറിച്ചുള്ള ഈ വിചാരം സമാപിക്കാം.

കേൾക്കുന്നുണ്ടുഗ്ര ജന്തുധ്വനി യിവിടെ
യനങ്ങാതെ നിശ്ശബ്ദമായി-
ട്ടിക്കെങ്ങും സുപ്തസർപ്പശ്വസിത വിഷ
മണഞ്ഞഗ്നി കത്തുന്നു തത്ര

ആ മഹാരണ്യത്തിൽ ചില ഭാഗങ്ങൾ നിഷ്ക്രുജസ്തിമിതങ്ങളായിരിക്കുന്നു; ചിലേടം ഉഗ്രജന്തുധ്വനി മുഖരിതമായിരിക്കുന്നു. മററു ചിലേടത്തു സ്വച്ഛന്ദമായി നിദ്രചെയ്യുന്ന ഗഭീരഭോഗങ്ങളായ ഭുജഗങ്ങളുടെ ശ്വാസംകൊണ്ടു് അഗ്നികത്തിക്കാളുന്നു. ഈ മൂന്നുകാഴ്ചകൾതന്നെ ഏററവും ഭീതിപ്രദങ്ങളാണു്. ഇവയുടെകൂടെ പെരുമ്പാമ്പിന്റെ വിയർപ്പുവെള്ളം ഓന്തുകൾ ജലദൌർലഭ്യം നിമിത്തം നക്കിക്കൊണ്ടിരിക്കുന്ന രംഗത്തിലേക്കു നമ്മുടെ ദൃഷ്ടികൾ ആകൃഷ്ടമാകുമ്പോഴേക്കും ഭയത്തിന്റേയും ബീഭത്സതയുടേയും അതിരുകൾ നാം കണ്ടുകഴിയും. ഭവഭൂതിയ്ക്കു ഗഹനസുന്ദരങ്ങളായ രംഗങ്ങൾ ചിത്രീകരിക്കുവാനുള്ള അന്യാദൃശപാടവം സംസ്കൃതസാഹിത്യനിരൂപകന്മാരുടെ ഇടയ്ക്കു പ്രസിദ്ധമാണു്. ഈ ഒരു ശക്തിയിൽ അദ്ദേഹം കാളിദാസനെ അതിശയിക്കുന്നു എന്നും നിരൂപകന്മാർ ഏകകണ്ഠമായി സമ്മതിച്ചിട്ടുണ്ടു്.

ഭൗതികശക്തികളെപ്പോലെ തന്നെ ആത്മീയശക്തികൾക്കും ഗഹനതയും സൗന്ദര്യവും ഉണ്ട്. മതപരവും തത്വചിന്താപരവുമായിട്ടുള്ള ചിന്തകളിലാണ് അധികമായി ആദ്ധ്യാത്മികമായ ഗഹനസൗന്ദര്യം സ്ഫുരിച്ചുകാണുന്നത്. ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആദിപുരുഷവിഭാവനം ഏററവും ഗഹനസുന്ദരമായിരിക്കുന്നു.

സഹസ്രശീർഷാ പുരുഷഃ
സഹസ്രാക്ഷഃ സഹസ്രപാത്
സ ഭൂമിം വിശ്വതോ വൃത്വാ
അത്യതിഷ്ഠദ് ദശാങ്ഗുലം.
പുരുഷ ഏവേദം സർവ്വം
യദ് ഭൂതം യച്ച ഭവ്യം
ഉതാമൃതത്വസ്യേശാനഃ
യദന്നേനാതിരോഹതി
ഏതാവാനസ്യ മഹിമാ
അതോ ജ്യായാംശ്ച പൂരുഷഃ
പാദോऽസ്യ വിശ്വാ ഭൂതാനി
ത്രിപാദസ്യാമൃതം ദിവി
ത്രിപാദൂർദ്ധ്വ ഉദൈത് പുരുഷഃ
പാദോऽസ്യേ ഹാ ഭവത് പുനഃ

ഇതിലെ സഹസ്രശബ്ദം ഉപലക്ഷണം മാത്രമാണ്. വിശ്വത്തിലുള്ള എല്ലാ ശീർഷങ്ങളും അക്ഷികളും പാദങ്ങളും വിരാട് പുരുഷന്റെ തന്നെയാണ്. സർവ്വപ്രാണി സമഷ്ടിരൂപമായിരിക്കുന്ന ഈ വിരാട്പുരുഷന്റെ പൂർവമാതൃകയായ ആദിപുരുഷന്റെ നാലിലൊന്നു മാത്രമാണ് ഈ പ്രപഞ്ചം. മററ മൂന്നുഭാഗങ്ങളും വിനാശരഹിതമായി ദ്യോതനാത്മകമായി സ്വപ്രകാശരൂപത്തിൽ സ്ഥിതിചെയ്യുന്നു. എത്ര വിപുലമായ ഒരു സംഭാവനം. ഇതിലെ പ്രതിപാദ്യഗ്രഹണത്തിന് അസമർത്ഥമായിബുദ്ധിയും ഹൃദയവും പിന്തിരിയുന്നു.

താത്വികവാസനാസമ്പന്നനായ ഒരു കവി കുട്ടിയെ നോക്കി ഇങ്ങനെ താരാട്ടു പാടുന്നു.

"സച്ചിദാനന്ദമയമാം-ദിവ്യ—
ത്തൊട്ടിലിലാടിയുറങ്ങു.
കുഞ്ഞേ നീയാരെന്നറിഞ്ഞോ-പര-
മാത്മാനന്ദതത്വം നീയേ".

'തത്വമസി, എന്നു നിർദ്ദേശിച്ചിരിക്കുന്ന ജീവാത്മപരാത്മാക്കളുടെ ഐക്യം എന്ന അതിഗഹനമായ തത്വമാണ്. ഒരു ഓമനക്കിടാവിനെ ലക്ഷ്യമാക്കിക്കൊണ്ട് കവി ഇതിൽ പ്രതിപാദിക്കുന്നത്. സച്ചിദാനന്ദമയമായ തൊട്ടിലിനെ എങ്ങനെയാണ് സങ്കല്പിക്കുക. ശ്രമിക്കുംതോറും ആ ഗഹനമനോഹരമായ ഭാവന നമ്മിൽ നിന്നും അകന്നുകൊണ്ടിരിക്കും. എന്നാൽ ഓരോ ഹൃദയത്തിന്റേയും കഴിവുപോലെ സങ്കല്പിക്കും, ആനന്ദിയ്ക്കും.

പ്രരോദനത്തിൻെറ അവസാനത്തിൽ അദ്വയശാന്തിഭൂവായ പരബ്രഹ്മത്തെ ആശാൻ ഉപാസിക്കുന്ന പദ്യം ചിന്താമേദുരമാണ്; ഭാവനാരസികമാണ്; ഗഹനസുന്ദരമാണ്.

ആകാശങ്ങളെയണ്ഡരാശികളോടും
ഭക്ഷിക്കമാകാശമാ,—
യിക്കാണുന്ന സഹസ്രരശ്മിയെയിരു
ട്ടാക്കും പ്രഭാസാരമായ്,
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാ—
മേകാന്താദ്വയ ശാന്തിഭൂവിനു
നമസ്കാരം, നമസ്കാരമേ!!

നമ്മുടെ ചക്ഷുസ്സിനു ദൃശ്യമായ ആകാശത്തിന്റെ വിശാലതയും അതിലെ നക്ഷത്ര ശോഭയും മേഘകദംബവും സൂര്യ ചന്ദ്രന്മാരുടെ ഉദയാസ്തമനവും മററും സൂക്ഷ്മദർശനം ചെയ്തു് പകച്ചു നില്ക്കുന്ന നമ്മോടു് ഇങ്ങനെയുള്ള അനേകം ആകാശങ്ങളെ അണ്ഡരാശികളോടുകൂടി ഭക്ഷിക്കുന്ന ഒരു് ആകാശത്തെ സംഭാവനം ചെയ്യുവാൻ ആശാൻ ആവശ്യപ്പെടുന്നു. അതു മാത്രമോ! സൂര്യനെ ഇരുട്ടാക്കുന്ന പ്രഭയേയും ശുദ്ധസുഖത്തെ ദുഃഖമാക്കുന്ന സുഖത്തേയും നാം സങ്കല്പിച്ചെങ്കിലേ ഒരു വായനക്കാരന്റെ കർത്തവ്യം നിറവേററാൻ സാധിക്കയുള്ളൂ. ഇങ്ങനെ അത്യാകാശ വിസ്തൃതവും അതിസൂര്യപ്രഭവും ശുദ്ധാത് ശുദ്ധമായ സുഖവും ആയ ആ അദ്വയഭൂ എത്രയോ ഗഹനസുന്ദരം.

നാം നിവസിക്കുന്ന ഭൂമിയെക്കുറിച്ചും നമുക്കു പ്രത്യക്ഷപ്പെടുന്ന ആകാശത്തെക്കുറിച്ചും അമേയദൂരത്തിൽ തിളങ്ങി നിൽക്കുന്ന നക്ഷത്രങ്ങളെക്കുറിച്ചും മററും ആലോചിക്കുക എന്നുള്ളതു് വളരെ ആനന്ദപ്രദമാണെങ്കിലും പലരും ചെയ്യാത്ത ഒരു കാര്യമാകുന്നു. അവരെ കുററപ്പെടുത്തേണ്ട. ഗഹനങ്ങളായ വിഷയങ്ങളെക്കുറിച്ചു് താത്ത്വികമായ രീതിയിൽ ചിന്തിക്കുവാനുള്ള താൽപര്യം എല്ലാപേക്കും കാണുകയില്ല. ഈ രീതിയിൽ ചിന്തിക്കുന്നതിനും ആ ചിന്തയെ ഹൃദ്യമായ രീതിയിൽ കവിതയിൽ പകർത്തുന്നതിനുമുള്ള കഴിവു് ഒരു വലിയ നേട്ടമാണു്. ഇങ്ങനെയുള്ള കവിതകൾ നമ്മെ പരമാനന്ദത്തിന്റെ ഉന്നത തലത്തിലേക്കു് നയിക്കും. ശ്രീമാൻ ബോധേശ്വരന്റെ 'ഒരു ഗഹനചിന്ത' എന്ന കൃതിയിൽനിന്നും ഒരു ഭാഗം ഞാൻ ഉദ്ധരിക്കാം.

"അനന്തമന്തരീക്ഷം ആദ്യന്തഹീനം
ശാന്തം!
അനന്തലോകങ്ങളാലാവൃതമവ്യാകൃതം!
കാലത്തിൻ പരിമാണമജ്ഞേയമപ-
ര്യന്തം
ആലംബമാവിഷ്കൃതലോകങ്ങൾക്കു
നാരതം.

* * *

ലോകങ്ങളയുതങ്ങൾ തിങ്ങുമീവിശ്വ-
ത്തിങ്കൽ-
ലേകമാം ധരയെങ്ങോ ഭ്രമണം
ചെയ്തീടവേ
ആയതിനൊരു കോണിലങ്ങനെ പ-
ററിച്ചേർന്നു
മായുന്ന മണൽത്തരിയല്ലയോ മർത്ത്യാ
നീയും".

വികാരത്തോടും, താത്ത്വിക ബുദ്ധിയോടും ഭാവനാ വികാസത്തോടും കൂടി വസ്തുക്കളെ അവലോകനം ചെയ്യുവാനും ഹൃദയത്തിൽ അങ്കുരിക്കുന്ന ആശയവിശേഷങ്ങളെ മോഹനമായവിധം പ്രകാശിപ്പിക്കുവാനും കവിക്കുള്ള ശക്തി അന്യാദൃശമാണെന്നു് ഇതിൽനിന്നും തെളിയുന്നു. ഈ കാവ്യഭാഗം വായിച്ചു തീരുന്ന ഏതൊരു സഹൃദയന്റേയും ഹൃദയം ചിന്താനിർഭരവും ആനന്ദവികസിതവുമായിത്തീരും. വിശ്വത്തെ ചിത്രീകരിച്ചശേഷം ഇതിൽ മനുഷ്യനുള്ള സ്ഥാനത്തെപ്പററിയുള്ള വിമർശനമാണു് ഈ കൃതിയുടെ പ്രധാനാംശം. ഗഹനങ്ങളായ വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്ന കവിതകൾ വായിക്കുമ്പോൾ നമുക്കു് ഒരു് ഔന്നത്യം സ്വയം തോന്നുമെന്നു ഞാൻ മുൻപൊരിക്കൽ പ്രസ്താവിച്ചു. അതുപോലെതന്നെ ചില അവസരത്തിൽ നമ്മുടെ നിസ്സാരതയും നിസ്സഹായതയും

നമുക്കു കൂടുതൽ പ്രത്യക്ഷമാകും എന്നുള്ളതിന് മി. ബോധേശ്വരൻെറ ഈ കവിത വായിക്കുമ്പോഴുണ്ടാകുന്ന അനുഭവം സാക്ഷ്യം വഹിക്കുന്നു. ഏകീഭാവം കൂടാതെ പ്രപഞ്ചത്തെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് ഈ അനുഭവം ഉണ്ടാകുന്നത്. ഏകീഭാവം അനുഭവിക്കുന്നപക്ഷം ഫലം ഞാൻ മുൻപു സൂചിപ്പിച്ചതായിരിക്കും.

അമൂർത്തങ്ങളും അതേ സമയം ഗഹനതയ്ക്കു ആധാരയോഗ്യങ്ങളുമായ വിഷയങ്ങളെപ്പററി പ്രതിപാദിക്കുമ്പോൾ കവികളുടെ ഭാവനാശക്തി ചിറകുകൾ വിതിർത്തു് സ്വച്ഛന്ദമായി പറക്കുന്നതു കാണാം. മാംസചക്ഷുസ്സുകൾക്ക് ഗോചരമായ വിഷയങ്ങളുടെ വ്യവസ്ഥാപിതമായ രൂപം കവികളുടെ ഭാവനാശക്തിയെ ശൃംഖലിതമാക്കുന്നുണ്ട്. ആനയെക്കുറിയായിട്ടോ പർവതത്തെ സമുദ്രമായിട്ടോ ഭാവന ചെയ്യുക അത്ര സുകരമായിട്ടുള്ള കാര്യമല്ല. നേരേമറിച്ച് അമൂർത്തമായ കാലത്തേയോ ഏതാദൃശങ്ങളായ മററു വിഷയങ്ങളേയോ കവികൾക്ക് ഏതെല്ലാം വിധത്തിൽ സങ്കല്പിച്ചുകൂടാ? അവയ്ക്ക് ഏതെല്ലാം രൂപങ്ങൾ ആരോപിച്ചുകൂടാ? ക്ഷണോപാധികമോ നാഡികോപാധികമോ ആയ പരിമിതകാലസങ്കല്പത്തിൽ ഗഹനതയ്ക്ക് അവകാശമേയില്ല. നേരേമറിച്ച് അനാദ്യന്തമായ കാലത്തേക്കുറിച്ചുള്ള വിഭാവനം ഗഹനതയ്ക്ക് നിത്യാസ്പദമായിട്ടുള്ളതാണ്. വള്ളത്തോൾ മഹാകവിയുടെ ചിന്താപ്രചോദകവും ഭാവനാസമുജ്ജ്വലവുമായ 'ഇന്നലെ' എന്ന കൃതിയിലെ പ്രഥമശ്ലോകത്തിൽ കാലത്തെക്കുറിച്ച് ഗഹനമായ ഒരു സങ്കല്പം കാണുന്നു.

"നിരപായ കാലജലരാശി തന്നിലെ-
ത്തിരയൊന്നു പിന്നെയുമുയൻ-
വന്നിതാ
കരമേലടിച്ചു ചെറുഖണ്ഡഖണ്ഡമായ്
സ്മരണൈകഗോചരദശാന്തരത്തി-
ലായ്".

അമൂർത്തവിഷയമായ കാലത്തിന് ഇതാ കവിയുടെ ഭാവനാശക്തി ഒരു രൂപം കല്പിക്കുന്നു. അനാദ്യന്തമായ കാലത്തിന് സഹൃദയനായ കവി പരിമിതവും പരിച്ഛിന്നവുമായ ഒരു രൂപം കല്പിക്കുന്ന സാഹസത്തിൽ ഏർപ്പെട്ടുമോ? ഒരിക്കലുമില്ല. കാലത്തേപ്പോലെ തന്നെ പ്രകൃതിയിലെ ആദ്യന്തരഹിതമായ ഒരു മഹാഘടകത്തിൻെറ-അനന്തവിസ്തൃതമായ സമുദ്രത്തിൻെറ രൂപമാണ് കവി കാലത്തിൽ ആരോപിക്കുന്നതു്. ഈ വിശിഷ്ടമായ അധ്യവസായം നിമിത്തം ഗഹനമായ കാലത്തിൻേറയും ഗഹനമായ സമുദ്രത്തിൻേറയും സൗന്ദര്യം നാം യൗഗപദ്യേന ആസ്വദിക്കുന്നു. ദിവസത്തെ തിരയായി കൂടി രൂപണംചെയ്തപ്പോഴേയ്ക്കും കവിയുടെ സങ്കല്പവൈചിത്ര്യം സമ്പൂർണ്ണമായി, വായനക്കാരുടെ ഹൃദയം ആനന്ദഭരിതമായി.

ശ്രീമാൻ നാരായണമേനോൻ അവർകളുടെ 'സത്യഗാഥ' എന്ന മറെറാരു കൃതിയിൽ അമൂർത്തവിഷയമായ സത്തത്തെക്കുറിച്ച് ഗഹനസുന്ദരമായ ഒരു വർണ്ണനം നമുക്കു ലഭിക്കുന്നു. പ്രപഞ്ചം സത്യസ്വരൂപമാണെന്നോ സത്യം പ്രപഞ്ചസ്വരൂപമാണെന്നോ ഉള്ള സങ്കല്പത്തെ മനോരഞ്ജകമായ രീതിയിൽ പ്രതിപാദിച്ചിരിക്കുന്ന ഈ ഹ്രസ്വകൃതി ഗഹനസൌന്ദര്യത്തിൻെറ സ്ഫുരണങ്ങൾ കൊണ്ടു് പ്രകീർണ്ണമായിരിക്കുന്നു.

# സംസാരനൗക

(തുടർച്ച)

---

വിദ്വാൻ, വി. ആർ. പരമേശ്വരൻപിള്ള, പി. ഒ. എൽ.

അസ്തമനസൂര്യന്റെ കിരണങ്ങൾ കേരവൃക്ഷങ്ങളിന്മേൽ നിന്നു മറയാൻ തുടങ്ങി. എന്നാൽ ഇനിയും ഇരുട്ടിയിട്ടില്ല. ആ സമയം കനകവും അവളുടെ സഖിയും കുടത്തിൽ വെള്ളവുമായിട്ടു വീട്ടിലേക്കു പോവുകയാണ്. മാർഗ്ഗമദ്ധ്യേ ഒരു ചെറു പൂന്തോട്ടമുണ്ടായിരുന്നു. കിഴക്കേ ബംഗാളത്തിൽ ഇത്തരം ആരാമം അപൂർവമത്രേ. ഭംഗിയുള്ള ഇരുമ്പഴികളുടെ ഇടയ്ക്കുകൂടി കാണപ്പെട്ട അസംഖ്യം മോഹനകുസുമങ്ങൾ വഴിപോക്കന്മാരുടെ നേത്രങ്ങളെക്കവരുന്നു. പഴയ രീതിയെ പിൻതുടരുന്ന ചതുരമായും വട്ടമായും ഉള്ള പൂപ്പാത്തികളുടെയിടയ്ക്കു ചെമ്മൺപാതകളുണ്ടാക്കിയിരുന്നു. പൂങ്കാവിന്റെ നടുവിൽ ഒരു സരസ്സ്, അതിന്റെ കരയിൽ പുല്ല് സമൃദ്ധിയായി വളർന്നിരുന്നു. ഒരു വശത്തു ഇഷ്ടിക കെട്ടിയുണ്ടാക്കിയ കടവ്. അതിന്ന് അഭിമുഖമായി കേളീസൌധം. അതിന്റെ താഴ്വാരത്തിൽ രണ്ടുപേർ സംസാരിച്ചുകൊണ്ടു നിന്നിരുന്നു.

---

സത്യ'മെന്ന മാസികയ്ക്കു മംഗളാശംസ ചെയ്തു കൊണ്ട് നിർമ്മിച്ച ഒരു പദ്യത്തിൽ സത്യത്തെക്കുറിച്ചു കവിയുടെ മറെറാരു ഗഹനമായ സങ്കല്പം പ്രതിഭാസിക്കുന്നു.

'ശ്രീമാർത്താണ്ഡാമൃതാർച്ചിസ്സുകളിരുവശ-
മാക്കാലവട്ടം പിടിപ്പൂ-
ളമാവേറിട്ടമേതിൻ മകുടമണികളോ
വാനിലെത്താരകങ്ങൾ
ഭീമാബ്ധിസ്തോമമാർ തൻ ജയപടഹമടി-
ക്കുന്നുവോ സത്യനാമാ-
വാമാബ്രഹ്മാണ്ഡസമ്രാട്ടരുളുക കുശലം
'സത്യമേ' നിത്യവും തേ.

ആകെക്കൂടി നോക്കുമ്പോൾ വിഷയത്തിന്റെ അപരിച്ഛിന്നതയും നിരീക്ഷകനായ കവിയുടെ ഹൃദയഗഹനതയും ആണ് ഗഹനസുന്ദരങ്ങളായ കവിതകൾക്ക് പ്രാണഭൂതമായി നില്ക്കുന്നതെന്നു പറഞ്ഞു ചുരുക്കി സമാപിച്ചുകൊള്ളട്ടെ.

അവരിൽ പ്രായം കൂടിയ ആളിന് മുപ്പതിലധികം വയസ്സു കാണും. ഉയൻറ വണ്ണിച്ച ശരീരം. വണ്ണം അയാളുടെ ശരീരത്തിൻെറ ആകർഷകത്വത്തെ ഇല്ലാതാക്കിക്കളഞ്ഞു. നിറം നല്ല കറുപ്പ്. അയാളുടെ ദേഹത്തിൽ ഒരു ഭാഗവും അഴകുള്ളത് എന്നു പറയത്തക്കതായിട്ടില്ല. അയാളുടെ ദർശനം പൊതുവേ വെറുപ്പുളവാക്കി. അരയിൽ ഡാക്കാവേഷ്ടി. ഡാക്കാമൽ കൊണ്ടുള്ള ഒരു തലപ്പാവ് തലയിൽ അങ്ങുമിങ്ങുമുണ്ടായിരുന്ന മുടിയേയും മറച്ചുകളഞ്ഞു. അയാൾ ധരിച്ചിരുന്ന മൽമൽ ഉടുപ്പുമൂലം അയാളുടെ കൃഷ്ണവർണ്ണകളേബരം നല്ലവണ്ണം ദൃശ്യമായിരുന്നു. അതോടുകൂടി അയാൾ അണിഞ്ഞിരുന്ന തങ്കത്തായത്തും കാണപ്പെട്ടു. കഴുത്തിൽ, മന്ദരപർവ്വതത്തെച്ചുററി വളച്ച വാസുകിക്കു സദൃശമായ ഒരു സുവർണ്ണശൃംഖല ഉടുപ്പിനുള്ളിൽനിന്നു വെടിച്ചു വെളിയിൽ വരുന്നതുപോലെ കാണാമായിരുന്നു. ഉടുപ്പിൽ തങ്കച്ചങ്ങലയിൽ കോക്കപ്പെട്ട തങ്കബട്ടൻസ്, പത്തു വിരലുകളിലും പത്തു മോതിരങ്ങൾ. കൈയിൽ യമദണ്ഡത്തിനു തുല്യമായ പിരമ്പു വടി. പാദങ്ങളിൽ 'ഇംഗ്ലീഷ് ജോടുകൾ'

അയാളുടെ കൂട്ടുകാരൻ നല്ല സുന്ദരൻ. സുമാർ ഇരുപത്തിരണ്ടു വയസ്സുപ്രായം. ദേഹാഭ്യാസാഭാവത്താലോ സുഖാനുഭവക്കൂടുതലിനാലോ അയാളുടെ ശരീരകാന്തി മങ്ങിയിരുന്നു. ധരിച്ചിരുന്ന വസ്ത്രങ്ങൾ അത്ര വിലകൂടിയവയല്ല. ഒരു സാധാരണ വേഷ്ടി അതിനു തക്ക ഒരു അങ്കവസ്ത്രം. ദേഹത്തു മൂദുവായ ഒരു കുപ്പായം. കാലുകളിൽ ഇംഗ്ലീഷ്ജോട്. ഒരു വിരലിൽമാത്രം മോതിരമണിഞ്ഞിരുന്നു. സ്വർണ്ണകവചമോ സ്വർണ്ണശൃംഖലയോ അയാളുടെ പക്കലില്ല.

വയസ്സുകൂടിയ ആൾ ഇളയ ആളിനോട് "എന്താ മാധവാ വീണ്ടും കൽക്കത്താഭ്രമംപിടിപെട്ടപോലിരിക്കുന്നത്? എന്തുകൊണ്ടാണിങ്ങനെ?" എന്നു ചോദിച്ചു.

മാധവൻ "ഭ്രമമോ? മധുരച്ചേട്ടാ, കൽക്കത്തയുടെ പേരിൽ എനിക്കു ഭ്രമമാണെങ്കിൽ ചേട്ടനു് രാധാഗഞ്ചിൻെറ പേരിൽ ഭ്രമമാണെന്നു് എനിക്കു എന്തുകൊണ്ടു പറഞ്ഞുകൂടാ?" എന്നായി.

മധുരൻ:—അതെങ്ങനെ?

മാധവൻ:—എങ്ങനെയെന്നോ? ചേട്ടൻ രാധാഗഞ്ച് മാന്തോപ്പിൻെറ തണലിൽ വളൎന്നവനാണ്. അതിനാൽ രാധാഗഞ്ച് അങ്ങേക്കു പടിച്ചിരിക്കുന്നു. ഞാൻ കൽക്കത്തയിലെ ദുർഗ്ഗന്ധത്തിൽ കഴിച്ചുകൂട്ടിയവനല്ലെ? അതുകൊണ്ടു എനിക്കു കൽക്കത്താ പിടിച്ചുപോയി.

മധുരൻ:—ദുർഗ്ഗന്ധം മാത്രമോ? അനിയാ, ആ ഓടകളിൽ പൊങ്ങിവരുന്ന എലികൾക്കും പൂച്ചകൾക്കും കണക്കുണ്ടോ? ദേവന്മാർക്കുപോലും അലഭ്യമായ അത്ര വലിയ സുഖം

മാധവൻ ചിരിച്ചുകൊണ്ട് "ഈ സുഖത്തിനുവേണ്ടിയല്ല ഞാൻ കൽക്കത്തയ്ക്കു പോകുന്നതു്. എനിക്കു് അവിടെ വേറെ ജോലിയുണ്ടു്" എന്നു പറഞ്ഞു.

മധുരൻ "അത്തരം ജോലിയെന്താണവിടെ? പുത്തൻ കുതിരകം, പുത്തൻ വണ്ടി, പകൽ മുഴുവൻ കണ്ടിടത്തെല്ലാം നടക്കുക, പണത്തെ പാഴാക്കുക, രാത്രി ഉണർന്നിരിക്കുക, പരിഷ്കാരികളായ സ്നേഹിതരൊന്നിച്ചു കുടിക്കുക, പിന്നീടു ശൃംഗാരലീലകൾ ഇവ തന്നെയല്ലേ?............ എന്താ? വായ് പിളർന്നുകൊണ്ടു മിഴിക്കുന്നതു്? നീ കനകത്തിനെ കണ്ടിട്ടേയില്ലേ? അവളോടൊന്നിച്ചു വരുന്നവൾ എവിടെ നിന്നു കുതിച്ചു? ആകാശത്തു നിന്നോ?...........അതേയതേ, അവൾ ആരെടേ?" എന്നായി.

മാധവൻറെ മുഖത്തു പെട്ടെന്നു രക്തം വ്യാപിച്ചു. എന്നാൽ തൽക്ഷണംതന്നെ വർത്തമാനം വേറെ വിഷയത്തിലേക്കു മാററിക്കളഞ്ഞു. "കനകത്തെ നോക്കൂ. എത്രയോ കഷ്ടതകൾ അനുഭവിച്ചിട്ടും ചിരിച്ച മുഖത്തോടെ തന്നെ കാണപ്പെടുന്നു" എന്നു പറഞ്ഞു.

മധുരൻ:—അതു ശരിതന്നെ. കൂടെ വരുന്നതാരു്.?

മാധവൻ:—ആരോ എന്തോ? എനിക്കറിഞ്ഞുകൂടാ. അവളുടെ മൂടുപടം മാററി എനിക്കു നോക്കാൻ കഴിയുമോ?

ജലം തുളുമ്പുന്ന കുടം അരയിലേന്തിക്കൊണ്ടു കനകവും കൂട്ടുകാരിയും വരികയായിരുന്നു. കനകത്തെ എല്ലാപേക്കും അറിയാം. മററവളുടെ ഗമനഭംഗിയും അപൂർവ്വലാവണ്യവും മാധവ മധുരന്മാരെ മയക്കി. രണ്ടുപേരും, സംഗീതത്തിൽ മനസ്സുപോയ മാനിനെപ്പോലെ മോഹാവിഷ്ടരായി അവളെത്തന്നെ നിന്നിമേഷം നോക്കിക്കൊണ്ടുനിന്നു.

മാധവൻ പറഞ്ഞുതീന്ന ഉടൻ മന്ദമാരുതൻ ആ തരുണീമണികളുടെ തലയ്ക്കു മുകളിൽക്കൂടി വീശി. അപ്പോൾ യുവതി പരിചയക്കുറവുമൂലം വഴുതിപ്പോയ കുടത്തെ യഥാസ്ഥാനം വയ്ക്കുന്നതിനായി മൂടുപടത്തിൽനിന്നു കൈയ്യെടുത്തു. ആ സമയം ആ പാഴ്കാററു് മൂടുപടത്തെ പറത്തിക്കളഞ്ഞു. അവളുടെ മുഖം കണ്ട ഉടനെ മാധവൻ ആശ്ചര്യത്താൽ സ്തംഭിച്ചുപോയി. മധുരൻ "അതാ നോക്കു അവളാരു്? നിനക്കറിയാമോ?"

എന്നു ചോദിച്ചു.

"അറിയാം"

"അറിയാമോ? നിനക്കു് അറിയാമെങ്കിൽ എനിക്കു അറിഞ്ഞുകൂടാത്തതെന്തുകൊണ്ടു്? ഇവിടെത്തന്നെ പാക്കുന്നവനാണു് ഞാൻ. നീയാകട്ടെ ഇപ്പോൾ വന്നുചേന്നവനും, അറിയാമെങ്കിൽ അവൾ ആരെന്നു പറ?"

"എൻറെ ഭാര്യയുടെ സോദരി."

"നിൻറെ ഭാര്യാസോദരിയോ? രാജമോഹനൻറെ ഭാര്യയോ?"

"അതേ"

"ഞാൻ ഇതേവരെ അവളെ കണ്ടിട്ടില്ല."

"എങ്ങനെ കാണാൻ കഴിയും? അവൾ ഒരിക്കലും വീട്ടിനു വെളിയിൽ ഇറങ്ങാറില്ല."

ഇറങ്ങാറില്ലേ? പിന്നെ ഇന്നു വെളിയിൽ വന്നതു് എങ്ങനെ?"

"എനിക്കു് എന്തറിയാം?"

# ശാശ്വതനൃത്തം.

---

എം. പി. അപ്പൻ, എം. എ, എൽ. ടി.

---

[‘കമലാകരപരിലാളിത’ എന്ന രീതി]

നിരവദ്യനിസർഗ്ഗോജ്ജ്വലനവയൗവനഭാസ്സാൽ
നിയതം നയനാനന്ദസുധാനിർഝരി തൂവും
ലളിതേ, തവപരികോമള ലാസ്യോത്സവവിധിയിൽ
പുളകോൽഗമമിയലുന്നിതു വിശ്വം രസവിവശം.
തരളാനിലനേൽക്കുമ്പൊഴുതിളകും ചെറുതളിരും
തിരമാലയിരമ്പിക്കുതികൊള്ളുന്നൊരു കടലും
തരുണത്വവിലാസാർദ്രതയാലഞ്ചിതമാകും
തവ നർത്തനഗഹനാത്മകതത്ത്വം തിരയുന്നു.

---

“ആളിന്റെ സ്വഭാവമെങ്ങനെ?”

“അറിഞ്ഞുകൂടാ ചേട്ടൻ കണ്ടിട്ടില്ലേ? നല്ല സുന്ദരിതന്നെ.”

“നിന്നോടു ഞാൻ അതു ചോദിച്ചില്ലല്ലോ? ആൾ നല്ല തരക്കാരിയാണോ എന്നാണു് അറിയേണ്ടതു്.”

“നല്ല തരക്കാരിയെന്നതിന്റെ അർത്ഥം എന്താണു്?”

“എടാ നാശമേ, കാളേജിൽ പഠിച്ചു പഠിച്ചു് ഈ നിലയിലായിപ്പോയോ? വെള്ളക്കാരുടെ അടുക്കൽ പഠിച്ചവരോടു സംസാരിക്കാനും പ്രയാസം. ഞാൻ ചോദിച്ചതു അവളുടെ നടത്ത.........”

മാധവൻ പുരികം ചുളിക്കുന്നതുകണ്ടു മധുരൻ അർദ്ധോക്തിയിൽ നിർത്തിക്കളഞ്ഞു.

മാധവൻ നീരസഭാവത്തോടെ “നിങ്ങൾ ഈ മാതിരി പച്ചയായിപ്പറയുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല. വഴിയിൽ കൂടി നടക്കുന്ന കുലസ്ത്രീകളെപ്പററി പറഞ്ഞിട്ടു കാര്യമെന്താണു്.?” എന്നു ചോദിച്ചു.

“ഞാൻ പറഞ്ഞില്ലേ? ഇക്കാലത്തെ പിള്ളേർ രണ്ടു ഇംഗ്ലീഷുവാക്കു പഠിച്ചിട്ടു സായ്പന്മാരായിപ്പോകുന്നു. ഭാര്യാസോദരിയെപ്പററിപ്പറയാതെ പിന്നെ അമ്മൂമ്മയെപ്പററിയാണോ സംസാരിക്കേണ്ടതു്? അതുപോകട്ടെ. മുഖത്തെ ശരിയായി വച്ചോട്ടേ! ആരോ നോക്കി ചിരിക്കാൻ പോകുന്നു. എന്തു ഭാഗ്യം! ആ കോമാളി രാജമോഹനനാണോ ഈ മാതിരി ശുകതരുണി പോലുള്ള ഭാര്യ?”

“എല്ലാം അവരവരുടെ തലയിലെഴുത്തു പോലെ.”

രണ്ടുപേരും കുറേനേരം സംസാരിച്ചു ശേഷം അവരവരുടെ ഗൃഹങ്ങളിലേക്കു പോയി.

(തുടരും)

രസനിർഭരമാം നിന്നുടെ നയനങ്ങളിൽനിന്നും
പ്രസരിച്ചുവരും നേരിയ സുമരീചികളേൽക്കെ
യുവമാനസലതികാളിയിലനുരാഗസുമശ്രീ
നവസൗരഭമാർന്നങ്ങനെ വിടരുന്നു വിലോലം.
ധവളൈന്ദവലളിതപ്രഭപോൽ പിഞ്ചു കിടാവിൻ
കവിളിൽത്തെളിയുന്നൂ കുളിർമൃദുമഞ്ജുളഹാസം.
ചില വേളകളിൽ നിൻതിരു മിഴികൾക്കുളവാകും
ചലനങ്ങളഹോ! ഭീകര ഭംഗോൽക്കടമായി
പുക പൊങ്ങിടുമൊരു തീമലപൊട്ടിച്ചൂരഞ്ഞൊടിയിൽ
സകലം പ്രളയത്തിങ്കൽ ലയിപ്പിച്ചിടുമത്തുലേ
പുലരുന്നിതു, വളരുന്നിതു, പൊലിയുന്നിതു മേന്മേൽ,
ലലിതം സുഖമഖിലം നുകരാതേ നരലോകം.
പ്രമദോത്സവ പരിലോലുപയായ്, സൗരഭപൂരം
പ്രവഹിപ്പൊരു മൃദു പൂന്തളിർ തനുവാർന്നൊരു നീയോ,
വികലത്വമെഴാതനഘ മിഹ നൃത്തരസത്തിൽ
വിലസുന്നിതു ഹാ! സൗഭഗ സാരാമൃതധാരേ!
ജനിയും മൃതിയും നിന്നുടെ നടനത്തിനു ചേർന്നോ-
രനിയന്ത്രിതമാം താളമിയററിത്തിരിയുമ്പോൾ
പരിപാവനമാം പാടലതരളാഭയെഴും നിൻ
ചരണങ്ങളിലമരുന്നൊരു മൃദുരേണുസമൂഹം
പ്രകടോൽബണ കിരണാവലി ചിന്നിച്ചിതറീട്ടും
രവികോടികളായ് വിണ്ണിലുദിച്ചുജ്ജ്വലിക്കുന്നു.
ഒരു നാളുമഹോ! ചാരുത കുറയാതവിഭംഗം
തരുണത്വരസം പൂണ്ടമരും സുന്ദരസുഷമേ!
എത്ര നാളെവിടെന്നെന്തിനു നീയുത്ഭവമാർന്നെ-
ന്നിതുനാൾവരെയറിയാൻ കഴിവായില്ലൊരുവൾക്കും.
ശിശുവായമരാതേ, ജരകലരാതനുദിവസം
ശിശിരാമൃതസുഷമാവൃതയായ് നീ വിലസുന്നു.
പതിവായ്, പരിമൃദുവായ് തവ തനുവിൽ തെളിയുന്നൂ,
പതിനേഴവയസ്സിൻെറ വിലാസങ്ങളശേഷം.
സ്ഫുരിതാഭയെഴും തൈജസഗോളങ്ങൾ തുടങ്ങി-
പ്പരമാണുകദംബംവരെ വിവിധാകൃതി കോലും
ചരലോകവുമചരങ്ങളുമൊന്നായഥ നിന്നോ-
ടൊരുമിച്ചൊരു സമ്മോഹന നൃത്തം തുടരുമ്പോൾ
ഒരു മംഗളസംഗീതതരംഗാവലിയായ് ഹാ!
പരിപൂർണ്ണത പൂണ്ടുന്നിതു ലോകം രസലോലം.

---

# പി. കെ. യുടെ വാഗ്മിത്വം*

പി. കെ. പരമേശ്വരൻനായർ ബി. ഏ.

ഏകദേശം ഇരുപതുവർഷങ്ങൾക്കു മുൻപ് സ്വദേശത്തു ജനനിബിഡമായ ഒരു മഹാസദസ്സിൽ കരഘോഷങ്ങളുടേയും ഹർഷാരവങ്ങളുടേയും മദ്ധ്യേ അന്നു കേവലം ബാലനായിരുന്ന എനിക്കു ദുർഗ്രഹമായ രീതിയിൽ പ്രസംഗധോരണി പൊഴിച്ചുകൊണ്ടുനിന്ന ഒരു പ്രൗഢവിഗ്രഹമാണ്, പരേതനായ പി. കെ. നാരായണപിള്ള അവർകളെപ്പററി സ്മരിക്കുമ്പോൾ എന്റെ സ്മൃതിപഥത്തിൽ പ്രഥമമായി പ്രത്യക്ഷപ്പെടുന്ന ചിത്രം. അന്നത്തെ പ്രസംഗ വിഷയമോ ആ പ്രസംഗത്തിലെ ഏതെങ്കിലും ഒരു ഭാഗമോ ഇന്നെനിക്ക് ഓർമ്മയില്ല. എങ്കിലും പ്രസംഗത്തിന്റെ അനർഗ്ഗളപ്രവാഹത്തിനിടയ്ക്കു ചില സന്ദർഭങ്ങളിൽ ഗാഢമായ ശ്രദ്ധകൊണ്ടു തൂഷ്ണീഭവിച്ചും, മിക്കവാറുംസമയം ആഹ്ലാദരസത്തിൽ ആറാടിയും കഴിഞ്ഞിരുന്ന ശ്രോതാക്കളുടെ ഭാവങ്ങളിൽനിന്നും, മഹാസദസ്സുകളെ ഭരിക്കുവാൻ ജാതനായ ഒരു പ്രതിഭാശാലിയാണ് ആ പ്രസംഗപീഠത്തെ അലങ്കരിച്ചിരുന്നതെന്ന് എന്റെ ബാലമനസ്സിന് ഊഹിക്കുവാൻ കഴിഞ്ഞിരുന്നു. കാലാന്തരത്തിൽ ആ മഹാനുഭാവന്റെ പല പ്രസംഗങ്ങളും അവയുടെ അർത്ഥവ്യാപ്തിയും, ഫലിതരസവിജൃംഭണവും സർവ്വോപരി അനർഗ്ഗളമായ വചോവിലാസവും നല്ലതുപോലെ മനസ്സിലാക്കുവാൻ പ്രാപ്തിയുണ്ടായതിനുശേഷം എനിക്കു ശ്രദ്ധിക്കുവാൻ ഇടയായിട്ടുണ്ടെങ്കിലും ബാല്യകാലസ്മരണകളുടെ കൂട്ടത്തിൽ പ്രദീപ്തമായി നിൽക്കുന്ന മേൽപറഞ്ഞ രംഗംപോലെ മററൊന്നും എന്റെ ഹൃദയത്തെ അത്ര ഗാഢമായ് സ്പർശിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

മലയാളികളുടെ ഇടയ്ക്കു പ്രസംഗകലയിൽ പ്രാവീണ്യം സമ്പാദിച്ചിട്ടുള്ളവർ കുറവല്ല. എന്നാൽ അവരിൽ ഒരു വലിയ വിഭാഗക്കാർ ഇംഗ്ലീഷ് പക്ഷപാതികളോ അഥവാ ഇംഗ്ലീഷിൽ മാത്രം പ്രസംഗിക്കുവാൻ വശമുള്ളവരോ ആണ്. ശേഷിച്ച കൂട്ടകാരിൽ അധികമാളുകളും ജനസാമാന്യത്തിന്റെ വികാരങ്ങളെമാത്രം ഇളക്കിവിടുവാൻ കഴിയുന്ന ഒരുതരം അന്തഃസാരവിഹീനരായ പ്രസംഗക്കാരാണ്. നെടുനെടുങ്കൻ വാചകക്കാർ, കടിച്ചാൽ പൊട്ടാത്ത പദപ്രയോഗക്കാർ, എത്രയായാലും അവസാനിക്കാത്ത ബാഹുല്യക്കാർ, ഓരോ തരം 'സ്പിരിററുകാർ' എന്നിങ്ങനെ പോകുന്നു. മലയാളത്തിലെ വാചാലന്മാരുടെ വകഭേദങ്ങൾ എന്നാൽ ഇവരിൽ നിന്നെല്ലാം . വിഭിന്നരായി ശ്രോതാക്കളുടെ വികാരങ്ങളെക്കാൾ അവ

* സ്മാർത്തപുരുഷനെ ഉദ്ദേശിച്ച് പ്രസിദ്ധീകരിക്കുവാൻ ഇടയുള്ള ഒരു സ്മാരക ഗ്രന്ഥത്തിന് എഴുതിയത്.

രുടെ ചിന്തയേയും ബുദ്ധിയേയും വിജൃംഭിക്കുവാൻ കഴിവുള്ളവരും, താൽകാലികമായ ആകർഷകത്വത്തെക്കാൾ സ്ഥായിയായ ഉത്തേജനത്തിന് പ്രാഗല്ഭ്യമുള്ളവരുമായ യഥാർത്ഥവാഗ്മികളാണെങ്കിൽ മലയാളഭാഷയെ സംബന്ധിച്ചിടത്തോളം വിരളമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വിജ്ഞാനസമ്പന്നരും ചിന്താപടുക്കളുമായ പണ്ഡിതന്മാർ വാഗ്‌വിലാസരഹിതരായും, ഉപരിപ്ലവബുദ്ധികൾ വാഗ്മികളായും കാണപ്പെടുന്ന ദൃഷ്ടാന്തങ്ങൾ വളരെസാധാരണമാണ്. മലയാള സാഹിത്യത്തിൽ വിജ്ഞാനവും ചിന്തയും ഹൃദയാകർഷകമായ വാഗ്‌വിലാസത്തിൽ ചേർത്തിണക്കി സദസ്സുകൾക്ക് ഉന്മേഷവും ഉത്തേജനവും നല്കുവാൻ കഴിവുള്ള ചുരുക്കം ചില വാഗ്മികളിൽ ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ അത്യുന്നതമായ സ്ഥാനം അർഹിക്കുന്നു. പാണ്ഡിത്യത്തിൻെറ കൂടുതൽ കൊണ്ടുള്ള ശുഷ്കത്വമോ, കാര്യമാത്രപ്രസക്തികൊണ്ടുള്ള വിരസതയോ അദ്ദേഹത്തിൻെറ പ്രസംഗങ്ങളെ ബാധിച്ചിട്ടില്ല. പ്രത്യുത, സ്വതന്ത്രമായ ചിന്തകൊണ്ട് നവ്യത ദ്യോതിക്കുന്നതും, ആശയപ്രൌഢിക്കനുസരിച്ച് ഗാംഭീര്യം തുളുമ്പുന്ന ഭാഷാവിലാസംകൊണ്ട് ചിമൽകൃതവും, ഇടയ്ക്കിടയ്ക്ക് സമയോചിതമായി ആവിർഭവിക്കുന്ന ഫലിതപ്രയോഗങ്ങളുടെ ധാരാളത കൊണ്ടു ആഹ്ലാദജനകവും ആദ്യന്തം സാഹിത്യരസസ്ഫുരിതവുമായിരുന്നു അദ്ദേഹത്തിൻെറ പ്രസംഗരീതി. ഹൌണിയിലുംഗൈര്വാണിയിലും കൈരളിയിലും അദ്ദേഹത്തിനുണ്ടായിരുന്ന അപാരമായ പാണ്ഡിത്യസമ്പത്ത് ഈവചോവാഹിനിയെ സദാപി പോഷിപ്പിച്ചുകൊണ്ടിരുന്നു. പണ്ഡിതന്മാർ സാധാരണ ചെയ്യാറുള്ളതുപോലെ പാണ്ഡിത്യപ്രദർശനത്തിനുള്ള അഭിവാഞ്ഛമൂലം ശാഖാചംക്രമണം ചെയ്ത് സദസ്യരെ അദ്ദേഹം മുഷിപ്പിച്ചിരുന്നില്ല. താൻ സമ്പാദിച്ചിട്ടുള്ള ഏതൊരു വിജ്ഞാനശകലവും സ്വകീയചിന്തകൊണ്ട് ഭാസുരമാക്കിയും അവസരത്തിനു യോജിച്ചുമല്ലാതെ അദ്ദേഹം പ്രയോഗിച്ചിരുന്നില്ല. ചില സംസ്കൃതപണ്ഡിതന്മാരെപ്പോലെ ആവശ്യമില്ലാതെ ശ്ലോകങ്ങളുദ്ധരിച്ച് സദസ്സുകളുടെ ക്ഷമ പരീക്ഷിക്കുന്നതിലും അദ്ദേഹം പിന്നോക്കമായിരുന്നു. നൈസർഗ്ഗികമായ വിവാദപടുതയും, വിശകലനകുശലതയും ഒരഭിഭാഷകനെന്നുള്ള നിലയിൽ സമ്പാദിച്ച വാദസമർത്ഥനപ്രവണതയും അദ്ദേഹത്തിൻെറ വാചാപ്രസംഗങ്ങളെ ശക്തിയും ഓജസ്സും ഉള്ളവയാക്കിത്തീർത്തിരുന്നു. അദ്ദേഹത്തിൻെറ ലേഖനങ്ങളിലെപ്പോലെ തന്നെ പ്രസംഗങ്ങളിലും അസ്ഥാനത്തിലുള്ള ഒരു് ഒററ വാക്കോ വാചകമോ കാണാൻ പ്രയാസമാണു്. ഒരു വാദത്തെ സമർത്ഥിക്കുവാനോ ഒരാശയത്തെ പ്രതിഫലിപ്പിക്കുവാനോഎത്ര വാചകങ്ങളും അവയിൽ ഓരോന്നിലുംഎത്ര വാക്കുകളുംആവശ്യമായിരിക്കുന്നുവോ അത്രമാത്രമല്ലാതെ അസ്ഥാനപ്രയുക്തമായി അവയിൽ യാതൊന്നും കാണുകയില്ല. ഒരു് ഒററവാക്കെങ്കിലും പ്രതിപാദനസംരംഭങ്ങൾക്കിടയിൽ തന്നത്താനറിയാതെപ്രയോഗിച്ചുപോയിഎന്നു ശ്രോതാവിനു പറയുവാൻ കഴിയുകയില്ല. പി. കെ. യുടെ ഈ ഗുണങ്ങൾ മൂലം അദ്ദേഹത്തിൻെറ വാചാപ്രസംഗങ്ങൾ ആശയത്തിലും ഭാഷയിലും പ്രായേണ ചിന്തിച്ചെഴുതിയിട്ടുള്ള പ്രബന്ധങ്ങളുടെ

സൌഷ്ഠവത്തെവഹിക്കുന്നു. ആംഗലസാഹിത്യത്തിൽ ബർക്കിന്റെ പ്രസംഗങ്ങൾ ഈ രീതിയിലുള്ളവയാണു്. മലയാളഭാഷയിൽ മററാരുടെയെങ്കിലും വാചാപ്രസംഗങ്ങളെപ്പററി ഈ അഭിപ്രായം ഇത്രമാത്രം പരമാൎത്ഥത്തോടുകൂടിപറയുവാൻ കഴിയുമോ എന്നുസംശയിക്കുന്നു.

വിമർശനബുദ്ധിയോടുകൂടിയുള്ള നിരീക്ഷണമാണു് പി. കെ. യുടെ പ്രസംഗങ്ങൾക്കു് ഇത്ര ഔന്നത്യം നല്കിയിട്ടുള്ളതു്. പാണ്ഡിത്യജന്യമായ ആശയപരമ്പരകളെ നൂലുമാലപോലെ കോൎത്തു കെട്ടി വിരാമശൂന്യമായി പ്രസംഗിക്കുന്ന പതിവു് അദ്ദേഹത്തിനില്ലായിരുന്നു. ആശയങ്ങളെ തേച്ചുമിനുക്കി സ്വായത്തമായ രീതിയിൽ സന്ദർഭാനുഗുണം പ്രയോഗിക്കുന്നതിലത്രേ അദ്ദേഹത്തിന്റെ സാമർത്ഥ്യം വെളിപ്പെട്ടിരുന്നതു്. സാഹിത്യസംബന്ധമായോ രാഷ്ട്രീയമായോ ശാസ്ത്രീയമായോ ഉള്ള പ്രതിപാദനങ്ങളിൽ പി. കെ. യ്ക്കു് ഒരു പ്രത്യേകതയും പുതുമയും കാണുന്നതിന്റെ രഹസ്യം ഇതാണു്. അനേകം സദസ്സുകളിൽ അദ്ദേഹം ചെയ്തിട്ടുള്ള വാചാപ്രസംഗങ്ങൾ പ്രതിപാദ്യ വിഷയങ്ങളെ സംബന്ധിച്ചു മാതൃകാ പ്രബന്ധങ്ങളായി നിലനിന്നു പോരുന്നുണ്ടു്.

അദ്ദേഹത്തിന്റെ അദ്ധ്യക്ഷ പ്രസംഗങ്ങൾ സുപ്രസിദ്ധങ്ങളാണു്. ഇത്ര വളരെ പണ്ഡിതസദസ്സുകളിൽ ആദ്ധ്യക്ഷ്യം വഹിച്ചിട്ടുള്ള ഒരു മലയാളി കാണുമോ എന്നതന്നെയും സംശയം. പി. കെ. യുടെ ആദ്ധ്യക്ഷ്യമെന്നു കേട്ടാൽ ആ സദസ്സുകളിൽ തിങ്ങിക്കൂടുന്ന ജനങ്ങളുടെ കൌതുകം ഒന്നു വേറെ തന്നെയാണു്. എന്നാൽ അദ്ദേഹത്തിന്റെ ആദ്ധ്യക്ഷ്യത്തിൽ കരളുറപ്പോടെ നിന്നു പ്രസംഗിക്കുവാൻ കഴിഞ്ഞിരുന്നവരും ചുരുക്കമാണു്. ഉപസംഹാരപ്രസംഗം മിക്കവാറും ഒരു സംഹാരപ്രസംഗമായിട്ടാണു് കലാശിക്കാറുള്ളതു്. വൃഥാസ്ഥൂലമായും പണ്ഡിതമ്മന്യഭാവത്തിലും അവസരരഹിതമായും പ്രസംഗിച്ചു് ചിലപ്പോൾ ചുളുവിൽ സദസ്യരുടെ കരഘോഷം സമ്പാദിച്ചിട്ടുള്ള ചിലഗംഭീരാശയന്മാരുടെ പ്രസംഗത്തിന്റെ പൊള്ള ഉപസംഹാരപ്രസംഗമദ്ധ്യേ പുറത്താക്കി അതേ സദസ്യരുടെ പരിഹാസത്തിനു് ആ പ്രാസംഗികനെ പാത്രമാക്കിത്തീൎക്കുന്ന രംഗങ്ങൾ പലപ്പോഴും കണ്ടിട്ടുണ്ടു്. മലയാളസാഹിത്യത്തിൽ നല്ല സ്ഥാനം സമ്പാദിച്ചിട്ടുള്ള ഒരാംഗലഭാഷാപണ്ഡിതൻ, മററൊരു പണ്ഡിതന്റെ അദ്ധ്യക്ഷതയിലുള്ള ഒരുയോഗത്തിൽ പ്രസംഗിക്കാമെന്നേൽക്കുകയും, അനന്തരം പി. കെ. യെ യോഗഭാരവാഹികൾ അദ്ധ്യക്ഷനാക്കി എന്നറിഞ്ഞു് പ്രാസംഗികൻ ഏററിരുന്ന കൃത്യത്തിൽ നിന്നു് പിന്മാറുവാൻ ശ്രമിക്കുകയും പ്രവൎത്തകന്മാർ വിവരം മനസ്സിലാക്കി അദ്ദേഹത്തിന്റെ പ്രസംഗത്തെപ്പററി യാതൊന്നും പരാമർശിക്കുകയില്ലെന്നു പി. കെ. യിൽനിന്നും ഉറപ്പുവാങ്ങിച്ചു് പ്രാസംഗികനെ സദസ്സിൽ ഹാജരാക്കുകയും ചെയ്തെന്നുള്ള ഒരു കഥ കോട്ടയം കാളേജിലെ പ്രസ്തുതയോഗത്തിന്റെ ഭാരവാഹികളിൽ ഒരാൾ സരസമായ രീതിയിൽ പറഞ്ഞു് ഞാൻ കേട്ടിട്ടുണ്ടു്. വ്യക്തിപരമായ യാതൊരു വിരോധവും വച്ചുകൊണ്ടല്ല അദ്ദേഹത്തിന്റെ വിമർശങ്ങളെന്നു് അദ്ദേഹത്തിനോടടുത്തു പരിചയിച്ചിട്ടുള്ള ആർക്കും തന്നെ വ്യക്തമായി മനസ്സിലാകാ

തിരിക്കുകയില്ല. എന്നാൽ ഏതൊന്നിനെ ദർശിക്കുമ്പോഴും അതിൻെറ കുറവുകളും വിലക്ഷണതയും എന്തെന്ന് ഉടൻ മനസ്സിലാക്കുവാനുള്ള അസാമാന്യമായ പാടവവും അതു് സരസമായും ചിലപ്പോൾ പരിഹാസസമ്മിളിതമായും പ്രതിപാദിക്കുന്നതിനുള്ള വാസനയും സഹജമായിട്ടുണ്ടായിരുന്നതിനാൽ മേല്പറഞ്ഞ വിമർശനങ്ങൾ നിശിതമായി പുറപ്പെട്ടമെന്നേയുള്ളൂ. കുറവുകളെപ്പോലെ തന്നെ ഗുണഭാഗങ്ങളെ പ്രകാശിപ്പിക്കുന്നതിലും അദ്ദേഹം സമർത്ഥനും ദാക്ഷിണ്യശീലനും ആയിരുന്നുവെങ്കിലും മിക്കപ്പോഴും കുറവുകളുടെ പ്രതിപാദനം ഗുണഭാഗപരാമർശത്തെ നിഷ്പ്രഭമാക്കി തീർക്കത്തക്കവണ്ണം നിശിതമായിരുന്നു വെന്നുള്ളതു് പരമാർത്ഥം തന്നെ എങ്കിലും അദ്ദേഹത്തിൻെറ പരിഹാസം മിക്കവാറും അതു് അർഹിക്കുന്ന സ്ഥാനങ്ങളെ മാത്രമേ ലക്ഷ്യമാക്കിയിരുന്നുള്ളൂവെന്ന സംഗതി സ്മരണീയമായിരിക്കുന്നു.

വളരെ ശുഷ്കമായ വിഷയങ്ങളിൽ പോലും സാരസ്യം കലർത്തി അവയെ രസകരമായ രീതിയിൽ പ്രതിപാദിക്കുവാനുള്ള പാടവമാണു് പി. കെ യെ ബഹുജനാരാധിതനായ ഒരു പ്രസംഗകനാക്കി തീർത്തിട്ടുള്ളതു്. സരസമായ വിഷയങ്ങൾ പോലും ചിലർ പ്രതിപാദിക്കുമ്പോൾ ശുഷ്കമായി പോകാറുണ്ടു്. ഏതു വിഷയത്തേയും സഹൃദയാഹ്ലാദകമായ രീതിയിൽ പ്രതിപാദിക്കുവാനുള്ള വാസന വളരെ ചുരുക്കം ആളുകൾക്കു മാത്രം ലഭിച്ചിട്ടുള്ള ഒരനുഗ്രഹമാണു്. പി. കെ യുടെ സാഹിത്യത്തിനു് പൊതുവായും, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്കു് പ്രത്യേകിച്ചും ഉള്ള ഈ ഗുണം എത്രയും അഭിനന്ദനീയമായിരിക്കുന്നു. എത്ര മണിക്കൂർ നേരം നീണ്ടുനിന്നാലും അദ്ദേഹത്തിൻെറ പ്രസംഗം ആർക്കും മുഷിവുണ്ടാക്കിയിരുന്നില്ല എന്നുള്ളതിൻെറ രഹസ്യവും ഇതു തന്നെയാണു്. വെറും ഫലിതപ്രയോഗങ്ങൾ മാത്രമല്ല ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു്. വാചകഘടനകളുടെ പ്രയോഗം ആശയങ്ങളുടെ അവതരണം, എന്നിവയെല്ലാം അദ്ദേഹത്തിൻെറ സ്വതഃസിദ്ധമായ സാരസ്യം തുളുമ്പിക്കൊണ്ടിരിക്കുന്നു. കാവ്യരസസ്ഫുരിതമല്ലാത്ത ഒരൊററ വാചകം പോലും അദ്ദേഹത്തിൻെറ പ്രസംഗങ്ങളിൽ കാണ്മാൻ പ്രയാസമാണു്. ഇനിയും ഫലിത പ്രയോഗമാണെങ്കിൽ, പ്രസംഗത്തിലും എഴുത്തിലും ഒരുപോലെ ഇത്ര മനോഹരമായ ഫലിതം പ്രയോഗിച്ചിട്ടുള്ള പ്രൌഢ വാഗ്വിലാസിയായ ഒരു മലയാള സാഹിത്യകാരൻ കാണുമോ എന്നു സംശയിക്കുന്നു.

അദ്ദേഹത്തിൻെറ സഹൃദയാഹ്ലാദകമായ പ്രസംഗങ്ങളെപ്പററി രസകരമായ പലതും എൻെറ സ്മരണയിൽ വരുന്നു. പത്തു പതിനാറു വർഷങ്ങൾക്കു മുമ്പു് ദിവാൻ രാഘവയ്യായുടെ അദ്ധ്യക്ഷതയിൽ നടന്ന ഒരു യോഗത്തിൽ പി. കെ. പുരാതനകാലത്തേയും ആധുനികകാലത്തേയും വിദ്യാഭ്യാസക്രമങ്ങളെപ്പററി താരതമ്യപരമായ ഒരു പ്രസംഗം നടത്തിയതായി ഓർക്കുന്നു. തൊണ്ണൂററിഏഴിലെ വിദ്യാർത്ഥി ബഹളം കഴിഞ്ഞിട്ടു് അപ്പോൾ അധികകാലമായിരുന്നില്ല. പി. കെ തൻെറ പ്രസംഗത്തിൻെറ ഒരു ഭാഗത്തു് പുരാതനകാലങ്ങളിൽ ഗുരുക്കന്മാർ വിദ്യാർത്ഥികളെ ഭയങ്കരമായ ശിക്ഷ

കൾ കൊണ്ടു് പീഡിപ്പിച്ചുപോന്ന അവസ്ഥകളെ ഫലിതരസസ്ഫുരിതമായ രീതിയിൽ വർണ്ണിച്ചു. അദ്ദേഹത്തിൻെറ വിദ്യാർത്ഥി ജീവിത കാലത്തു് ചില ആശാന്മാർ വിദ്യാർത്ഥികളെപ്പെടുത്തിയിരുന്ന പാട്ടകൾ വിവരിച്ചതു് വളരെ രസകരമായിരുന്നു. ആധുനികകാലം പഴയകാലത്തെ അപേക്ഷിച്ച് സ്വർഗ്ഗതുല്യമാണെന്നും എന്നാൽ ചില പ്രത്യാഘാതങ്ങൾ ഇപ്പോൾ കണ്ടുതുടങ്ങിയിരിക്കുന്നുവെന്നും അദ്ദേഹം പ്രസ്താവിച്ചു. അനന്തരം ഏതാണ്ടു് താഴെ കാണും പ്രകാരം തുടന്നു. "പുരാതനകാലം വിദ്യാർത്ഥികളുടെ കഷ്ടകാലമായിരുന്നുവെന്നു സമ്മതിക്കുക തന്നെ വേണം. എന്നാൽ കാലം കുറെ കഴിഞ്ഞു് പരിഷ്കൃതരീതിയിലുള്ള വിദ്യാഭ്യാസമായപ്പോഴേയ്ക്കും വിദ്യാർത്ഥികൾ വാദ്ധ്യാന്മാരെ പ്രഹരിച്ചുതുടങ്ങി. അതുകഴിഞ്ഞു് ഈ അടുത്തകാലമായപ്പോഴേക്കും, വിദ്യാർത്ഥികളെയും വാദ്ധ്യാന്മാരെയും മൂന്നാമതൊരു കൂട്ടർ പ്രഹരിച്ചു തുടങ്ങിയിരിക്കുന്നു." സദസ്സ് ഹർഷാരവങ്ങൾകൊണ്ടു് മുഖരിതമായി. മലയാള ഭാഷ നല്ലവശമില്ലായിരുന്ന അദ്ധ്യക്ഷൻെറ മുഖത്തും വിവർണ്ണമായ ഒരു പുഞ്ചിരി പ്രത്യക്ഷപ്പെടുന്നതു് കാണ്മാനുണ്ടായിരുന്നു.

മററൊരു രസകരമായ സന്ദർഭവും എൻെറ ഓർമ്മയിൽ വരുന്നു. 104 ലൊ 105ലൊ ആണെന്നു തോന്നുന്നു. ശ്രീമാൻ ടി.കെ. വേലുപ്പിള്ള അവർകൾ ജൂബിലി ടൗൺഹാളിൽവച്ചു നടത്തിയ ഒരു പ്രസംഗത്തിൽ സ്ത്രീസ്വാതന്ത്ര്യ വാദത്തെ അതികർക്കശമായ രീതിയിൽ ആക്ഷേപിക്കുകയുണ്ടായി. ഇതു് തിരുവനന്തപുരം പട്ടണത്തിലും മററു ചില്ലറസ്ഥലങ്ങളിലും ഉന്നത പരീക്ഷാബിരുദ ധാരിണികളുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാക്കി. ആ പ്രസംഗത്തെ തുടന്നു് പത്രപംക്തികളിൽ സ്ത്രീകളും പുരുഷന്മാരും തമ്മിൽ തീവ്രമായ വിവാദ കോലാഹലം ആരംഭിച്ചു. അനവധി ലേഖനകർത്തികളുടെ നിശിതമായ തൂലികാപ്രയോഗമേററ വശംകെട്ടപ്പോൾ ടി. കെ വേലുപ്പിള്ള അവർകൾ തൻെറ വാദം സമർത്ഥിക്കുവാൻ ശ്രുതിയുക്ത്യനുഭവങ്ങൾ എല്ലാംവച്ച് ഒരു ലേഖന പരമ്പര പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി. ഇതു് സ്ത്രീകളുടെ ക്ഷോഭാഗ്നിക്കു് ആജ്യമായിത്തീന്നു. ചില പുരുഷലേഖകന്മാരും പരുഷമായ ലേഖന പരമ്പരകൾ ആരംഭിച്ചു. തലസ്ഥാന നഗരത്തിലെ ഈ കോലാഹലം നാട്ടിലെ ഇതരഭാഗങ്ങളിലെ ഗൃഹനായികമാർ അറിഞ്ഞിരുന്നുവോ എന്തോ? സ്ത്രീകളും പുരുഷന്മാരും തമ്മിൽ അണിനിരന്നുനിന്നു് ഒരു സാക്ഷാൽ സമരം തന്നെ ഉണ്ടാകുമോ എന്നുതന്നെ സംശയിക്കേണ്ടിയിരുന്നു. പല ഗൃഹസ്സദസ്സുകളിലും സ്ത്രീകളും പുരുഷന്മാരുമായ അംഗങ്ങൾ തമ്മിൽ സമാധാനലംഘനമുണ്ടാകുവാൻ പര്യാപ്തമായ വാദപ്രതിവാദങ്ങൾ അന്നുണ്ടായതായോക്കുന്നു. അങ്ങനെയിരിക്കുമ്പോൾ, തി. വി. മഹാസഭയുടെയാണെന്നു തോന്നുന്നു, ഒരു വാർഷിക സമ്മേളനം സമാഗതമായി. അന്നു് ഹൈക്കോടതി ജഡ്ജിയായിരുന്ന പി.കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ 'ശ്രീമതി' പത്രാധിപ മിസ്സസ്സ്. അന്നചാണ്ടി 'പ്രതിഭാഗം' എന്ന ഒരു പ്രബന്ധം വായിയ്ക്കുന്നതാണെന്നു് യോഗഭാരവാഹികളുടെ നോട്ടീസ്സ് കാണുക

യുണ്ടായി. അദ്ധ്യക്ഷൻെറ നാമമാഹാത്മ്യംകൊണ്ടും പ്രാസംഗികയിലുള്ള കൌതുകംകൊണ്ടും ജൂബിലി ടൌൺഹാളിലെ അന്നത്തെ സമ്മേളനം തിരുവനന്തപുരം നഗരത്തിലെ സ്ത്രീപുരുഷബഹുലമായ പൌരതതികളെകൊണ്ട് നിബിഡമായിരുന്നു. ഗംഭീരമായ ഉപക്രമപ്രസംഗത്തിനുശേഷം മിസസ്സ് അന്നാചാണ്ടിയുടെ പ്രബന്ധപാരായണമാരംഭിച്ചു. ഏതൊരു വിഷയത്തെപ്പററിയാണ് അവർ പ്രസംഗിക്കാൻ പോകുന്നതെന്ന് അധികമാളുകളും നേരത്തെ ഊഹിച്ചിരുന്നില്ലെങ്കിലും പ്രസംഗം വായിച്ചു തുടങ്ങിയപ്പോൾതന്നെ അതു് ശ്രീമാൻ ടി. കെ. വേലുപ്പിള്ള അവർകൾക്ക് നിശിതമായ ഒരു മറുപടിയായിരുന്നുവെന്നുള്ളതു് സ്പഷ്ടമായി. സദസ്സിലെ പുരുഷവിഭാഗത്തെ തല താഴ്ത്തിക്കുന്നതിനും ക്ഷതാഭിമാനകളായ സ്ത്രീകൾ വിജൃംഭിതവീര്യകളും ആഹ്ലാദഭരിതകളും ആയിത്തീരുന്നതിന് പര്യാപ്തമായ പല ഭാഗങ്ങളും ആ പ്രസംഗത്തിൽ അടങ്ങിയിരുന്നു. ശ്രീമാൻ ടി.കെ. വേലുപ്പിള്ള അവർകളും അന്ന് ഹാജരായിരുന്നു. സ്ത്രീസ്വാതന്ത്ര്യത്തിനനുകൂലമായുള്ള അനിഷേദ്ധ്യമായ ന്യായങ്ങളെ ശക്തിയായി ഉദ്ധരിച്ചതോടുകൂടിത്തന്നെ പുരുഷൻ സ്ത്രീയുടെ മേൽകാണിക്കുന്ന സ്വേച്ഛാധികാരപ്രമത്തതയെ പ്രാസംഗിക കഠിനമായി ഭർത്സിക്കുകയുംചെയ്തു. അതിനു പുറമേ പുരുഷന്മാരുടെ പ്രാബല്യം നിലനില്ക്കുന്നിടത്തോളം കാലം സ്ത്രീസ്വാതന്ത്ര്യത്തിന് സമുദായത്തിൽ വലിയ ആനുകൂല്യം ലഭിക്കുക സാദ്ധ്യമല്ലെന്നും പ്രസിദ്ധനിയമപാരംഗതനായ അന്നത്തെ അദ്ധ്യക്ഷനിൽനിന്നുപോലും ഈ വാദത്തിനനുകൂലമായ ഒരു തീരുമാനം പ്രതീക്ഷിക്കുന്നില്ലെന്നും എങ്കിലും ന്യായാധിപനായ അദ്ധ്യക്ഷൻെറ വിധിയെന്തെന്ന് അറിയേണ്ടിയിരിക്കുന്നുവെന്നും പ്രസ്താവിച്ചുകൊണ്ടു് അവർ പ്രസംഗം അവസാനിപ്പിച്ചു.

അദ്ധ്യക്ഷൻെറ ഉപസംഹാരപ്രസംഗം കേൾക്കുവാൻ സദസ്സ മുഴുവൻ ഉൽക്കണ്ഠയോടുകൂടി ശ്രദ്ധിച്ചുതുടങ്ങി. അദ്ദേഹത്തിൻെറ അന്നത്തെ പ്രസംഗത്തിലെ സരസമായ വാചകങ്ങൾ അതുപോലെ എനിക്കു പ്രസ്താവിക്കുവാൻ സാദ്ധ്യമല്ല. അതിൻെറ ഏകദേശരൂപം താഴെ കാണുംവിധമാണ്.

“മാന്യസദസ്യരേ! ഈ സദസ്സിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ വന്നതിൻെറ ദുർഘടം എനിക്കിപ്പോഴാണു മനസ്സിലാകുന്നതു്. ഒരുവൻെറ വിജ്ഞാനത്തിനോ യുക്തിക്കോ അതീതമായ ഒരു വിഷയമാണ് വിവാദലക്ഷ്യമായിത്തീർന്നിരിക്കുന്നതു്. ഈ വാദപ്രതിവാദങ്ങളുടെയെല്ലാം സാരാംശം സഭാവേദിയിലും പത്രപംക്തികളിലുമല്ലാതെ യഥാർത്ഥമായ ജീവിതവേദിയിൽ ഇല്ലെന്നുള്ളതു് എത്രയോ സ്പഷ്ടമാണ്. വാദിയായ പുരുഷനും പ്രതിയായ സ്ത്രീയും തമ്മിൽ പ്രസംഗരംഗങ്ങളിലെ വാദകോലാഹലങ്ങൾക്കു ശേഷം ഗൃഹാന്തർഭാഗങ്ങളിൽ എത്ര രമ്യമായും ദൃഢബദ്ധരായുമാണ് കഴിയുന്നതെന്നുള്ളതു് പ്രത്യേകം പറയേണമോ? പോരെങ്കിൽ സദസ്സുകളിൽ തീവ്രമായി എതിർവാദം ചെയ്യുന്ന മിക്ക പുരുഷകേസരികളും മററു സന്ദർഭങ്ങളിൽ സ്ത്രീകളുടെ അക്രീതദാസന്മാരാ

യാണ് കാണപ്പെടുന്നതു്. സമരോന്മുഖരായി നില്ക്കുന്ന കക്ഷികൾക്ക തന്നെ അവരവരുടെ പക്ഷത്തിൽ ഉത്തമവിശ്വാസമില്ലെന്നല്ലയോ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു്? അതിനാൽ ഈ മിഥ്യാസമരത്തിന് ഒരു തീർപ്പു കല്പിക്കുവാൻ ഞാൻ അത്ര വിഡ്ഢിയല്ല. ഏതായാലും ഇന്നത്തെ പ്രതിഭാഗക്കാരിയായ അഭിഭാഷക ന്യായാധിപനിൽ പക്ഷപാതബുദ്ധിയാരോപിച്ചുകൊണ്ടു വാദിച്ചതിൽ കോർട്ടലക്ഷ്യത്തിനു് ശിക്ഷാർഹയായി തീൎന്നിരിക്കുന്നു എന്നു മനസ്സിലാക്കേണ്ടതാണ്.

ഈ സ്ത്രീ സ്വാതന്ത്ര്യവാദത്തെപ്പററി ചിന്തിക്കുമ്പോൾ ചില കാൎയ്യങ്ങൾ കൂടി പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. പുരുഷൻ സ്ത്രീയെ അടിമയാക്കുമെന്നു പറയുന്നു. പുരുഷനിൽ നിന്നും സ്വതന്ത്രയായി നിൽക്കണമെന്ന് സ്ത്രീ വാദിക്കുന്നു. ഇതു് പുരുഷൻെറ സ്വേച്ഛാഭ്രമം കൊണ്ടാണെന്ന് പ്രാസംഗിക പറയുന്നു. ഞാൻ പറയുന്നതു് ഇതവൻെറ വിഡ്ഢിത്തം കൊണ്ടാണെന്നാണ്. ഒരു പുരുഷനു് ലോകത്തിലെ ഈ ബദ്ധപ്പാടുകളുടെയെല്ലാം അടിസ്ഥാനകാരണമെന്താണ്? തന്റെ ഭാൎയ്യയേയും അവളിൽ നിന്നുണ്ടാകുന്ന സന്താനങ്ങളേയും രക്ഷിക്കണമെന്നുള്ള ഭാരമില്ലെങ്കിൽ അവനെപ്പോലെ ഒരു സ്വതന്ത്രൻ ഭൂമുഖത്തിൽ പിന്നെയാരാണ്?

ഒരു പ്രഭാതത്തിൽ സ്ത്രീ എഴുന്നേററു പുരുഷനോട്ട് പറയുകയാണ് "ഹേ! ഇന്നുമുതൽ നിങ്ങളുടെ പാട്ട് നിങ്ങൾക്ക് ഞങ്ങളുടെ പാട് ഞങ്ങൾക്കു" എന്ന്. അന്നുമുതൽ സ്ത്രീസ്വാതന്ത്ര്യമല്ല പുരുഷസ്വാതന്ത്ര്യമാണ് ലോകത്തിലുണ്ടാകുവാൻ പോകുന്നതു്. ഇന്ന് അസ്വാതന്ത്ര്യം അനുഭവിക്കുന്നതു് വാസ്തവത്തിൽ പുരുഷനാണ്. അവൻെറ ചുമലിൽ ഇരിക്കുന്ന ദുർവഹമായ ഭാരം ഇറക്കുവാൻ തുടങ്ങുമ്പോൾ പരമവിഡ്ഢിയായ അവന്നതിനെ മുറുകെ പിടിക്കുന്നു. ഇതിൽ മി. ടി. കെ. വേലുപ്പിള്ള പ്രഭൃതികളെ തീരെ അഭിനന്ദിക്കുവാൻ നിവൃത്തിയില്ല. ഞാൻ ഇന്നത്തെ പ്രാസംഗികയുടെ വാദത്തെ സൎവ്വാത്മനാ അനുകൂലിക്കുന്നു.

പിന്നെ ഒരു സംശയം മാത്രം ബലമായി മനസ്സിൽ അങ്കുരിക്കാതിരിക്കുന്നില്ല. സകല ഗൃഹങ്ങളിലും അതിപ്രധാനമായ അടുക്കള എന്നൊരു വിഭാഗമുണ്ടല്ലോ. അവിടെനിന്നാണല്ലൊ സ്ത്രീക്കും പുരുഷനും ആവശ്യമായ ഭക്ഷണവിഭവങ്ങളുടെ പുറപ്പാട്ട്. പുരുഷൻ പണ്ടേതന്നെ പാകചിന്താമണിയിൽ അപടുവാണ്. സ്വാതന്ത്ര്യവാദിയായ സ്ത്രീ അതിൽ നിന്നും പുറത്തു ചാടുവാൻ ശ്രമിക്കുന്നു. ഈ നിലയ്ക്കു് അടുക്കളയുടെ അവകാശികൾ ആരെന്നുള്ള പ്രശ്നം നമ്മെ കുഴക്കുന്നു. ഷണ്ഡന്മാരുടെ സംഖ്യ വളരെ പരിമിതമാണല്ലോ. സ്വാതന്ത്ര്യ പ്രശ്നത്തിനു തീർപ്പുകല്പിക്കുന്നതിനു മുൻപു ഇങ്ങനെ പ്രഥമദൃഷ്ടിയിൽ നിസ്സാരമെങ്കിലും ഗൌരവാവഹമായ ചില സംഗതികളും തീരുമാനിക്കേണ്ടിയിരിക്കുന്നു."

ആഹ്ലാദാരവങ്ങളുടെയും കരഘോഷങ്ങളുടെയും മദ്ധ്യേ നടന്ന ഈ സരസഭാഷണം അന്നത്തെ സദസ്സിൻെറ മിഥ്യാഗൌരവത്തെ വളരെ കുറയ്ക്കുകയും ആവശ്യമില്ലാത്ത തൎക്കങ്ങളിൽ ഏൎപ്പെട്ടിരുന്ന

സദസ്യർ വിവേകബുദ്ധിയുള്ളവരായിത്തീരുകയും ചെയ്തു. മററേതെങ്കിലും ഒരദ്ധ്യക്ഷനായിരുന്നു എങ്കിൽ എന്തെല്ലാം അനാവശ്യശാസ്ത്രങ്ങളും വേദാന്തങ്ങളും ഉദ്ധരിച്ചു സദസ്യരെ എത്രമാത്രം മുഷിപ്പിച്ച് അന്നത്തെ നടപടികൾ അവസാനിപ്പിക്കുമായിരുന്നുവെന്നു് ഞാൻ പലപ്പോഴും വിചാരിക്കാറുണ്ട്.

മതം, സമുദായം, രാഷ്ട്രം, കല, ശാസ്ത്രം എന്നിങ്ങനെ വിജ്ഞാനത്തിന്റെ നാനാശാഖകളെപ്പററിയും വ്യുൽപാദകമായ രീതിയിൽ പ്രസംഗിക്കുവാനുള്ള പാടവം പി. കെ. യ്ക്കുണ്ടായിരുന്നുവെങ്കിലും, സാഹിത്യസദസ്സുകളിലെ അദ്ധ്യക്ഷപദവിയിലായിരുന്നു അദ്ദേഹത്തിൻെറ പഞ്ചാനനത്വം വെളിപ്പെട്ടിരുന്നതു്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ, കാവ്യോചിതമായ അലങ്കാരധോരണികൊണ്ടും, ചമൽക്കാരജനകമായ പദപ്രയോഗസൌഷ്ഠവംകൊണ്ടും, സർവ്വോപരിപ്രൌഢഗംഭീരവും സ്വായത്തവുമായ ഒരു പ്രസന്നഭാഷാശൈലിയുടെ നിരന്തരമായ വിലാസഭംഗികൊണ്ടും സഹൃദയസദസ്സുകളെ സാഹിത്യാമൃതത്തിൽ ആറാടിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. വിശേഷിച്ചും, നിസർഗ്ഗസിദ്ധമായ നിരൂപണപാടവത്താൽ അനുഗൃഹീതനായിരുന്ന അദ്ദേഹത്തിന് ഒരു സദസ്സിലെ നടപടികളുടെ വിമർശംകൊണ്ടുതന്നെ രംഗസ്ഥിതരെ രസിപ്പിക്കുവാൻ യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. പ്രാസംഗികന്മാർ കഥാപാത്രങ്ങളും പ്രസംഗവിഷയം ഓരോന്നും ഓരോ സർഗ്ഗവുമായിട്ടുള്ള ഒരു സരസകാവ്യമായിരുന്നു മിക്കപ്പോഴും അദ്ദേഹത്തിൻെറ ഉപസംഹാരപ്രസംഗം. സാഹിത്യത്തിൻെറ പൊതുതത്വങ്ങളുടെ പ്രതിപാദനത്തിൽ ഇത്രപാണ്ഡിത്യം പ്രദർശിപ്പിച്ചിട്ടുള്ള എഴുത്തുകാരും പ്രാസംഗികന്മാരും മലയാളികളുടെ ഇടയിൽ ചുരുക്കമാണു്. ഇടപ്പള്ളി സാഹിത്യപരിഷത്തിൻെറ ഉൽഘാടനാവസരത്തിൽ അദ്ദേഹം ചെയ്തവാചാപ്രസംഗത്തിൻെറ ഗംഭീരമായ മന്ദ്രനാദം ഇന്നും എന്റെ കർണ്ണപുടങ്ങളിൽ മാറെറാലിക്കൊള്ളുന്നു. വിമർശപരമായ പ്രസംഗങ്ങളിൽ കാവ്യരസം കലർത്തി പ്രതിപാദിക്കുവാൻ സ്ലാഘ്യപുരുഷനുണ്ടായിരുന്ന നിരതിശയമായപാടവം ആ പ്രസംഗത്തിൽ പരിസ്ഫുരിച്ചിരുന്നു.

നിയമസഭകളിൽ പി. കെ. ചെയ്തിട്ടുള്ള പ്രസംഗങ്ങളെ പരാമർശിക്കാതെ ഒരു വാഗ്മിയെന്നുള്ള നിലയിൽ അദ്ദേഹത്തെപ്പററിയുള്ള പ്രതിപാദനം പൂർണ്ണമായിരിക്കുകയില്ല. മലയാളഭാഷയിലെന്നപോലെതന്നെ ഇംഗ്ലീഷിലും അദ്ദേഹത്തിനുണ്ടായിരുന്ന സ്വാധീനശക്തിക്കു് പ്രസ്തുത പ്രസംഗങ്ങൾ മായാത്തതെളിവുകളാണു്. എങ്കിലും പി. കെ. യെപ്പോലെയുള്ള ഒരു ഭാഷാപണ്ഡിതൻെറ രാജ്യകാര്യ പ്രതിപാദകമായ പ്രസംഗങ്ങൾ ഒരന്യഭാഷയിലായിപ്പോയതു് വാസ്തവത്തിൽ മലയാളഭാഷയെ സംബന്ധിച്ചിടത്തോളം വളരെ ശോചനീയമായ ഒരു നഷ്ടമാണെന്നു പറയാതെ തരമില്ല. നിയമസഭാനടപടികളും മററും കഴിവുള്ളടിത്തോളം മലയാളഭാഷയിൽ തന്നെയായിരിക്കണമെന്നു ഭാഷാഭിമാനികളുടെ ഇടയിലുള്ള അഭിപ്രായത്തിൻെറ അഭിലഷണീയത ഇപ്രകാരമുള്ള സന്ദർഭങ്ങളിലിലാണു് മനസ്സിൽ പ്രബലമായി പതി

# സങ്കല്പം

(മഹോപാദ്ധ്യായൻ എസ്. എൻ. പിള്ള. ആവണീശ്വരം)

സങ്കല്പമേ! നീ മനുഷ്യചിത്താംബ്ബിയിൽ
പൊൻകപ്പലായ് സഞ്ചരിക്കുന്ന വേള-
യിൽ
അങ്കുരിക്കുന്നു, മുമ്പെങ്ങുമേ കാണാത്ത
തുംഗസുഖത്തിൻെറ മംഗളവീചികൾ.
പുഞ്ചിരിച്ചാത്തായ വെൺനുര സന്തതം
സഞ്ചിതകേളിയിൽ മേളിപ്പു നീളവെ.
വിസ്മൃതിതന്നടിത്തട്ടിലങ്ങാഴ്ന്ന
വിസ്തൃതഭൂതകാലത്തിൻെറ മായകൾ.
വിസ്തൃതനല്ലനീയെങ്കിലും നിൻഫല-
വിസ്തൃതിയാരെസ്സകൃതിയായ് തീർത്തിടാ?

II

ഭാവിതൻ വീഥിയിൽ പുഷ്പം വിതറി നീ,
ഈ വിശ്വമോഹനമേന്മകൾ കാട്ടി നീ,
സ്സ്വീതാഭ തൂകവേ,യാനന്ദസാമ്രാജ്യ-
ശ്വേതാതപത്രത്തണലിലായ്ത്തീന്നു
ഞാൻ
കാമ്യവസ്തുക്കളെൻ ബാഹുലതാഗ്രത്തിൽ
രമ്യസുമങ്ങളായ് മിന്നിയനാരതം.
മന്നിനെ നാകമായ് മാററിയെൻ-
ജീവിത-

---

യുന്നതു്. ഒരു വിവാദപടുവെന്ന നിലയിൽ പി. കെ, നിയമസഭയ്ക്കു് ഒരലങ്കരണമായിരുന്നു. യുക്തിയുക്തമായ പ്രതിപാദനം, വാദപ്രതിവാദ സന്ദർഭങ്ങളിൽ പ്രതിപക്ഷബഹുമാനത്തോടുകൂടിയും എന്നാൽ കക്ക്ശമായും പ്രതിയോഗികളുടെ വാദമുഖങ്ങളെ അടിച്ചുടയ്ക്കുവാനുള്ള സാമത്ഥ്യം, വിശാലവീക്ഷണത്തോടും വ്യുൽപത്തിദാർഢ്യത്തോടുമുള്ള ആശയപ്രകടനം, അനുപമമായ വിശകലനകുശലത എന്നിങ്ങനെ ഒരു രാഷ്ട്രീയ കാര്യ്യവിവാദകനു് ആവശ്യമുള്ള സകലഗുണങ്ങളും ഈ പ്രസംഗങ്ങളിൽ പ്രതിഫലിച്ചു കാണുവാൻ കഴിയും. നായർ റഗുലേഷൻ മുതലായ നിയമങ്ങളുടെ നിമ്മാണം സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളിൽ പി. കെ, നിയമസഭയിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങൾനിയമസഭാറിപ്പോർട്ടുകൾ വായിക്കുന്നവക്കു് ഞാൻ മേൽപ്രസ്താവിച്ചതിൻെറ പരമാത്ഥം ഇന്നും മനസ്സിലാക്കുവാൻ കഴിയുന്നതാണു്. ഗംഭീരങ്ങളായ പ്രഭാഷണങ്ങൾ അദ്ദേഹം മലയാളത്തിൽ നിർവഹിച്ചിരുന്നുവെങ്കിൽ പ്രസംഗസാഹിത്യത്തിൽ അല്പവിഭവയായ കൈരളി ഇന്നു് എത്ര കണ്ടു കനകാഭിഷിക്തയായി തീരുമായിരുന്നുവെന്നുള്ള ഒരു ചിന്താഗതി ഏതൊരു ഭാഷാഭിമാനിക്കും ഉണ്ടാകാതിരിക്കുകയില്ല.

മേൽപറഞ്ഞ വിധം നാനാമാഹാത്മ്യങ്ങളാൽ അനുഗൃഹീതനായ ഒരു വാഗ്വിലാസിയാണു്, പി. കെ.-യുടെ ചരമം മൂലം മലയാളഭാഷയ്ക്കു് നഷ്ടമായിരിക്കുന്നതു്. ഈ നഷ്ടം പരിഹരിക്കപ്പെടുവാൻ ഇനിയും എത്രയോ കാലങ്ങൾ വേണ്ടിവരുമെന്നു് ആരറിഞ്ഞു? എങ്കിലും ഉൽകൃഷ്ടമായ അദ്ദേഹത്തിൻെറ ദൃഷ്ടാന്തം ഭാവിയിൽ കേരളീയക്കു് ഒരു പ്രചോദനമായിത്തീരുമെന്നു് നമുക്കു പൂർണ്ണമായി വിശ്വസിക്കാം.

# രണ്ടു പ്രാചീനകാവ്യങ്ങൾ

പി. ശേഷാദ്രി അയ്യർ ബി. ഏ. എം. എൽ.

കാവ്യത്തിൻെറ സാമഗ്രി മനുഷ്യഹൃദയമാണു്. മനുഷ്യഹൃദയത്തിൻെറ അംശമോ അഥവാ അതിൻെറ സഞ്ചാലകമോ അല്ലാത്ത യാതൊന്നും കാവ്യോപയോഗത്തിനു യോജിച്ചതല്ല. എന്നാൽ പല മഹാകവികളും അതിമാനുഷന്മാരുടെ ഗുണവർണ്ണനകളിൽ രസികന്മാരായി കാണപ്പെടുന്നുണ്ടു്. അവയിൽഅധികവും മനുഷ്യചരിത്രചിത്രങ്ങൾ രചിക്കുമ്പോൾആനുഷംഗികമായി വരുന്നവമാത്രമാണു്. മഹാഭാരതം, ഇലിയഡ് മുതലായ പ്രാചീനകാവ്യങ്ങൾ മാനുഷ നായികാനായകന്മാരുടെ ചരിത്രങ്ങളോടൊപ്പം ആനുഷംഗികമായി ആവിർഭവിച്ചിട്ടുള്ള ദേവചരിത്രങ്ങൾ നിറഞ്ഞവയാണു്. ദേവചരിത്രങ്ങൾ വർണ്ണിക്കുമ്പോൾ വിശേഷിച്ചു് രസഹാനി വരാൻ കാരണമുണ്ടു്. മനുഷ്യ ചരിത്രാനുകാരികളല്ലാത്തവരുടെ കഥകളിൽ മനുഷ്യരായ ലേഖകന്മാൎക്കോ, വായനക്കാൎക്കോ സഹൃദയത്വം ജനിക്കുവാൻ പ്രയാസം തന്നെയാണു്. ഒരു മനുഷ്യൻ ഗംഭീരമായ കാളിന്ദീഹ്രദത്തിൽ വീണെന്നും, ആ സ്ഥലം ഭയങ്കരമായ ഒരു കാളസൎപ്പത്തിൻെറ അധിവാസസ്ഥാനമാണെന്നും കേട്ടാൽ നമുക്കു് ഭയമുണ്ടാകുന്നു. ഈ മഹാവിപത്തിൽ ആമഗ്നനായ മനുഷ്യനു് മരണം സംഭവിച്ചേക്കാനിടയുണ്ടെന്നുള്ള ആശങ്കമൂലം നാം ഭീതരും ദുഃഖിതരുമായിത്തീരുന്നു. എന്നാൽ ഒരു കവിയുടെ തൂലികാഗ്രത്തിൽനിന്നും നിൎഗ്ഗമിക്കുന്ന ഈ ആശയത്തിന്റെ രസനിഷ്പാദനവൈചിത്ര്യത്താൽ കാളിന്ദിയിൽ നിമഗ്നനായ മനുഷ്യൻ വാസ്തവത്തിൽ മനുഷ്യനല്ലെന്നും, ജലത്തിന്റേയോ, സൎപ്പത്തിന്റേയോ ശക്തിയ്ക്കു് അധീനനല്ലെന്നും, നേരേമറിച്ചു് ഇച്ഛാമയനും സർവശക്തിസമ്പന്നനുമാണെന്നും അറിവുണ്ടാകുന്നതിനാൽനമ്മുടെ ഹൃദയത്തിൽ ഭയശങ്ക ഇല്ലാതാകുന്നു. അജയ്യനും അനശ്വരനുമായ ആ പുരുഷൻ നിശ്ചയമായും കാളിയദമനം ചെയ്തു് കരയ്ക്കു കയറുമെന്നു് നാം നിശ്ചയിക്കുന്നു. ഇപ്രകാരം പൂൎവ്വികന്മാരായ കവിവരേണ്യന്മാർ ദൈവികങ്ങളും അതിമാനുഷങ്ങളുമായ ചിത്രങ്ങളെ സൃഷ്ടിച്ചു ലോകത്തെ ആനന്ദിപ്പിക്കാൻ ശക്തന്മാരായിരുന്നു. അവർ ദേവചരിത്രങ്ങളെയും

---

പ്പൊന്നിൽ സുഗന്ധം പരത്തിത്തരത്തിൽ ഞാൻ
പോകുമിതേവിധം മുമ്പോട്ടു ഞാനിനി-
ശോകപ്പരപ്പിൻ നിഴലേററിടാതെ താൻ.

III

ജീവിതവന്മരുഭൂവിനെ നന്ദന-
പ്പൂവനമാക്കുന്ന ദിവ്യസങ്കല്പമേ!
ശ്രീവിലാസോദയരംഗമേ! മാനസ-
ഭൂവിനു ജാഹ്നവീദേവീപ്രവാഹമേ!
മോടിയിലെന്മനോവാടിയിൽ നീയൊരു
വാടാവലിക്കായ് പരിലസിക്കേണമേ.

മനുഷ്യചരിത്രാനുകാരികളായിത്തന്നെ വർണ്ണിച്ചു. തന്മൂലം അവ സർവാദരണീയമായിത്തീർന്നു.

പ്രായേണ മനുഷ്യർ രാഗദ്വേഷാദികൾക്ക് വശീഭൂതരും, സുഖോത്സുകരും, ദുഃഖപരാങ്മുഖരും ആശാലുബ്ധരും, സൗന്ദര്യമുഗ്ദ്ധരും അനുതാപതപ്തരുമാണ്. ദേവതകളും ഏതാദൃശന്മാരായിത്തന്നെ വർണ്ണിക്കപ്പെട്ടിരിക്കുന്നു. ശ്രീകൃഷ്ണൻ ജഗദീശ്വരൻെറ അംശസ്വരൂപമെന്നോ സമ്പൂർണ്ണാവതാര സ്വരൂപമെന്നോ പറയപ്പെടുന്നെങ്കിലും മനുഷ്യധർമ്മാവലംബിയാണ്. മനുഷ്യചരിത്രത്തിൽ ഉണ്ടാകാവുന്ന പരമോത്കൃഷ്ടങ്ങളായ മനോവൃത്തികൾ ഭാഗവതകർത്താവിനാൽ വിരചിതമായ ശ്രീകൃഷ്ണചരിത്രത്തിലും കാണപ്പെടുന്നുണ്ട്. മാനുഷികമായ ഈ ചരിത്രത്തിൽ അതിമാനുഷമായ ബലത്തിന്റേയും ബുദ്ധിയുടേയും സംയോഗംനിമിത്തം ചരിത്രത്തിന് മനോഹരത വർദ്ധിക്കുന്നതേയുള്ളു. ഇവിടെ കവി മാനുഷികബലാഭിവൃദ്ധിയിൽ സൌന്ദര്യത്തിൻെറ പരമോത്കൃഷ്ടസ്ഥാനത്തെയാണ് സൃഷ്ടിക്കുന്നതു്. കാവ്യത്തിൽ അസ്വാഭാവികമായ ഇത്തരം സൃഷ്ടി ഉപകാരപ്രദമായിത്തന്നെ തീരുന്നു. സ്വാഭാവികമായുള്ളവ എല്ലാം നിയമങ്ങൾക്ക് അധീനമാണോ ആ നിയമങ്ങൾക്കുതന്നെ അസ്വാഭാവികമായതും അധീനമായിത്തീരുന്നു എന്നു സിദ്ധിക്കുന്നു.

സംസ്കൃതത്തിലും ഇംഗ്ലീഷിലും പല മഹാകാവ്യങ്ങൾ ഉണ്ട്. അവയിൽ ദൈവികങ്ങളും പ്രകൃത്യതീതങ്ങളുമായ ചരിത്രങ്ങൾ കേവലം ആനുഷംഗികങ്ങളല്ല. നേരേമറിച്ച് മൌലികങ്ങളായിത്തന്നെ കാണപ്പെടുന്നു. കുമാരസംഭവം, Paradise Lost എന്നിവ ഈ ഇനത്തിൽ ഉൾപ്പെടുന്നു. മില്ട്ടൻേറ നായകൻ ദേവപ്രകൃതനും പ്രതിനായകൻ സാററനുമാണ്. സാററനും സാററൻെറ അനുചരന്മാക്കും ഈശ്വരനോടാണ് വൈരമുള്ളതു്. തന്മൂലം യുദ്ധമുണ്ടാകുന്നു. ഇവിടെ കവി ഒരു വശത്തെയും വേണ്ടവിധം മനുഷ്യപ്രകൃതിവിശിഷ്ടമാക്കുന്നില്ല. അദ്ദേഹം സ്വയം ഉത്കൃഷ്ടമായ കാവ്യരസാവിഷ്കരണം നടത്തി കൃതാൎത്ഥനാകുന്നുണ്ടെങ്കിലും ലോകരഞ്ജനത്തിന് അതു് എത്രത്തോളം സഫലമാകുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. Paradise Lost അത്യുത്കൃഷ്ടമായ ഒരു മഹാകാവ്യമായി ഗണിക്കപ്പെടുന്നെങ്കിലും ആരും തന്നെ അതു് ആദ്യന്തം തുടൎച്ചയായി വായിക്കാറില്ല. ആനുപൂർവ്വികമായ ഒരു പഠനം തന്നെ വളരെ ക്ലേശകരമായിട്ടാണ് തോന്നാറുള്ളതു്. മില്ട്ടനെപ്പോലെ പ്രഥമഗണനയിൽ ഉൾപ്പെടാത്ത ഒരു കവിയാണ് അതെഴുതിയിരുന്നതെങ്കിൽ അതു വായിക്കാൻ തന്നെ ആരും ഉണ്ടാകുമായിരുന്നില്ല. മനുഷ്യചരിത്രത്തിൻെറ അനുകരണമല്ലാത്ത ദൈവചരിത്രത്തിൽ മനുഷ്യൻ തന്മയനാകുന്നില്ല എന്നതാണ് അതിനുകാരണം. ഈ കാവ്യത്തിൽ ആദാമിന്റെയും ഈവിന്റെയും വാക്കുകൾ നമുക്കു കൂടുതൽ ആനന്ദദായകമാണ് എന്നാൽ അവർ കാവ്യത്തിലെ പ്രകൃതനായികാനായകന്മാരല്ല. അവരുടെ ഉല്ലേഖം ആനുഷംഗികം മാത്രമാണ്. ആദാമും ഈവുമാണ് അതിലെ മനുഷ്യപ്രകൃതികൾ. അവർ മനുഷ്യരുടെ ആദിമപിതാക്കളാണ്. പാൎത്ഥിവസുഖദുഃഖ

ങ്ങൾക്ക് അധീനരും പാപരഹിതരുമത്രേ അവർ. മനുഷ്യർക്കുള്ള ലോകാനുഭവങ്ങൾ ഒന്നും അവക്കു ലഭിച്ചിട്ടില്ല. അതുകൊണ്ട് പ്രസ്തുതകാവ്യം മനുഷ്യപ്രകൃതിയെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ളതല്ലെന്നു തന്നെ പറയാം.

കുമാരസംഭവത്തിലും മനുഷ്യരാരുമില്ല. പ്രധാനനായകൻ സാക്ഷാൽ പരമേശ്വരനാണ്, നായിക ശ്രീപാർവതിയും. ഇവരെ കൂടാതെ പർവ്വതം, പർവ്വതമഹിഷി, ഋഷികൾ, ബ്രഹ്മാവ് ഇന്ദ്രൻ, കാമദേവൻ, രതി മുതലായവരാണു മററു പാത്രങ്ങൾ. ഈ കാവ്യത്തിൻെറ യഥാൎത്ഥതാത്പര്യം അത്യന്തം ഗൂഢമാണ്. ഈ പ്രപഞ്ചത്തിൽ രണ്ടുതരം മനുഷ്യർ അന്യോന്യം സദാ വിവദിച്ചു കഴിയുന്നു. ആദ്യശ്രേണിയിലുള്ളവർ ഇന്ദ്രിയപരായണന്മാരും, ഐഹികസുഖമാത്രാഭിലാഷികളും പാരത്രികചിന്താവിരതന്മാരുമാണ്. രണ്ടാമത്തെ കൂട്ടർ വിഷയപരാങ്മുഖരും സാംസാരികസുഖവിദ്വേഷികളും ഈശ്വരചിന്താമഗ്നന്മാരുമത്രേ. ആദ്യത്തെ കൂട്ടർ ശാരീരികസുഖത്തെ മാത്രമേ കാര്യമായി കരുതുന്നുള്ളു. മററവർ ശാരീരികസുഖത്തിൽ അനുചിതമായ വിദ്വേഷവും പ്രകടിപ്പിക്കുന്നു. വാസ്തവത്തിൽ ഈ രണ്ടുകൂട്ടരും ഒരുതരം ഭ്രാന്തന്മാരാണ്. ഈശ്വരപരായണന്മാർക്ക് ഈശ്വരദത്തമായ ഇന്ദ്രിയങ്ങളെ അമംഗളകരമെന്നു കരുതുന്നതും അശ്രദ്ധേയങ്ങളെന്നു വിഗണിക്കുന്നതും നന്നല്ല. അമിതമായ ശാരീരികഭോഗം ദൂഷ്യമുള്ളതാണെങ്കിലും പരിമിതമായ ശാരീരികസുഖം സംസാരത്തിൻെറ നിയമമാണ്; പ്രപഞ്ചരക്ഷയ്ക്കു കാരണമാണ്. അതു് ഈശ്വരോദ്ദിഷ്ടവും ധൎമ്മത്തിൻെറ പൂൎണ്ണതയ്ക്കു് ഉതകുന്നതുമാണ്. ഈ ശാരീരികപാരത്രികധൎമ്മങ്ങളുടെ സമുച്ചയത്തെ ഗാനം ചെയ്കയത്രേ കുമാരസംഭവം കാവ്യത്തിൻെറ ഉദ്ദേശ്യം. പാൎത്ഥിവപൎവ്വതോല്പന്നമായ ഉമ ശരീരരൂപിണി (ശാരീരികസുഖത്തിന്റെ പ്രതിനിധി)യും, തപശ്ചാരിയായ ശിവൻ പാരത്രികശാന്തിയുടെ പ്രതിമയുമാണ്. ശാന്തിലാഭത്തിനുള്ള ആകാംക്ഷമൂലം ഉമാദേവി ആദ്യം മദനനെ സഹായിയാക്കുന്നു. എന്നാൽ അതു കേവലം നിഷ്ഫലമാകുകയാണു ചെയ്യുന്നതു്. ഇന്ദ്രിയസേവയിൽകൂടി ശാന്തി ലഭിയ്ക്കുക സാദ്ധ്യമല്ല. ഒടുവിൽ സ്വാന്തഹൃദയത്തെ വിശുദ്ധമാക്കി, ഇന്ദ്രിയാസക്തിയെ മനസ്സിൽ നിന്നും നിശ്ശേഷം അകററി ശാന്തിയെ അന്വേഷിച്ചപ്പോൾ അതു ലഭ്യമായി. ആവശ്യമായ ചിത്തശുദ്ധിയുണ്ടെങ്കിൽ ഐഹികവും പാരത്രികവും പരസ്പരവിദ്വേഷികളല്ല; പിന്നെയോ പരസ്പരസഹായികളാണ്.

ഇപ്രകാരം കവി, മനോവൃത്തി മുതലായവയെ നായികാനായകന്മാരായി നിബന്ധനം ചെയ്കയും ലോകപ്രീത്യൎത്ഥം ലൌകികദേവതാദികളുടെ നാമധേയങ്ങളിൽകൂടി നമുക്ക് പരിചിതന്മാരാക്കുകയും ചെയ്യുന്നു. എന്നാൽ ദേവചരിത്രപ്രണയനത്തിൽ അദ്ദേഹം മില്ട്ടനെ അപേക്ഷിച്ച് അത്യധികമായ കൌശലം പ്രകടിപ്പിച്ചിട്ടുണ്ട്. കാവ്യഗുണം നോക്കുകയാണെങ്കിൽ (Paradise Lost) നെക്കാൾ കുമാരസംഭവം എത്രയോ ഉച്ചമാണ്. കുമാരസംഭവത്തിലെ തൃതീയസൎഗ്ഗത്തിനെപ്പോലെ കാവ്യഗുണം ലോകത്തിൽ ഏതെങ്കിലും ഭാഷയിൽ വിരചിതമായ

# വേണ്ടിനി ഖേദം തെല്ലും.

കെ. ചന്ദ്രശേഖരൻപിള്ള, തിരുവല്ലാ.

കല്പാന്തസംരംഭമോ വേലവിട്ടതിക്രമി-
ച്ചബ്ധിയിലുയൎന്നു പോയ് ഭീഷണ കല്ലോലങ്ങൾ
വാനിൽനിന്നടൎന്നിതാ വീഴുന്നു നക്ഷത്രങ്ങൾ
വാർമതിബിംബത്തിൽനിന്നുയൎന്നു തീജ്ജ്വാലകൾ
ഇന്നത്തെ വിഭാതത്തിൽ ചെമ്പട്ടാംബരം ചാൎത്തി
സുന്ദരിയുഷാദേവി വന്നുനില്ക്കവേ, ദ്രുതം
കൎമ്മസാക്ഷിതൻ രക്ത നേത്രാന്തങ്ങളിൽ നിന്നു
നിൎമ്മായം പരക്കയായഗ്നിതൻ സ്ഫുലിംഗങ്ങൾ
വിസ്തൃതനീലാകാശം രക്തവൎണ്ണമായ് മാറി
ക്ഷുദ്രമൺതരിപോലും ചോപ്പണിമണിയായി
ആണ്ടുപോയ് ദുരവസ്ഥ തന്നിലീലോകം നിദ്ര
താണ്ടി മാമല ഗൎജ്ജിക്കുന്നിതാ വീണ്ടും വീണ്ടും
ശാന്തനാം വാരാന്നിധി ഭീകര വീചീരാശി
താഡനം താളത്തിനൊപ്പം താണ്ഡവം തുടങ്ങുന്നു.
നീലവാർ വാനം മൂടി കല്പാന്തമേഘത്തിനാൽ

---

കാവ്യത്തിനുണ്ടോ എന്നു സംശയമാണ്. ഇരുവരുടേയും കവിതാകൌശലം താരതമ്യം ചെയ്തു നോക്കിയാൽ മില്ട്ടനെ അപേക്ഷിച്ചു കാളിദാസൻ അത്യധികമായ പ്രശംസയെ അൎഹിക്കുന്നുണ്ട്. കുമാരസംഭവത്തെ ഏതൊരു സഹൃദയനും ആദ്യന്തംഹൃദ്യമായിത്തന്നെ കരുതുന്നു. ആവൎത്തിച്ചാവൎത്തിച്ചു വായിച്ചാലും തൃപ്തി വരാതവണ്ണം അതു് ആസ്വാദ്യതരമാണ് മാധുൎയ്യപൂൎണ്ണമാണ്. ഉമാദേവി ആദ്യന്തം മനുഷ്യരൂപിണിയായിത്തന്നെ കഴിയുന്നു. അവരിൽ ഒരിടത്തും ദേവത്വം കാണുന്നില്ല. ഉമയുടെ മാതാവും മനുഷ്യമാതാവിനെപ്പോലെ തന്നെയാണ്.

"പദം സഹേത ഭ്രമരസ്യ പേലവം
ശിരീഷപുഷ്പം ന പുനഃ പതത്രിണഃ"

എന്ന ശ്ലോകാൎദ്ധം മൺടേഗ് പറഞ്ഞതായ ഉപമയോടു് തുലനംചെയ്തു നോക്കിയാൽ ഉമയുടെ മാതാവും റോമിയോയുടെ പിതാവും ഒരേ പ്രകൃതക്കാരാണെന്നു കാണാവുന്നതാണ് സമ്പൂൎണ്ണമായ മനുഷ്യപ്രകൃതി. മേനക പാഷാണപർവതറാണിയാണ്. എന്നാൽ മാനുഷിയെപ്പോലെ അവരുടെ ഹൃദയം കുസുമസുകുമാരമത്രേ.

നാലുഭാഗത്തും കൊടുംകാററടിക്കയായ് പാരം
മേദിനി വിറകൊൾവൂ വിപ്ലവം തലപൊക്കി
ശാന്തിതൻ നാമം പോലും കേൾപ്പതില്ലിന്നീ ഭൂവിൽ
ഇന്നത്തെപ്പരിഷ്കാരം രക്തസംതൃപ്തയല്ലീ
നന്നുതാൻ നരവൃത്തി കഷ്ടമേ കഷ്ടം കഷ്ടം!!!
ഉന്മദം പെരുക്കയാലുച്ചമാമനുഭാവ-
മുണ്മയൊത്തധ: പതിച്ചീടുവാനിടയായി
ഉൽക്കട ദാരിദ്ര്യത്താൽ ഹൃത്തടമുരുകിടും
ദുഖലോകത്തിൽ ദീർഘനിശ്വാസ മുയരവേ
ആടലാലകം വിങ്ങിവീർപ്പിടും പാവങ്ങൾ ത-
ന്നാഹത ഞരക്കങ്ങൾ പൊങ്ങീടുന്നെല്ലാടവും
അമ്മണിക്കുഞ്ഞുങ്ങൾ നല്ലാരോമൽ കരുന്നുക—
ളമ്മിഞ്ഞപ്പാലിന്നായിട്ടമ്മതൻ ചാരത്തെത്തി
അർത്ഥിക്കേ മാതവപ്പോളാടലാലകം നീറി
നൽകുന്ന പച്ചവെള്ളം ദാരിദ്ര്യ വിനിസ്സൃതം
മർത്ത്യർതൻ ശ്വാസോച്ഛ്വാസ വേഗത്തിനിടയിലു-
മാർത്തിതൻ ദുഃഖപൂർണ്ണകഥയേ കേൾപ്പാനുള്ളൂ
ആശയ്ക്കും വഴിയില്ല; തെല്ലില്ല പ്രതീക്ഷയും
ആജന്മ ദ്രോഹമെന്തേ ചെയ്തു പോയിപ്പാവങ്ങൾ
ആശതൻ വിശാലമായുള്ളൊരു ശ്മശാനത്തി-
ലാടലിൻ ദീപജ്വാല യനൃഹം ജ്വലിക്കുന്നു.
വാരിളംപൂമൊട്ടുകളെത്രയോ വിടർന്നു നൽ
സൗരഭം തൂവുംമുമ്പേ വാടുന്നു കരിയുന്നു.
ഹാ! വിശക്കുന്നുവെന്നു ചൊല്വതിൻ മുമ്പേതന്നെ
ആവിലം വർഷിക്കയായവൻമേൽ പാഷാണങ്ങൾ.
ദുഷ്പ്രതാപം താൻ മർത്ത്യസ്വാതന്ത്ര്യം ഹരിച്ചു ഹാ
നിഷ്കൃപപാരതന്ത്ര്യ ശൃംഖലാബന്ധത്തിനാൽ
വിശ്വശാന്തിതൻ പേരിൽ നിശ്ചലംതുടങ്ങയായ്
വിശ്വമാകവെ അനിചാരങ്ങളനർത്ഥങ്ങൾ
ഇച്ഛാനുസാരം നിജ ശോണിത പിപാസതൻ
മൂർച്ഛയാൽ മനുഷ്യനീയുലകമിമ്മട്ടാക്കി.

* * * *

നോക്കുവിൻ കിഴക്കിതേ സംശാന്ത മഹസ്സെഴ-
മാരമ്യ കിരണങ്ങൾ നാലഞ്ചു പരന്നുപോയ്
ഘോരമാം തപസ്സിനാൽ ഛന്നമീലോകം കണി-
കാണിപ്പാൻവന്ന നവ്യജീവിത ജ്യോതിസ്സിതേ.

വേണ്ടിനിഖേദം തെല്ലു മിന്നി മേലില്ലാതാകു-
മീർഷ്യയു മുൾംപീഡയും തിന്മയും ലോകത്തിങ്കൽ
നിശ്ചയം നരൻ നരനായിനി വർത്തിച്ചീടാം
ശാശ്വത സർവ്വജനസുഖവും കൈവന്നീടും.

---


# NARADAR

(An Anglo Vernacular Magazine dealing in Humorous and other Topics of General Interest.)

(Licence No. 402 Dated 3--9—'40.

# നാരദർ

ചെറുകഥകൾ, വിനോദപരമായ തൂലികാചിത്രങ്ങൾ, കുറിപ്പുകൾ, വിമർശനങ്ങൾ, സാഹിത്യനിരൂപണങ്ങൾ മുതലായവ അടങ്ങിയ ഒരു ഇംഗ്ലീഷ് മലയാളമാസിക. :: ::

"ലേഖകന്മാരെയും, ഏജൻറന്മാരെയും ആവശ്യമുണ്ട്."
ഏജൻസി വ്യവസ്ഥകൾക്കു ഉടൻ അപേക്ഷിക്കുക.

*Manager,*

"നാരദർ"

ശ്രീ വിലാസ് പ്രസ്സ്, സെൻട്രൽ സ്റ്റേഷൻ റോഡ്,
തിരുവനന്തപുരം.


---

മാന്യവായനക്കാരുടെ ശ്രദ്ധയ്ക്കു്.

"സഹൃദയ"യുടെ നാലാംവാല്യം ഇതോടുകൂടി ആറുലക്കങ്ങളെലടങ്ങിയ മൂന്നു പുസ്തകങ്ങൾകൊണ്ടവസാനിച്ചിരിക്കുന്നു. ഇനിയും ഈ കൊല്ലം മുതൽ ഓരോലക്കവും അതാതു മാസത്തിൽ തന്നെ ഇറക്കുന്നതിനാണു് ഞങ്ങളുടെ ശ്രമം. അതിനു് മാന്യവരിക്കാരുടെ മനപൂർവ്വമായ സഹായം ലഭിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ

# തിരുനാൾ മംഗളാശംസ



ആരോ ദേവാലയങ്ങൾക്കകമലിവൊടധഃസ്ഥാനമാർന്നോരെയെല്ലാ-
മാരോഹിപ്പിച്ചപൂർവ്വപ്രശ്രയരനിമിഷംകൊണ്ടു കൈത്താരിലാക്കി
ആരോമാഞ്ചപ്രദാതാവതുലഗുണഗണാവാസമാസ്മാകസമ്പ-
ത്താരാമൽച്ചിത്രമന്നന്നരുളുണമഖിലാഭീഷ്ടമംഭോജനാഭൻ.

മഹാകവി ഉള്ളൂർ

ഉപനിഷദന്തഃ പ്രവിലസ-
ദനന്ത ധർമ്മ തത്ത്വസോപാനീഃ
ജയതു സുതഃ പാർവ്വത്യാ
ശ്ചൈത്രോത്സവ ദിവ്യശക്തിധ്വജ് നിത്യം.

ഡാക്ടർ കെ. ഗോദവർമ്മ എം. ഏ., പി. എച്ച്. ഡി (ലണ്ടൻ)

ലക്ഷ്മീവിഭ്രമദർപ്പണായിതമനാഃ ശേതേ ക്വ വിഷ്ണുർ വിഭുഃ
ശേഷേ, സോഽപി സഹസ്രശീർഷമഹിതഃ ക്വ, ക്ഷീരവാരാന്നിധൗ
ക്വ ക്ഷീരാംബുധിരദ്യ ചൈത്രനൃപതേരസ്ത്യന്തരംഗേ ഹ്യസൗ
തത്കല്ലോലകണൈർ വിതീർണ്ണവിഭവൈസ്തൃപ്യന്തു നിത്യം പ്രജാഃ

എൻ. ഗോപാലപിള്ള, എം. ഏ.

വിദ്യാവൈദ്യുതരശ്മയഃ പ്രചലിതാ യേന പ്രഭാശാലിനാ
വാമാചാരതമിസ്രരാശിരചിരാദുത്സാരിതോ ദൂരതഃ
ലോകാ വൃത്തിഷു ചോദിതാസ്സഹൃദയാശ്ചോന്മീലിതാ നിർഭരം
ഏതത്തന്മഹിതം മഹോ വിജയതാം ശ്രീചൈത്രകം ഭൂതയേ.

എൻ. കെ. രാമൻ പിള്ള എം. ഏ., ബി. എൽ

ആരാണീവഞ്ചിതൻ പ്രാഭവമുലകിലലം കാട്ടിടും കർണ്ണധാരൻ
ക്ഷീരാംഭോരാശികന്യാപതിയുടെ പരമാരാധകൻ പാരിലാരോ
പാരാവാരോപമം വേലയിലനിശമുഴന്നീടുവോനാരുപാർത്താ-
ലാരാജന്യാനപായാമൃതരുചി സുചിരം വെൽക ചിത്രാവനീന്ദ്രൻ.

വിദ്വാൻ സി. ഐ. ഗോപാലപിള്ള, എം. ഏ.

ധർമ്മോ യത്കുലദൈവതം കമലജാകാന്തോഽപി യസ്യാശ്രയഃ
സർവ്വാരാധിതചേരവംശതിലകോ യോ വഞ്ചിപുണ്യോച്ചയഃ
അസ്മദ്ഭാഗ്യസമുദ്ഭവഃ സ കരുണാസമായത്തലോകശ്ചിരം
ചിത്രാതാരക ബാലരാമനൃപതിർ ഭാഗ്യേന രാരാജ്യതാം.

ശൂരനാട്ടു കുഞ്ഞൻപിള്ള, എം. ഏ.

ആകല്പം സസുഖം ജയിക്ക നൃവരക്കാരാധ്യനെൻതമ്പുരാൻ
നാകാന്തം നലമാം യശസ്സു നിലകൊള്ളിയ്ക്കുന്ന ചിത്രർക്ഷജൻ
പാകം നോക്കി നിജപ്രജൌഘമനിശം കാത്തിങ്ങു നിത്യോത്സവം
ചേർക്കന്നീമലയാളനാട്ടു മലയാതെക്കാലവും നില്ക്കുവാൻ.

എസ്. എൻ. കൃഷ്ണപിള്ള എം. ഏ. എൽ. റ്റി.